بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

2005
ജനുവരി 20 – ഫെബ്രുവരി 20

1180 മകരം-കുംഭം
1425 ദുൽഹജ്ജ് -1426 മുഹറം
1384 സുൽഹ്-തബ്ലീഗ്

പുസ്തകം 5
ലക്കം 1
വില 10 രൂപ

SATHYAMITHRAM

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.

***Postal Address :***
**Editor/Manager**
**Sathyamithram Monthly**
**Ahmadiyya Muslim**
**Complex, Fort Road**
**Kannur-1**


**അറിയിപ്പ്**

സത്യമിത്രത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ ഉത്തരവാദിത്തം ലേഖകരിൽതന്നെ നിക്ഷിപ്തമായിരിക്കും. അവ സത്യമിത്രത്തിന്റെ വീക്ഷണമോ പാഠമോ ആയിക്കൊള്ളണമെന്നില്ല.
*-പത്രാധിപർ*

## വി ഷ യ വി വ രം


**ആമുഖം**
ഇനിയും കാത്തിരിക്കണോ? .......... 4

**യുഗനാദം**
അല്ലാഹുവിന്റെ ഇഷ്ടജനം ആർ? .......... 6
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**വിശുദ്ധ ഖുർആൻ**
സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം .......... 7


**ഖുത്വ്ബ**
തഹ്രീകെ ജദീദ്: ലഘുചരിത്രവും പുതുവർഷ വിളംബരവും .......... 12
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**ലേഖനം**
സുനാമി: ഖിയാമത്തിന്റെ കാഴ്ച .......... 20
എൻ. അബ്ദുർറഹീം
ഹസ്റത്ത് മുസ്ലീഹ് മൗഊദ്(റ) ഇസ്ലാമിന്റെ വീരപോരാളി .......... 24
എച്ച്. ശംസുദ്ദീൻ, കാവശ്ശേരി
മതനവീകരണത്തിലെ മാനവികതയും കുരിശുയുദ്ധത്തിലെ .......... 28
എച്ച്.ഇ. ഹഖ്
ഭാരവാഹിത്വം ഒരു അമാനത്ത് .......... 31
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**പഴയതാളുകളിൽനിന്ന്**
നല്ല ധനം .......... 33
മർഹും ബിംഎം കോയാസാഹിബ്

**ചരിത്രം**
ഒരു മസ്ജിദ് ഉയരട്ടെ .......... 36
ടി. രായു പ്രസിഡന്റ്, മുറിയക്കണ്ണി

**യാത്രാവിവരണം**
ജൽസാസാലാന എന്റെ ഓർമ്മകളിൽ .......... 37
ഡോ. ഇ.കെ. മുഹമ്മദ്, കോഴിക്കോട്
വഖ്ഫെ ജദീദ് .......... 39
വാർത്തകൾ, അറിയിപ്പുകൾ .......... 40
പത്രം പ്രതികരണം .......... 42
സഗീർ. എച്ച്.എസ്.

ആമുഖം

# ഇനിയും കാത്തിരിക്കണോ?

**നാം** 2005-ലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ പുതുവർഷം സർവ്വർക്കും അനുഗ്രഹീതപൂർണ്ണമായിരിക്കട്ടെ. എല്ലാ വായനക്കാർക്കും നവവത്സരാശംസകൾ.

ഇന്നേക്ക് നൂറുവർഷം മുമ്പ് അല്ലാഹുവിനാൽ അയക്കപ്പെട്ട വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമായ ഹസ്റത്ത് മിർസാഗുലാം അഹ്മദ്(അ) തന്റെ അനുചരർക്കു മുമ്പിൽ സമർപ്പിച്ച ഒരു സുപ്രധാന പദ്ധതിയാണ് 'അൽ വസിയ്യത്ത്'. തന്റെ ജീവനും ധനവും ദൈവമാർഗ്ഗത്തിൽ സമർപ്പണം ചെയ്ത് സ്വർഗ്ഗം കരസ്ഥമാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാഹുവിന്റെ ഇംഗിതപ്രകാരം ജീവിതം ചിട്ടപ്പെടുത്തുകയും ഭൗതികതയോടുള്ള അതിമോഹത്തിന്റെ തീവ്രത നശിപ്പിച്ച് ആത്മീയതയോട് അത്യന്തം കൂറുപുലർത്താൻ തീവ്രയത്നം നടത്തുകയും ചെയ്യുകവഴിയാണ് അത് കരഗതമാകുന്നത്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:

"***ഇന്നല്ലാഹ ശ്തറാ മിനൽ മുഅ്മിനീന അൻഫുസഹുംവ അംവാലഹും ബി അന്നലഹുമുൽ ജന്ന.***" (*9:111*)

'സ്വർഗ്ഗം പകരം നൽകാം' എന്ന വാഗ്ദാനപ്രകാരം അല്ലാഹു വിശ്വാസികളിൽനിന്ന് അവരുടെ ദേഹവും ധനവും വിലയ്ക്കു വാങ്ങിയിരിക്കുന്നു. ഈ സൂക്തത്തിൽ പറഞ്ഞ വില്പനയുടെ പ്രായോഗികവശമാണ് അൽ വസിയ്യത്തിലൂടെ നാം ചെയ്യുന്നത്. ഇഷ്ടപ്പെട്ട സ്വത്തിന്റെ $^1/_{10}$ മുതൽ $^1/_3$ വരെ ദൈവമാർഗ്ഗത്തിൽ വസിയ്യത്ത് ചെയ്യുന്നതോടൊപ്പം വളരെ സാത്വികമായ പരിശുദ്ധജീവിതം നയിക്കാൻ ഇതിലെ അംഗങ്ങൾ നിർബന്ധിതരാവുകയാണ്. അൽപം പ്രയാസപ്പെട്ടാൽ അനന്തമായ അനുഗ്രഹത്തിന്റെ അവകാശികളായി അവർക്ക് മാറാം.

2004-ലെ യു.കെ. ജൽസയുടെ സമാപന പ്രസംഗത്തിൽ അമീറുൽ മുഅ്മിനീൻ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ഇപ്രകാരം തന്റെ ഹൃദയാഭിലാഷം പ്രകടിപ്പിക്കുകയുണ്ടായി.

"1905-ലാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ പദ്ധതി സ്ഥാപിച്ചത്. 2005-ൽ ഇതിന് നൂറുവർഷം തികയുകയാണ്. നിങ്ങളുടെ ജീവിതം പരിശുദ്ധമാക്കുന്നതിനും നിങ്ങളുടെ തലമുറയുടെ ജീവിതം പരിശുദ്ധമാക്കുന്നതിനും വേണ്ടി ഈ ദൈവികപദ്ധതിയിൽ നിങ്ങൾ പങ്കുചേരണമെന്ന് ഞാനാഗ്രഹിക്കുന്നു. മുന്നോട്ടുവരിക. കുറഞ്ഞത് 15,000 പുതിയ വസിയ്യത്തുകൾ ഈ വർഷം ഉണ്ടാകേണ്ടതാണ്. അല്ലാഹുവിന്റെ മസീഹിന്റെ ഉപദേശത്തിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ത്യാഗത്തിന്റെ ഉന്നതനില സ്ഥാപിച്ച സത്യവിശ്വാസികൾ രംഗത്ത് വന്നുവെന്ന് നമുക്ക് പറയാൻ കഴിയണം."

ഹുസൂർ തന്റെ മറ്റൊരാഗ്രഹം കൂടി ഇപ്രകാരം വിവരിക്കുകയുണ്ടായി.

"മറ്റൊരാഗ്രഹംകൂടി എനിക്കുണ്ട്. ഇൻശാഅല്ലാഹ്. 2008-ൽ ഖിലാഫത്തിന് നൂറുവർഷം തികയുകയാണ്. ഖിലാഫത്തിന്റെ ശതവാർഷിക ജൂബിലി അപ്പോൾ ആഘോഷിക്കുന്നതായിരിക്കും. (ഇൻശാഅല്ലാഹ്) 2008-ൽ ഖിലാഫത്തിന് നൂറുവർഷം തികയുമ്പോൾ ലോകത്തെ ഓരോ രാജ്യത്തേയും, ഓരോ ജമാഅത്തിലും, വരുമാനമുള്ളവരിൽ കുറഞ്ഞത് അമ്പത്ശതമാനം ആളുകൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മഹത്തായ വ്യവസ്ഥിതിയിൽ പങ്കുചേർന്നിട്ടുണ്ടാവണം. റൂഹാനിയ്യത്ത് വർദ്ധിപ്പിക്കുന്നവരും ത്യാഗത്തിന്റെ ഉന്നതമായനില നിലനിർത്തുന്നവരുമായിത്തീർന്നിട്ടുണ്ടാവണം. ഖിലാഫത്തിന് നൂറുവർഷം തികയുന്ന സന്തോഷാവസരത്തിൽ ജമാഅത്തിന്റെ വകയായി അല്ലാഹുവിന്റെ തിരുസന്നിധിയിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് സമർപ്പിക്കുന്ന ഒരു എളിയ കാണിക്കയാ

യിരിക്കും ഇത്. അതുകൊണ്ട് ഖുദ്ദാമുൽ അഹ്മദിയ്യാ, അൻസാറുല്ലാഹ് സഫെദോം (40 മുതൽ 55 വയസ്സുവരെയുള്ളവർ) ലജ്ന ഇമാഇല്ലാഹ് എന്നിവർ ഇതിൽ അധികമായി പങ്കുചേരേണ്ടതാണ്. സ്ത്രീകളോട് പ്രത്യേകമായും ഞാൻ പറയുകയാണ്. നിങ്ങൾ വസിയ്യത്ത് ചെയ്യുന്നതിനോടൊപ്പം നിങ്ങളുടെ ഭർത്താക്കന്മാരേയും മക്കളേയും ഈ മഹത്തായ വിപ്ലവ വ്യവസ്ഥിതിയിൽ പങ്കു ചേർക്കാൻ ശ്രമിക്കുക."

ഇവിടെ അല്ലാഹുവിന്റെ മുമ്പിൽ ഒരു കാണിക്ക സമർപ്പിക്കാൻ ഹുസൂർ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു. ആ കാണിക്ക നൽകേണ്ടത് ആരാണ്? അമീറുൽ മുഅ്മിനീന്റെ കൈകളിൽ ബൈഅത്ത് ചെയ്തവർതന്നെ. ആപത്തുകൾ അടിക്കടി വന്നുകൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും സുനാമികളും മറ്റും മറ്റും നാട്ടിനേയും നാട്ടാരേയും നടുക്കിക്കൊണ്ടിരിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇതുസംബന്ധമായി പറഞ്ഞ ചുവടെചേർക്കുന്ന വരികൾകൂടി ഒന്നു ശ്രദ്ധയോടെ വായിക്കൂ. എന്നിട്ട് അൽപമൊന്ന് ചിന്തിക്കൂ! ഇനിയും കാത്തിരിക്കണോ?!


ഹസ്റത്ത് മസീഹ് മൗഊദ്(അ) അൽവസിയ്യത്ത് പദ്ധതി വിവരിച്ചതിനുശേഷം അവസാനമായി പറയുന്നു.

"ആപത്തുകളുടെ നാളുകൾ അടുത്തെത്തിയിരിക്കുന്നു. ഭൂമിയെ അടിമേൽ മറിക്കുന്ന ഒരു വൻഭൂകമ്പം അടുത്തുതന്നെ സംഭവിക്കാനിരിക്കുന്നു. അതുകൊണ്ട് ശിക്ഷ കാണുന്നതിനു മുമ്പേ, ലൗകികാസക്തി കൈവെടിഞ്ഞവരാണെന്ന് തെളിയിച്ചു കാണിക്കുന്നവരും അപ്രകാരംതന്നെ എന്റെ കല്പനകളെ എങ്ങനെയാണ് നിറവേറ്റിയതെന്ന് തെളിയിച്ചുകാണിക്കുന്നവരും മാത്രമാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ യഥാർത്ഥ വിശ്വാസികൾ. അവർ അവന്റെ പട്ടികയിൽ ***സാബിഖൂനൽ അവ്വലൂൻ*** എന്ന് എഴുതപ്പെടുകയും ചെയ്യും. ഞാൻ സത്യമായും പറയുന്നു ദുൻയാവിനെ സ്നേഹിച്ച് ഈ കല്പനയെ ധിക്കരിച്ചുതള്ളിയ ഒരു കപടവിശ്വാസി ശിക്ഷയുടെ നേരത്ത് ഹാ, എന്റെ എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളും ദൈവമാർഗ്ഗത്തിൽ അർപ്പിച്ച് ഈ ശിക്ഷയിൽനിന്ന് രക്ഷപ്പെടുമാറായെങ്കിൽ എത്ര നന്നായേനെ എന്ന് വിലപിച്ചു പറയുന്നനാൾ ഇതാ വളരെ അടുത്തെത്തിയിരിക്കുന്നു. ഓർത്തുകൊള്ളുക. ശിക്ഷ കണ്ടതിനുശേഷമുള്ള വിശ്വാസം നിരർത്ഥകമാണ്. ദാനധർമ്മങ്ങൾ നിഷ്ഫലങ്ങളും. നോക്കൂ! വളരെ അടുത്തെത്തിയിരിക്കുന്ന വിപത്തിനെ കുറിച്ചാണ് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നത്. നിങ്ങൾക്ക് ഉപകരിക്കുന്ന പാഥേയം വളരെ വേഗം സ്വരൂപിച്ചുകൊള്ളുക. നിങ്ങളിൽനിന്ന് എന്തെങ്കിലും പണം വാങ്ങണമെന്നോ എന്റെ അധീനത്തിലാക്കണമെന്നോ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ നിങ്ങൾ ദീനിന്റെ പ്രചാരണത്തിനുവേണ്ടി നിങ്ങളുടെ മുതൽ ഒരു അഞ്ചുമനെ ഏൽപ്പിച്ചുകൊടുക്കുന്നപക്ഷം നിങ്ങൾക്ക് സ്വർഗ്ഗീയജീവിതം പ്രാപ്യമാകുന്നതാണ്. ദുൻയാവിനെ സ്നേഹിച്ച് എന്റെ കല്പനയെ തള്ളിക്കളയുന്നവരായിരിക്കും മിക്കവരും. എന്നാൽ അവർ വളരെ വേഗം ദുൻയാവിൽനിന്ന് വേർപ്പെടുത്തപ്പെടും. അപ്പോൾ അവസാനവേളയിൽ അവർ പറയും.

'***ഹാദാ മാ വഅദർറഹ്മാനു വ സ്വദഖൽ മുർസലൂൻ***' അതായത്, ഇതായിരുന്നു പരമകാരുണികൻ വാഗ്ദാനം ചെയ്തിരുന്നത്. അല്ലാഹുവിന്റെ ദൂതന്മാർ പറഞ്ഞത് സത്യമായി പുലർന്നു.

അതുകൊണ്ട് ചിന്തിക്കുക, ഇതുവരെ ഉണ്ടായിക്കഴിഞ്ഞിട്ടുള്ള കുറവുകളിലും അലസതകളിലും ഇസ്തിഗ്ഫാർ ചെയ്യുക. മുന്നോട്ടുകുതിക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളിക്ക് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് എത്രയും വേഗം ഈ വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കാളികളാവുക. നിങ്ങളേയും രക്ഷിക്കുക. നിങ്ങളുടെ തലമുറകളേയും രക്ഷിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്തിൽ ഭാഗഭാക്കാകുകയും ചെയ്യുക. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

●





# അല്ലാഹുവിന്റെ ഇഷ്ടജനം ആർ?

**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**നോ**ക്കൂ, ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു. ദീനിന്റെ കൂടെ ലേശം ദുൻയാവിനേയും കൂട്ടികുഴയ്ക്കുന്നവൻ നാശമടഞ്ഞവനാണ്. ആരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മുഴുവനും അല്ലാഹുവിന് വേണ്ടിയല്ലാതെ ചിലത് അല്ലാഹുവിനും ചിലത് ദുൻയാവിനും വേണ്ടിയായിരിക്കുന്നുവോ അയാൾ നരകത്തിന്റെ സമീപത്താകുന്നു. നിങ്ങൾ നിങ്ങളുടെ ലക്ഷ്യങ്ങളിൽ ഒരണുവെങ്കിലും ലൗകികത കൂട്ടിക്കലർത്തുന്ന പക്ഷം നിങ്ങളുടെ എല്ലാ ആരാധനകളും വ്യർത്ഥമാണ്. ഈ നിലയിൽ നിങ്ങൾ അല്ലാഹുവിനെയല്ല, ശെയ്ത്താനെയാകും അനുസരിക്കുന്നത്. അത്തരം ഒരവസ്ഥയിൽ അല്ലാഹു നിങ്ങളെ സഹായിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. മറിച്ച് നിങ്ങൾ ആ അവസ്ഥയിൽ ഭൂമിയുടെ കീടങ്ങളായിരിക്കും. കീടങ്ങൾ നശിച്ചൊടുങ്ങുന്നതുപോലെ നിങ്ങളും ഏതാനും നാളുകൾകൊണ്ട് നശിച്ചുപോകും. നിങ്ങളിൽ അല്ലാഹു ഉണ്ടായിരിക്കുകയില്ല. എന്നുമാത്രമല്ല നിങ്ങളെ നശിപ്പിച്ചുകൊണ്ട് അല്ലാഹു സന്തുഷ്ടനായിത്തീരും. എന്നാൽ, നിങ്ങൾ നിങ്ങളുടെ ആത്മാവിൽ യഥാർത്ഥത്തിലുള്ള മരണം വരിക്കുകയാണെങ്കിൽ അപ്പോൾ നിങ്ങൾ അല്ലാഹുവിൽ വെളിപ്പെടുന്നതാണ്. അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്യും. നിങ്ങൾ വസിക്കുന്ന ഗൃഹം അനുഗ്രഹപൂർണ്ണമായിരിക്കും. നിങ്ങളുടെ വീടിന്റെ ഭിത്തികളിൽ അല്ലാഹുവിനന്റെ കാരുണ്യം വർഷിച്ചുകൊണ്ടിരിക്കും. അത്തരം ഒരാൾ വസിക്കുന്ന പട്ടണവും അനുഗൃഹീതമായിത്തീരും. നിങ്ങളുടെ ജീവിതവും നിങ്ങളുടെ മരണവും നിങ്ങളുടെ ഓരോ ചലനവും നിങ്ങളുടെ സൗമ്യതയും നിങ്ങളുടെ രൂക്ഷതയുമെല്ലാം അല്ലാഹുവിനുവേണ്ടി മാത്രമുള്ളതായിരിക്കുകയും ഓരോ യാതനയുടേയും കഷ്ടപ്പാടിന്റേയും ഘട്ടത്തിൽനിന്ന് അല്ലാഹുവിനെ പരീക്ഷിക്കാൻ മുതിരാതേയും അവനുമായുള്ള ബന്ധം വിച്ഛേദിക്കാതെയും മുന്നോട്ടുതന്നെ കാൽവയ്ക്കുകയാണെങ്കിൽ, ഞാൻ സത്യമായും നിങ്ങളോടു പറയുന്നു: നിങ്ങൾ അല്ലാഹുവിന്റെ ഒരു പ്രത്യേക ജനമായി മാറുന്നതാണ്....ഞാൻ നിങ്ങൾക്ക് സുവാർത്ത അറിയിച്ചുകൊള്ളട്ടെ! അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനുള്ള മൈതാനം ഒഴിഞ്ഞുകിടക്കുന്നു. എല്ലാ ഓരോ ജനതയും ദുൻയാവിനെയാണ് സ്നേഹിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു ഏതൊന്നിൽ തൃപ്തനായിരിക്കുന്നുവോ അതിലേക്ക് ലോകത്തിന് ശ്രദ്ധയില്ല. ഈ കവാടത്തിലൂടെ കടക്കാൻ സകലശക്തി സാധനകളോടുകൂടി ആഗ്രഹിക്കുന്നവരാരോ അവർക്ക് തങ്ങളുടെ കഴിവ് കാണിക്കാനും അല്ലാഹുവിൽനിന്ന് പ്രത്യേകമായ സമ്മാനം നേടാനുമുള്ള അവസരമാണിത്. അല്ലാഹു നിങ്ങളെ നഷ്ടപ്പെടുത്തിക്കളയുമെന്ന് നിങ്ങൾ കരുതരുത്. നിങ്ങൾ അല്ലാഹുവിന്റെ കയ്യാൽ ഭൂമിയിൽ നടപ്പെട്ട ഒരു ബീജമാകുന്നു. ഈ ബീജം മുളക്കുകയും വളരുകയും നാനാഭാഗങ്ങളിലും ശാഖോപശാഖകളായി പടരുകയും ഒരു വൻവൃക്ഷമായിത്തീരുകയും ചെയ്യുമെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ വിധിയിൽ വിശ്വാസം പുലർത്തുകയും ഇടയ്ക്കുവെച്ചുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതർ! എന്തുകൊണ്ടെന്നാൽ തങ്ങളുടെ ബയ്അത്തിൽ– അനുസരണപ്രതിജ്ഞയിൽ ആരൊക്കെയാണ് സത്യവാൻമാരെന്നും ആരൊക്കെയാണ് കപടന്മാരെന്നും വേർതിരിക്കപ്പെടുന്നതിനായി പരീക്ഷണങ്ങൾ വരേണ്ടതും ആവശ്യമാകുന്നു. ഏതെങ്കിലും പരീക്ഷണങ്ങളിൽ ഇടറിപ്പോകുന്നവൻ അല്ലാഹുവിന് ഒരു നഷ്ടവും വരുത്തുന്നില്ല. നിർഭാഗ്യത അവനെ നരകത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. അവൻ ജനിച്ചില്ലായിരുന്നെങ്കിൽ അവന് എത്ര നന്നായിരുന്നു. എന്നാൽ, ആപത്തുകളുടെ ഭൂകമ്പങ്ങളെതന്നെ അഭിമുഖീകരിക്കേണ്ടി വന്നാലും വിപത്തുകളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും ജനങ്ങളിൽനിന്ന് അങ്ങേയറ്റത്തെ പരിഹാസ ശകാരങ്ങളും അവഹേളനങ്ങളും ഏൽക്കേണ്ടിവന്നാലും ലോകർ തങ്ങളോടു കഠിനമായ വെറുപ്പോടെ പെരുമാറിയാലും, അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവരെല്ലാം അവസാനം വിജയശ്രീലാളിതരായിത്തീരുന്നതാണ്. അനുഗ്രഹങ്ങളുടെ വാതിലുകളെല്ലാം അവർക്കായിട്ട് തുറക്കപ്പെടും. (*അൽവസിയ്യത്ത്*)

•

# സൂറത്തുൽ ബഖറ

(aZo\ bnÂ AhXcn¨ A ²ymbw)

## അർത്ഥം, വ്യാഖ്യാനം

ثُمَّ أَنتُمْ هَٰؤُلَاءِ تَقْتُلُونَ أَنفُسَكُمْ
وَتُخْرِجُونَ فَرِيقًا مِّنكُم مِّن
دِيَارِهِمْ تَظَاهَرُونَ عَلَيْهِم بِالْإِثْمِ
وَالْعُدْوَانِ وَإِن يَأْتُوكُمْ أُسَارَىٰ
تُفَادُوهُمْ وَهُوَ مُحَرَّمٌ عَلَيْكُمْ
إِخْرَاجُهُمْ ۚ أَفَتُؤْمِنُونَ بِبَعْضِ الْكِتَابِ
وَتَكْفُرُونَ بِبَعْضٍ ۚ فَمَا جَزَاءُ مَن
يَفْعَلُ ذَٰلِكَ مِنكُمْ إِلَّا خِزْيٌ فِي الْحَيَاةِ
الدُّنْيَا ۖ وَيَوْمَ الْقِيَامَةِ يُرَدُّونَ إِلَىٰ أَشَدِّ
الْعَذَابِ ۗ وَمَا اللَّهُ بِغَافِلٍ عَمَّا تَعْمَلُونَ ﴿٨٥﴾

**86. "പിന്നെ നിങ്ങളിതാ പരസ്പരം കൊലനടത്തുകയും നിങ്ങളിലൊരുകൂട്ടർക്കെതിരായി പാപമായും അക്രമമായും അന്യോന്യം സഹകരിച്ചുകൊണ്ട് അവരെ അവരുടെ ഭവനങ്ങളിൽനിന്ന് (നിങ്ങൾ) പുറത്താക്കുകയും ചെയ്യുന്നു. അവർ തടവുകാരായി നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങളവരെ മോചനമൂല്യം നൽകി രക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ, അവരെ ബഹിഷ്കരിക്കുന്നത് നിങ്ങൾക്ക് വിരോധിക്കപ്പെട്ടിട്ടുള്ളതാണ്. അപ്പോൾ, നിങ്ങൾ ഗ്രന്ഥത്തിൽനിന്ന് ചില ഭാഗം വിശ്വസിക്കുകയും ചിലത് അവിശ്വസിക്കുകയുമാണോ ചെയ്യുന്നത്? എന്നാൽ, നിങ്ങളിൽ ആരത് ചെയ്യുന്നുവോ അവർക്ക് ഐഹികജീവിതത്തിൽ അപമാനമല്ലാതെ മറ്റെന്താണ് പ്രതിഫലം? പുനരുത്ഥാന നാളിലാകട്ടെ അവർ അതികഠിനമായ ശിക്ഷയിലേക്ക് തള്ളപ്പെടുന്നതുമാണ്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ഒരിക്കലും അശ്രദ്ധനല്ല"**

*പദാർത്ഥം*

ثُمَّ أَنتُمْ പിന്നെയും നിങ്ങൾ هَٰؤُلَاءِ ഇങ്ങനെയുള്ളവരാണ് تَقْتُلُونَ നിങ്ങൾ കൊല്ലുന്നു أَنفُسَكُمْ നിങ്ങളെത്തന്നെ, നിങ്ങൾ പരസ്പരം وَتُخْرِجُونَ നിങ്ങൾ പുറത്താക്കുകയും ചെയ്യുന്നു فَرِيقًا مِّنكُم നിങ്ങളിൽനിന്നുള്ള ഒരുകൂട്ടരെ مِّن دِيَارِهِمْ അവരുടെ ഭവനങ്ങളിൽനിന്ന് تَظَاهَرُونَ عَلَيْهِم നിങ്ങൾ അവർക്കെതിരിൽ അന്യോന്യം സഹകരിച്ചുകൊണ്ട് بِالْإِثْمِ പാപം മുഖേനയും وَالْعُدْوَانِ അക്രമമായും وَإِن يَأْتُوكُمْ അവർ നിങ്ങളുടെ അടുക്കൽ വന്നാലോ أُسَارَىٰ തടവുകാരായി تُفَادُوهُمْ നിങ്ങൾ അവർക്ക് മോചനമൂല്യം നൽകുന്നു. وَهُوَ ആ കാര്യം مُحَرَّمٌ عَلَيْكُمْ നിങ്ങൾക്ക് വിരോധിക്കപ്പെട്ടിട്ടുള്ളതാണ്. إِخْرَاجُهُمْ അവരെ പുറത്താക്കൽ (അവരെ ബഹിഷ്കരിക്കൽ) أَفَتُؤْمِنُونَ അപ്പോൾ നിങ്ങൾ വിശ്വസിക്കുകയാണോ بِبَعْضِ الْكِتَابِ ഗ്രന്ഥത്തിൽനിന്ന് ചില ഭാഗം وَتَكْفُرُونَ بِبَعْضٍ ചില ഭാഗങ്ങൾ

നിങ്ങൾ അവിശ്വസിക്കുകയാണോ? എന്നാൽ ഇല്ല. جَزَاءُ പ്രതിഫലം مَنْ يَفْعَلُ ذَلِكَ مِنْكُمْ നിങ്ങളിൽനിന്ന് ആര് അത് ചെയ്യുന്നുവോ إِلَّا خِزْيٌ അപമാനമല്ലാതെ فِي الْحَيَاةِ الدُّنْيَا ഐഹികജീവിതത്തിൽ وَيَوْمَ الْقِيَامَةِ പുനരുത്ഥാനനാളിലാകട്ടെ يُرَدُّونَ അവർ തള്ളപ്പെടുന്നതാണ് (അവർ മടക്കപ്പെടുന്നതാണ്) إِلَىٰ أَشَدِّ الْعَذَابِ അതികഠിനമായ ശിക്ഷയിലേക്ക് وَمَا اللَّهُ അല്ലാഹു അല്ലതാനും بِغَافِلٍ അശ്രദ്ധൻ عَمَّا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച്.

---

**വ്യാഖ്യാനം**

വേദഗ്രന്ഥത്തോടുള്ള യഹൂദികളുടെ ധിക്കാരപരമായ പ്രവർത്തനങ്ങളെയാണ് ഈ ആയത്തിൽ അല്ലാഹു പ്രതിപാദിക്കുന്നത്. പരസ്പരം യുദ്ധം ചെയ്യരുതെന്നും സ്വന്തം ജനത്തെ വീടുകളിൽനിന്ന് പുറത്താക്കരുതെന്നും തൗറാത്തിൽ അവരോട് കല്പിക്കപ്പെട്ടിരുന്നതാണ്. വീടുകളിൽനിന്ന് പുറത്താക്കുക എന്നതിന്റെ ഉദ്ദേശ്യം നാടുകടത്തുകയോ അടിമകളാക്കിവെക്കുകയോ ചെയ്യുക എന്നാണ്. അടിമകൾ മറ്റുള്ളവരുടെ കീഴിലായിരിക്കുമല്ലോ. മാത്രമല്ല യജമാനൻ എവിടെയാണോ ഉദ്ദേശിക്കുന്നത് അവിടേക്ക് അവരെ കൊണ്ടുപോവുകയും ചെയ്യും. അതുകൊണ്ട് മറ്റ് ഖുർആനികവചനങ്ങൾ പരിശോധിച്ചാൽ വീട്ടിൽ നിന്നും പുറത്താക്കുക എന്നതിന്റെ ഉദ്ദേശ്യം അവരെ അടിമകളാക്കിവെക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത് എന്ന് മനസ്സിലാകുന്നു. തൗറാത്തിലെ പുറപ്പാട് പുസ്തകത്തിൽ, 20:13-ൽ പരസ്പരം കൊല നടത്തരുതെന്ന അദ്ധ്യാപനം നമുക്ക് കാണാം. ഇതുപോലെ ഒരു ജൂതനേയും അടിമയാക്കാൻ പാടില്ലെന്ന നിർദ്ദേശം ലേവ്യർപുസ്തകത്തിലും (*25:39-41*) കാണാം. എന്നാൽ പരസ്പരം യുദ്ധം ചെയ്യരുതെന്ന കല്പന യഹൂദികൾ ധിക്കരിക്കുകയും ഒരു യഹൂദിയേയും അടിമയാക്കി വെക്കരുതെന്ന നിർദ്ദേശം അവർ നടപ്പിൽ വരുത്തുകയും ചെയ്തു.

റസൂൽ(സ.അ) തിരുമേനി മദീനയിൽ വരുന്നതിനു മുമ്പ് അവിടെ ഔസ്, ഖദ്റജ് എന്നീ രണ്ട് ഗോത്രങ്ങളാണ് ഉണ്ടായിരുന്നത്. ഈ രണ്ടുപേരും ബഹുദൈവ വിശ്വാസികളായിരുന്നു. അവർ പരസ്പരം യുദ്ധം ചെയ്തുകൊണ്ടിരുന്നു. തൗറാത്തിൽ പ്രവചിക്കപ്പെട്ട 'ആ പ്രവാചകൻ' മദീനയിൽ പ്രത്യക്ഷപ്പെടും എന്ന കണക്കുകൂട്ടലിലൂടെ യഹൂദികളുടെ ബനുഖുറൈദ, ബനൂകൈനുഖാഅ്, ബനുനദീർ എന്നീ മൂന്ന് ഗോത്രങ്ങൾ മദീനയിൽ വന്ന് താമസിക്കാൻ തുടങ്ങി. മദീനയിലുള്ള രണ്ടു ഗോത്രങ്ങളിൽ ഏതെങ്കിലും ഒന്നുമായി സഖ്യമുണ്ടാക്കിയാൽ മാത്രമേ ആ കാലത്ത് നിലനിൽപുള്ളൂ എന്ന കാര്യവും അവർക്കറിയാമായിരുന്നു. ഔസും ഖദ്റജും പരസ്പരം പോർവിളി മുഴക്കിക്കൊണ്ടിരുന്നതിനാൽ അവർ യഹൂദിഗോത്രങ്ങളുമായി ഉടമ്പടിയുണ്ടാക്കി. അങ്ങനെ ബനൂഖൈനുക്കാഅ്, ബനു ഖുറൈദ എന്നീ രണ്ട് യഹൂദഗോത്രങ്ങൾ ഔസ് ഗോത്രവുമായും ബനൂനദീർ, ഖദ്റജ് ഗോത്രവുമായും സഖ്യമുണ്ടാക്കി. ഔസും ഖദ്റജും തമ്മിൽ യുദ്ധം ചെയ്യുമ്പോൾ അവരോടൊപ്പമുള്ള യഹൂദികളും ഇരുവശത്തും നിന്ന് പരസ്പരം യുദ്ധം ചെയ്യാൻ നിർബന്ധിതരായി. അങ്ങനെ പരസ്പരമുള്ള ഈ ഏറ്റുമുട്ടലിലൂടെ അക്ഷരാർത്ഥത്തിൽ തൗറാത്തിന്റെ കല്പന ലംഘിക്കുന്നവരായി അവർ മാറി. ഈ സംഭവമാണ് വിശുദ്ധഖുർആൻ ഇവിടെ എടുത്തുപറയുന്നത്. നിങ്ങളോട് പരസ്പരം യുദ്ധം ചെയ്യരുതെന്ന് കല്പിച്ചിരുന്നു. പക്ഷെ, നിങ്ങളത് ധിക്കരിക്കുകയാണുണ്ടായത്.

ഇതുപോലെ യുദ്ധത്തിലെ വിജയികൾ പരാജിത സൈന്യത്തിലെ ആളുകളെ തടവുകാരാക്കുന്നത് സ്വാഭാവികമാണ്. അങ്ങനെ യഹൂദികൾതന്നെ യഹൂദികളെ അടിമകളാക്കി വെക്കുന്ന സ്ഥിതി സംജാതമായി. ഇങ്ങനെ അടിമകളാക്കി വെക്കുക എന്നതും അവർക്ക് വിരോധിച്ചിട്ടുള്ളതാണ്. എന്നാൽ അടിമകളാക്കി വെക്കരുതെന്ന കല്പനയെ പാലിക്കുന്നതിനായി അവർ മോചനമൂല്യത്തിന്നാവശ്യമായ പണം യഹൂദികളിൽനിന്നും ശേഖരിച്ച് അവരിലെതന്നെ യഹൂദികളായ അടിമകളെ മോചനമൂല്യം നൽകി സ്വതന്ത്രരാക്കും. അങ്ങനെ അവർ പരസ്പരം യുദ്ധം ചെയ്യരുതെന്ന ഗ്രന്ഥത്തിലെ ഒരുഭാഗം നിഷേധിക്കുകയും അടിമകളാക്കി വെക്കരുതെന്ന ഭാഗം വിശ്വസിക്കുകയും ചെയ്യുന്നു. ഇത് ശരിയായ രീതിയല്ല എന്ന് അല്ലാഹു ഇവിടെ പറയുന്നു. ഇതിന് ഈ ലോകത്ത് അപമാനവും പരലോകത്ത് കഠിനമായ ശിക്ഷയും അവർക്ക് ലഭിക്കുന്നതാണ്.

യഹൂദികളുടെ ഈ സംഭവം വിവരിച്ചുകൊണ്ട് മനുഷ്യരിൽ പൊതുവെ കണ്ടുവരുന്ന വിനാശകരമായ രോഗത്തെയാണ് അല്ലാഹു ഇവിടെ എടുത്തുപറയുന്നത്. ഓരോരുത്തരും അവനവന്റെ ഇഷ്ടമനുസരിച്ച് മതത്തിന്റെ അദ്ധ്യാപനങ്ങളെ വ്യാഖ്യാനിക്കുന്നു. ചിലർ ചില കല്പനകളെ വളരെ ഗൗരവത്തോടെ എടുക്കും. മറ്റു കല്പനകളെ ലാഘവത്തോടെ കാണുകയും ചെയ്യുന്നു. നമസ്കാരത്തിന് വലിയ പ്രാധാന്യം നൽകുന്നവരെ നിങ്ങൾക്ക് കാണാം. അവർ നോമ്പിനോ സക്കാത്തിനോ ഹജ്ജിനോ അത്ര പ്രാധാന്യം നൽകുകയില്ല. മറ്റുചിലർ നോമ്പിന് വലിയ പ്രാധാന്യം നൽകുന്നു. എന്നാൽ നമസ്കാരത്തിന് തീരെ പ്രാധാന്യം നൽകില്ല. ചിലർ ഹജ്ജിന് പോകുമ്പോൾപോലും നമസ്കാരത്തിൽ അത്ര ശ്രദ്ധിക്കാത്തവരായി കാണാം. ഇങ്ങനെയുള്ളവർ അവർക്കിഷ്ടമുള്ള കല്പന പൊക്കിപിടിച്ച് ഇതിനാണ് പ്രാധാന്യം നൽകേണ്ടതെന്ന് വാദിക്കുന്നു. സത്യത്തിൽ ഇക്കൂട്ടർ അടിസ്ഥാനപരമായ ഒരു വസ്തുതയാണ് മറക്കുന്നത്. വിശുദ്ധഖുർആനി

ലുള്ള ഓരോ കല്പനയും അല്ലാഹുവിന്റേതാണ്. നമസ്കരിക്കാൻ പറഞ്ഞ അതേ അല്ലാഹുതന്നെയാണ് അവരോട് നോമ്പെടുക്കാനും സക്കാത്ത് കൊടുക്കാനും ഹജ്ജ് ചെയ്യാനും പറഞ്ഞത്. ചിലർ സ്രഷ്ടാവിനോടുള്ള കടമ നിറവേറ്റുന്നതിൽ വളരെ ശ്രദ്ധകാണിക്കും. എന്നാൽ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിൽ അലസരായിരിക്കും എന്നുമാത്രമല്ല ചിലപ്പോൾ സൃഷ്ടികളോടുള്ള അവകാശങ്ങൾ ഹനിക്കുന്നവരുമായിരിക്കും. എന്നാൽ സ്രഷ്ടാവിനോടുള്ള കടമകൾ നിറവേറ്റാൻപറഞ്ഞ അതേ ഗ്രന്ഥത്തിൽതന്നെയാണ് സൃഷ്ടികളോടുള്ള കടമയും നിറവേറ്റാൻ പറഞ്ഞതെന്ന കാര്യം ഇക്കൂട്ടർ മറന്നുപോകുന്നു. ഇവർ ഗ്രന്ഥത്തിന്റെ ഒരുഭാഗം വിശ്വസിക്കുകയും മറ്റൊരു ഭാഗം തിരസ്കരിക്കുകയും ചെയ്യുന്നവരാണ്. ഇവർക്ക് ദൈവത്തിന്റെ പക്കൽ കഠിനമായ ശിക്ഷയാണുള്ളത് എന്ന മുന്നറിയിപ്പാണ് ഈ വചനത്തിലൂടെ അല്ലാഹു നമുക്ക് നൽകുന്നത്.

അനുസരണം എന്നത് പൂർണ്ണമായ രൂപത്തിലായിരിക്കണം. തനിക്ക് ഇഷ്ടമുള്ളത് താൻ സ്വീകരിച്ചു. ഇഷ്ടമില്ലാത്തത് തള്ളിക്കളഞ്ഞു എന്നത് അനുസരണമല്ല. എന്തുവില കൊടുത്തും എല്ലാ കല്പനകളും അംഗീകരിക്കലാണ് യഥാർത്ഥത്തിലുള്ള അനുസരണം. തന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് അവിടെ ഒരു വിലയുമില്ല. അല്ലാഹുവിന്റെ പ്രീതി ഒന്നുമാത്രമായിരിക്കണം അവന്റെ ലക്ഷ്യം. ഈ വചനത്തിലൂടെ മുസ്ലിംകൾക്ക് അല്ലാഹു നൽകുന്ന താക്കീത് നിങ്ങൾ ജൂതരെപ്പോലെ ആകരുതെന്നാണ്. എന്നാൽ മുസ്ലിംകൾ വിശുദ്ധ ഖുർആന്റെ ചില കല്പനകളെ അവഗണിച്ചതിന്റെ ഫലമായി ഇന്നും സാമൂഹികമായി അതിന്റെ തിക്തഫലം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അബ്ബാസിയ്യാ ഖിലാഫത്തിനെ നശിപ്പിക്കാൻ സ്പെയിൻ ഭരിച്ചിരുന്ന മുസ്ലിം രാഷ്ട്രം കൂട്ടുപിടിച്ചത് റോമിലെ ക്രിസ്തീയ രാജാവിനെയായിരുന്നു. ഇതുപോലെ തിരിച്ച് സ്പെയിനിലെ മുസ്ലിം ഭരണാധികാരിയെ ആക്രമിക്കാൻ അബ്ബാസിയ്യാ ഭരണകൂടം സഹായം തേടിയത് ഫ്രാൻസിനോടായിരുന്നു. അങ്ങനെയുള്ള കാര്യങ്ങളിൽ അന്യോന്യം കൂട്ടുപിടിക്കരുതെന്ന വിശുദ്ധഖുർആന്റെ പാഠം അവർ വിസ്മരിച്ചു. അതിന്റെ തുടർച്ചയാണ് മുസ്ലിംലോകം നേരിടുന്ന അവഹേളനങ്ങളും നിന്ദ്യതയും. ഇതുപോലെ ഇന്ന് ഗൾഫ് പ്രതിസന്ധി വന്നപ്പോൾ ഇറാഖിനെ നേരിടാൻ മുസ്ലിം രാഷ്ട്രങ്ങൾ സഹായം തേടിയത് അമേരിക്കയോടാണ്. ഇപ്പോൾ മുസ്ലിം ലോകത്തിന്റെ അവസ്ഥ എന്താണ്? ഈ ദുനിയാവിൽ നിന്ദ്യതയല്ലാതെ മറ്റെന്തെങ്കിലും ഇന്ന് മുസ്ലിംകൾക്ക് ലഭിക്കുവാനുണ്ടോ? ചിന്തിക്കുക!

أُولَٰئِكَ الَّذِينَ اشْتَرَوُا الْحَيَاةَ
الدُّنْيَا بِالْآخِرَةِ ۖ فَلَا يُخَفَّفُ عَنْهُمُ
الْعَذَابُ وَلَا هُمْ يُنْصَرُونَ

**87. “പരലോകത്തിനു പകരം ഐഹികജീവിതത്തെ ക്രയം ചെയ്തിട്ടുള്ളവരാണവർ. തന്നിമിത്തം, അവർക്ക് ശിക്ഷ ലഘൂകരിക്കപ്പെടുന്നതല്ല. അവർ സഹായിക്കപ്പെടുന്നതുമല്ല.”**

*പദാർത്ഥം*

أُولَٰئِكَ അക്കൂട്ടർ الَّذِينَ اشْتَرَوُا അവർ വാങ്ങിയവരാണ് الْحَيَاةَ الدُّنْيَا ഐഹികജീവിതത്തെ بِالْآخِرَةِ പരലോകത്തിന് (പകരം) فَلَا يُخَفَّفُ അതിനാൽ ലഘൂകരിക്കപ്പെടുകയില്ല عَنْهُمُ അവർക്ക് الْعَذَابُ ശിക്ഷ وَلَا هُمْ يُنْصَرُونَ അവർ സഹായിക്കപ്പെടുന്നതുമല്ല.

*വ്യാഖ്യാനം*

ദീനിനെ ഉപയോഗിച്ചുകൊണ്ട് ഭൗതികതയ്ക്ക് പ്രാധാന്യം നൽകിയ കാരണത്താൽ യഹൂദികൾക്ക് ഭൗതികമായും ആത്മീയവുമായ ശിക്ഷ ലഭിക്കുന്നതാണ്. അവർക്ക് മറ്റുള്ളവരിൽനിന്ന് സഹായം ലഭിക്കുകയുമില്ല. നിരന്തരമായ ശിക്ഷ അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്നതാണ്.

ഇതുവരെയുള്ള ആയത്തുകളിൽ വിവരിച്ചുവന്നത് യഹൂദികളുടെ ധിക്കാരത്തേയും ദുഷ്പ്രവർത്തികളേയും കുറിച്ചാണ്. വിശുദ്ധഖുർആന്റെ വിവരണശൈലി അനുസരിച്ച് ഒരു കാര്യം അത് പറയുമ്പോൾ അതിന്റെ വിവിധ വശങ്ങൾ വിവരിച്ചതിനുശേഷം അതേകാര്യം വീണ്ടും എടുത്തുപറഞ്ഞ് അതിനെ അവസാനിപ്പിക്കുന്നു. ഇതിനുമുമ്പ് ‘ഞങ്ങളെ അല്പദിവസമല്ലാതെ അഗ്നി സ്പർശിക്കുകയില്ല’ എന്ന് പറഞ്ഞതിനെ എടുത്തുദ്ധരിച്ച് അല്ലാഹു അതിനെ നിഷേധിക്കുകയും നിങ്ങൾക്ക് ദീർഘകാലം ശിക്ഷ അനുഭവിക്കേണ്ടിവരും എന്ന് പറയുകയും ചെയ്തു. ദീർഘകാലം ശിക്ഷ ലഭിക്കുവാനുള്ള കാരണങ്ങൾ ഓരോരുത്തരായി എടുത്ത് പറയുകയും ചെയ്യുന്നു. അവസാനമായി, നിങ്ങൾക്ക് ശിക്ഷ കുറയ്ക്കപ്പെടില്ല എന്ന് ആവർത്തിച്ചുകൊണ്ട് ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയും പുതിയ വിഷയം തുടങ്ങുകയും ചെയ്യുന്നു.

وَلَقَدْ آتَيْنَا مُوسَى الْكِتَابَ وَقَفَّيْنَا مِن بَعْدِهِ بِالرُّسُلِ ۖ وَآتَيْنَا عِيسَى ابْنَ مَرْيَمَ الْبَيِّنَاتِ وَأَيَّدْنَاهُ بِرُوحِ الْقُدُسِ ۗ أَفَكُلَّمَا جَاءَكُمْ رَسُولٌ بِمَا لَا تَهْوَىٰ أَنفُسُكُمُ اسْتَكْبَرْتُمْ فَفَرِيقًا كَذَّبْتُمْ وَفَرِيقًا تَقْتُلُونَ ﴿٨٧﴾

**87. "തീർച്ചയായും മൂസാക്ക് നാം ഗ്രന്ഥം നൽകിയിട്ടുണ്ട്. അദ്ദേഹത്തിനുശേഷം അദ്ദേഹത്തെ പിൻതുടർന്ന് പ്രവാചകന്മാരെ നാം അയക്കുകയും ചെയ്തു. മറിയമിന്റെ മകൻ ഈസാക്ക് നാം സ്പഷ്ടമായ തെളിവുകൾ നൽകുകയും പരിശുദ്ധാത്മാവിനെക്കൊണ്ട് അദ്ദേഹത്തെ ബലപ്പെടുത്തുകയും ചെയ്തു. എന്നാൽ നിങ്ങളുടെ മനസ്സുകൾ ഇഷ്ടപ്പെടാത്ത സന്ദേശവുമായി നിങ്ങളുടെ അടുക്കൽ ഓരോ ദൂതൻ വരുമ്പോഴും നിങ്ങൾ ഗർവ്വ് കാണിക്കുകയും അങ്ങനെ അവരിൽ ചിലരെ നിങ്ങൾ നിഷേധിച്ചുതള്ളുകയും മറ്റു ചിലരെ നിങ്ങൾ കൊലപ്പെടുത്തുകയുമാണോ ചെയ്യുന്നത് ?"**

*പദാർത്ഥം*

നാം നൽകിയിട്ടുണ്ട്. مُوسَى മൂസാക്ക് الْكِتَابَ ഗ്രന്ഥം وَقَفَّيْنَا നാം തുടർന്ന് അയക്കുകയും ചെയ്തു. مِن بَعْدِهِ അദ്ദേഹത്തിനുശേഷം بِالرُّسُلِ പ്രവാചകന്മാരെ وَآتَيْنَا നാം നൽകുകയും ചെയ്തു. عِيسَى ابْنَ مَرْيَمَ ഈസബ്നുമറിയമിന് الْبَيِّنَاتِ സ്പഷ്ടമായ തെളിവുകൾ وَأَيَّدْنَاهُ അദ്ദേഹത്തെ നാം ബലപ്പെടുത്തുകയും ചെയ്തു. بِرُوحِ الْقُدُسِ പരിശുദ്ധാത്മാവിനെക്കൊണ്ട് أَفَكُلَّمَا എപ്പോഴെല്ലാം جَاءَكُمْ നിങ്ങളുടെ അടുക്കൽ വന്നു رَسُولٌ ദൂതൻ بِمَا لَا تَهْوَىٰ ഇഷ്ടപ്പെടാത്തതായ أَنفُسُكُمُ നിങ്ങളുടെ മനസ്സുകൾ اسْتَكْبَرْتُمْ നിങ്ങൾ ഗർവുകാണിക്കുകയുണ്ടായി فَفَرِيقًا എന്നിട്ട് ഒരു വിഭാഗത്തെ كَذَّبْتُمْ നിങ്ങൾ കളവാക്കി തള്ളി وَفَرِيقًا ഒരു വിഭാഗത്തെ تَقْتُلُونَ നിങ്ങൾ വധിക്കുന്നു.

*പദവിശദീകരണം*

بِرُوحِ الْقُدُسِ ലിസാനുൽ അറബ് എന്ന ഗ്രന്ഥത്തിൽ ***റൂഹുൽ ഖുദുസി***ന് നൽകിയിരിക്കുന്ന അർത്ഥം അല്ലാഹുവിന്റെ വിശുദ്ധമായ വചനം, അനുഗൃഹീതമായ വചനം എന്നാണ്. റൂഹ് എന്നതിന്റെ അർത്ഥ വചനം ഖുദുസ് അനുഗ്രഹീതം, വിശുദ്ധം– റൂഹുൽ ഖുദുസ് വിശുദ്ധമായ വചനം– അല്ലാഹുവുമായി ബന്ധപ്പെട്ട വിശുദ്ധിക്കാണ് ഖുദുസ് എന്ന വചനം ഉപയോഗിക്കുക.

റൂഹ് എന്നതിന്റെ മറ്റൊരർത്ഥം മാലാഖ എന്നുമുണ്ട്. അപ്പോൾ റൂഹുൽ ഖുദുസ് എന്നാൽ വിശുദ്ധമാലാഖ, അനുഗ്രഹീതമാലാഖ. മലക്കുകൾ രണ്ടുതരമുണ്ട്. ഒന്ന് ദൈവികവചനം കൊണ്ടുവരുന്ന മലക്കുകൾ. രണ്ട് ഈ വചനങ്ങളെ അതല്ലെങ്കിൽ ദൈവികവിധികളെ ലോകത്ത് നടപ്പിൽവരുത്തുന്ന മലക്കുകൾ. ദൈവികവചനം കൊണ്ടുവരുന്ന മലക്കുകളെ റൂഹുൽഖുദുസ് എന്ന് പറയുന്നു. പ്രത്യേകിച്ച് ദൈവവചനങ്ങൾ കൊണ്ടുവരുന്ന മലക്കുകളുടെ നേതാവ് ജിബ്രീൽ ഈ പേരിലാണ് അറിയപ്പെടുന്നത്.

*വ്യാഖ്യാനം*

ഹസ്റത്ത് മൂസാനബി(അ)നു ശേഷം തുടർച്ചയായി പ്രവാചകന്മാർ വന്നുവെന്നും അവരെല്ലാവരും മൂസാ(അ)ന്റെ അതേ ശരീഅത്തിനെ പ്രബോധിക്കുവാനാണ് വന്നിരുന്നതെന്നും പറയുന്നു. ഇവിടെ ***കഫ്ഫൈനാ*** എന്ന പദം ഉപയോഗിച്ചുകൊണ്ട് അദ്ദേഹത്തെ തുടർന്നുകൊണ്ട് പ്രവാചകന്മാർ വന്നുവെന്ന് മാത്രമല്ല മറിച്ച് അദ്ദേഹത്തിന്റെ അതേ ശരീഅത്തിനെ പിൻപറ്റിക്കൊണ്ടാണ് അവരെല്ലാം വന്നിരിക്കുന്നത് എന്നും വിശദീകരിക്കുന്നു.

മുഫസ്സിരീങ്ങൾ പൊതുവിൽ ധരിച്ചുവെച്ചിരിക്കുന്നത് ഓരോ പ്രവാചകനും പുതിയ ശരീഅത്തുമായാണ് വരുന്നതെന്നാണ്. എന്നാൽ അല്ലാഹു അത് ശരിയല്ലെന്നാണ് ഇവിടെ പറയുന്നത്.

ഇവിടെ മൂസാനബിക്കുശേഷം വന്ന മറ്റു പ്രവാചകരെ എടുത്തുപറയാതെ ഈസ(അ)യെ മാത്രം എടുത്തു പറയുന്നുണ്ട്. അദ്ദേഹത്തിന് അല്ലാഹു ബയ്യിനാത്ത് നൽകി. റൂഹുൽ ഖുദുസ്കൊണ്ട് അദ്ദേഹത്തെ ബലപ്പെടുത്തി എന്നൊക്കെ പറയുന്നുണ്ട്. എന്നാൽ ഇത് ഈസാ(അ)ന് മാത്രമുള്ള ഒരു പ്രത്യേകതയായി ആരും കരുതരുത്. കാരണം ബയ്യിനാത്ത് മൂസാനബിക്കും നൽകിയതായി വിശുദ്ധഖുർആൻ പറയുന്നു.

'***വലഖദ് ജാഅക്കും മൂസാ ബിൽ ബയ്യിനാത്തി***' (*2:93*) മൂസ നിങ്ങളുടെ അടുത്ത് ബയ്യിനാത്തുമായി വന്നപ്പോൾ.

ഹസ്റത്ത് മുഹമ്മദ് നബി(സ.അ)ക്ക് ബയ്യിനാത്ത് നൽകപ്പെട്ടതായി പറയുന്നു. '***വലഖദ് അൻസൽനാ ഇലൈക ആയാത്തിൻ ബയ്യിനാത്തിൻ.***' (*2:100*) റസൂൽ തിരുമേനിക്ക് മുമ്പുള്ള സമൂഹങ്ങളെ നശിപ്പിച്ചതിനെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് അല്ലാഹു പറയുന്നു.

'***ദാലിക ബിഅന്നഹും കാനത്ത് തഅ്ത്തീഹിം റുസുലുഹും ബിൽ ബയ്യിനാത്തി***' (*40:23*) അവരുടെ പ്രവാചകന്മാർ അവരുടെ അടുക്കൽ ബയ്യിനാത്തുമായി വന്നിരുന്നു.

ഇതുപോലെ റൂഹുൽഖുദുസ് ഈസാ നബി(അ)ക്ക് മാത്രമല്ല നൽകപ്പെട്ടത്. മറിച്ച് എല്ലാ പ്രവാചകന്മാർക്കും നൽകപ്പെട്ടിരുന്നു. മറ്റു പ്രവാചകന്മാർക്ക് ഏതുപോലെ ദൈവികവെളിപാട് ഇറങ്ങിയോ അതേരീതിയിൽതന്നെയാണ് ഈസാനബിക്കും വെളിപാടുണ്ടായത് എന്നാണ് ഇവിടെ വിവരിക്കുന്നത്. അല്ലാഹു തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറയുന്നു.

"***ഖുൽ നസ്സലഹൂ റൂഹുൽ ഖുദുസി മിർറബ്ബിക്ക ബിൽ***

***ഹക്കി***" (*16:103*) പറയുക. നിന്റെ നാഥനിൽനിന്ന് റൂഹുൽ ഖുദുസ് സത്യമായവിധത്തിൽ ഇറക്കിയതാണിത്.

ഇതുപോലെ മറ്റു പ്രവാചകന്മാർക്കും പ്രവാചകന്മാരല്ലാത്ത സാത്വികരായവർക്കും റൂഹുൽ ഖുദുസിന്റെ സഹായം ഉണ്ടാകുമെന്ന് ഖുർആനിൽനിന്നും നബി വചനങ്ങളിൽനിന്നും തെളിയുന്നുണ്ട്.

ഇവിടെ പ്രസക്തമായ ഒരു ചോദ്യം ഉന്നയിക്കപ്പെടാവുന്നതാണ്. ഹസ്റത്ത് മൂസാനബി(അ)നുശേഷം വന്ന പ്രവാചകന്മാരെ മൊത്തത്തിൽ പറഞ്ഞതിനുശേഷം ഈസാനബി(അ) പ്രത്യേകം എടുത്തുപറയാനും അദ്ദേഹത്തെ ബയ്യിനാത്തും റൂഹുൽഖുദുസും മുഖേന ബലപ്പെടുത്തി എന്നു പറയാനുള്ള കാരണമെന്താണ്.

ക്രിസ്തീയപാതിരിമാർ ഇതിന് നൽകുന്ന മറുപടി യേശു മറ്റുപ്രവാചകന്മാരിൽനിന്നും വ്യത്യസ്തനും പ്രവാചകന്മാർക്കുപരിയായ ഒരു സ്ഥാനം വഹിക്കുന്നതുകൊണ്ടുമാണ് എന്നാണ്. എന്നാൽ മുഫസ്സിരീങ്ങൾ പറയുന്നത് മറ്റു പ്രവാചകന്മാരെല്ലാം മൂസാനബി (അ)യുടെ ശരീഅത്തിനെ പിൻപറ്റിയവരായിരുന്നുവെന്നും എന്നാൽ ഈസാനബി(അ) പുതിയ ഒരു ശരീഅത്തിന്റെ വാഹകനായിരുന്നുവെന്നുമാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ പ്രത്യേകപ്പെടുത്തി പറഞ്ഞിരിക്കുന്നതത്രെ! എന്നാൽ ഈ വാദം ശരിയല്ല. കാരണം ഈസാനബി(അ) സ്വയം പറയുന്നതുതന്നെ "നിയമത്തെയോ പ്രവാചകന്മാരെയോ മാറ്റുവാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. മാറ്റുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്. ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, സമസ്തവും നിറവേറുവോളം നിയമത്തിൽനിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." (*മത്തായി 5:17-18*)

പുതിയ ഒരു ന്യായപ്രമാണവുമായല്ല താൻ വന്നതെന്നും നിലവിലുള്ള ന്യായപ്രമാണത്തെ (തൗറാത്തിനെ) നടപ്പിൽവരുത്തുവാനാണ് വന്നിരിക്കുന്നതെന്നും അദ്ദേഹം ഇവിടെ വ്യക്തമാക്കുന്നു. പുതിയ ന്യായപ്രമാണം അദ്ദേഹം കൊണ്ടുവന്നിട്ടില്ലെങ്കിൽ പിന്നെ എന്തിന് അദ്ദേഹത്തെ പ്രതിപാദ്യ ആയത്തിൽ പ്രത്യേകം എടുത്തുപറഞ്ഞു എന്ന ചോദ്യം ഇവിടെ അവശേഷിക്കുന്നു.

ഈസ(അ)ന് മുമ്പുവന്ന എല്ലാ പ്രവാചകന്മാരെയും അവസാനം യഹൂദികൾ അംഗീകരിച്ചിരുന്നു. അവരെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട്. ആദ്യമെല്ലാം എതിർത്തിരുന്നെങ്കിലും പിന്നീട് അവരെയെല്ലാം സ്വീകരിച്ചതായി നമുക്ക് കാണാൻ സാധിക്കുന്നതാണ്. എന്നാൽ ഹസ്റത്ത് ഈസാ നബി (അ)നെ സ്വീകരിച്ചില്ല എന്ന് മാത്രമല്ല അദ്ദേഹത്തെ കള്ളവാദിയായും ശാപഗ്രസ്ഥനായും അവർ കരുതി. യഹൂദികൾ അദ്ദേഹത്തെ ശക്തമായി എതിർക്കുകയും ചെയ്തു. അതുകാരണം മറ്റു പ്രവാചകന്മാരെ പറയുമ്പോൾ ഹസ്റത്ത് ഈസാ(അ)നെ പ്രത്യേകം എടുത്തുപറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ സത്യത്തെ അവരുടെ മുമ്പിൽ അവതരിപ്പിക്കേണ്ടതായിട്ടുണ്ട്. അദ്ദേഹം സത്യപ്രവാചകനാണെന്നുള്ളതിലേക്ക് രണ്ട് തെളിവുകളാണ് അല്ലാഹു ഇവിടെ നിരത്തുന്നത്. ഒന്ന് മറ്റു പ്രവാചകന്മാരെപോലെ അദ്ദേഹവും 'ബയ്യിനാത്ത്' വ്യക്തമായ തെളിവുകളുമായാണ് വന്നിരിക്കുന്നത്. രണ്ടാമത്തെ തെളിവ് മറ്റു പ്രവാചകന്മാർക്ക് റൂഹുൽഖുദുസ് മുഖേന ദൈവിക വഴിപാട് ലഭിച്ചതുപോലെ അദ്ദേഹത്തിനും റൂഹുൽ ഖുദുസ് മുഖേന ദൈവികവെളിപാട് ലഭിച്ചിട്ടുണ്ട്.

യഹൂദികൾ ഹസ്റത്ത് ഈസാ(അ)യെക്കുറിച്ച് ആക്ഷേപിച്ചിരുന്നത് അദ്ദേഹം ഒരടയാളവും കാണിച്ചിട്ടില്ലെന്നും അദ്ദേഹത്തിന് പിശാചുക്കളുമായാണ് ബന്ധം എന്നുമാണ്. (*ലൂക്ക, 11:14-15*) ഇതിന് മറുപടിയാണ് അല്ലാഹു ഈ ആയത്തിലൂടെ നൽകുന്നത്.

ക്രിസ്തീയപാതിരിമാർ ഈ ആയത്ത് എടുത്തുകൊണ്ട് പറയാറുള്ളത് മറ്റു പ്രവാചകന്മാരുടെ കൂട്ടത്തിൽ യേശുവിനെ ഉൾപ്പെടുത്താത്തതിന്റെ കാരണം അദ്ദേഹം പ്രവാചകനല്ലാത്തതുകൊണ്ടാണെന്നാണ്. അദ്ദേഹം ദൈവമാണ് എന്നത് ഇതിൽനിന്നും തെളിയുന്നു എന്നും അവർ പറയുന്നു. എന്നാൽ ഈ വാദവും തെറ്റാണ്. വിശുദ്ധഖുർആൻ അവതരിക്കുമ്പോൾ ഈസാ(അ)ന് മുമ്പുള്ള ഒരു പ്രവാചകന്റെയും പ്രത്യേകമായ അനുയായികൾ ഉണ്ടായിരുന്നില്ല. ഹസ്റത്ത് ദാവൂദ്(അ) ന്റെയും ഹസ്റത്ത് സുലൈമാൻ(അ)ന്റെയും വിശ്വാസികൾക്ക് പ്രത്യേകം ജമാഅത്ത് അന്നില്ലായിരുന്നു. എന്നാൽ ഹസ്റത്ത് ഈസാ(അ)ൽ വിശ്വസിക്കുന്ന ഒരു സംഘം അന്നും ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ദൈവമായി ചിത്രീകരിക്കുന്നവർക്ക് വ്യക്തമായ മറുപടി അല്ലാഹു ഈ വചനത്തിലൂടെ നൽകുകയും ചെയ്യുന്നു. '***ആത്തയ്നാ***' നാം അദ്ദേഹത്തിന് നൽകി എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ദൈവമല്ലെന്നും അദ്ദേഹത്തിന്റെ സത്യത സ്ഥാപിക്കാൻ മറ്റു പ്രവാചകന്മാർക്ക് നൽകുന്നതുപോലുള്ള തെളിവുകൾ 'ബയ്യിനാത്ത്' അദ്ദേഹത്തിന് നൽകപ്പെട്ടു എന്നും ഇവിടെ പറയുന്നു. ദൈവമായിരുന്നുവെങ്കിൽ മറ്റൊരാൾ അദ്ദേഹത്തിന് നൽകേണ്ട കാര്യമെന്തിരിക്കുന്നു. തന്റെ സത്യത തെളിയിക്കാൻ പുറമേനിന്ന് സഹായം തേടുന്നവർ എങ്ങനെ ദൈവമാകാനാണ്? '***അയ്യദ്നാഹു ബിറൂഹിൽ ഖുദ്സി***' നാം അദ്ദേഹത്തെ റുഹുൽ ഖുദുസ്കൊണ്ട് ബലപ്പെടുത്തി എന്ന് പറഞ്ഞുകൊണ്ട് വീണ്ടും മറ്റൊരുശക്തി അദ്ദേഹത്തെ ബലപ്പെടുത്തിയതായി എടുത്തുപറയുന്നു. ഇതും അദ്ദേഹം സൃഷ്ടിയാണെന്നും സ്രഷ്ടാവല്ലെന്നും സ്പഷ്ടമാക്കുന്നു.

ഈ ആയത്തിൽ അവസാനം അല്ലാഹു പറയുന്നു. നിങ്ങളുടെ ആഗ്രഹത്തിന് വിരുദ്ധമായിക്കൊണ്ട് പ്രവാചകന്മാർ വരുമ്പോൾ അവരെ നിങ്ങൾ എതിർക്കുന്നു. ഇത് നിങ്ങളുടെ ആദ്യമേയുള്ള സ്വഭാവമാണ്. അത് മുഹമ്മദ്നബി(സ.അ) വന്നപ്പോഴും നിങ്ങൾ ആവർത്തിക്കുകയാണ് ചെയ്യുന്നത്. പ്രവാചകന്മാർ വരുന്നത് മനുഷ്യൻ ധാർമ്മികമായി അധഃപതിക്കുമ്പോഴാണ്. അതിന്നെതിരിൽ പ്രവാചകന്മാർ ശബ്ദിക്കുമ്പോൾ ജനങ്ങൾക്ക് അത് ഇഷ്ടപ്പെടില്ല. ജനങ്ങൾ ഏതൊരു ദുരവസ്ഥയിൽ കഴിയുന്നുവോ അതിന്നെതിരിൽ പ്രവാചകന്മാർ ശബ്ദിക്കുമ്പോൾ അത് ജനങ്ങളുടെ ഇച്ഛയ്ക്ക് വിരുദ്ധമായിരിക്കും. അതുകാരണം അവർ പ്രവാചകന്മാരെ ശക്തമായി എതിർക്കുന്നു. പ്രവാചകന്മാർ വരുന്നത് അവരെ നന്മയിലേക്ക് ക്ഷണിക്കാനാണ്. ധർമ്മം സ്ഥാപിക്കാനാണ്. എന്നാൽ തമസ്സിന്റെ സന്താനങ്ങൾക്ക് ഈ പ്രകാശം ഇഷ്ടമാകില്ല.

●

അവലംബം: Thafseer kabeer Urdu Vol. II by The Second Head of the Ahmadiya Jamath, Hadrat Bashiruddin Mahmood Ahmad, Kahalifathul Massih II

ഖുത്ബ - 5.11.2004

# തഹ്‌രീകെ ജദീദ്:

## ലഘുചരിത്രവും പുതുവർഷവിളംബരവും

### ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)

നിങ്ങളിഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ നന്മ പ്രാപിക്കുകയില്ല. നിങ്ങളേതൊന്ന് ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു. (*3:93*)

തഹ്‌രീകെ ജദീദിന്റെ പുതുവർഷം ആരംഭിക്കുന്നത് നവംബർ 1-ാം തിയ്യതിയാണ്. സാധാരണ ആദ്യത്തെയോ രണ്ടാമത്തെയോ വെള്ളിയാഴ്ച അതിന്റെ വിളംബരം ഉണ്ടാകുന്നു. നവാഗതരായ അഹ്മദികൾക്കും യുവത്വം പ്രാപിച്ചുവരുന്ന കുട്ടികൾക്കും ചില യുവാക്കൾക്കും തഹ്‌രീകെ ജദീദിന്റെ ചരിത്രത്തെക്കുറിച്ച് ശരിയായനിലയിൽ ഒരുപക്ഷേ, അറിവുണ്ടായിക്കൊള്ളണമെന്നില്ല. അതുകൊണ്ട് സംക്ഷിപ്തമായി അതിനെക്കുറിച്ച് പറയുന്നതാണ്.

**ആരംഭം**

1934-ലാണ് തഹ്‌രീകെജദീദിന് തുടക്കം കുറിച്ചത്. അഹ്റാരികൾ ബഹളം വയ്ക്കുകയും ജമാഅത്തിന്നെതിരിൽ കലഹം തലപൊക്കുകയും ചെയ്ത ഘട്ടത്തിലായിരുന്നു അത്. അഹ്മദിയ്യത്തിനെ ഭൂമിലോകത്തുനിന്ന് വിപാടനം ചെയ്യുന്നതിനുവേണ്ടിയുള്ള എതിർപ്പിന്റെ കൊടുങ്കാറ്റായിരുന്നു. ഖാദിയാനെ നാമാവശേഷമാക്കാനുള്ള ചർച്ചയായിരുന്നു എങ്ങും. അതിന്റെ ഇഷ്ടിക ഓരോന്നും ഇളക്കിയെടുത്തെറിയാനുള്ള സംസാരമായിരുന്നു എവിടെയും. ഹസ്റത്ത് മസീഹ് മൗഊദ്(അ) അന്ത്യവിശ്രമം കൊള്ളുന്ന ബിഹിശ്തി മഖ്ബറയേയും മറ്റു പുണ്യസ്ഥലങ്ങളേയും അപമാനപ്പെടുത്താനുള്ള പരിപാടിയായിരുന്നു സർവ്വത്ര. നമ്മെ സഹായിക്കുന്നതിനു പകരം സർക്കാരും എതിരാളികളെ കൂടുതൽ പിന്തുണയ്ക്കുന്ന കാഴ്ച കാണാമായിരുന്നു. സർക്കാർ അവരുടെ പക്ഷം ചേർന്നു. ആ സമയത്ത് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ഫണ്ട് സ്വരൂപിക്കാൻ, കുറച്ച് ചന്ദ സംഘടിപ്പിക്കാൻ, പണം സ്വരൂക്കൂട്ടാൻ ജമാഅത്തിനോട് ആഹ്വാനം ചെയ്തു. നാം തബ്‌ലീഗ് യഥാവിധി നിർവ്വഹിക്കാതിരുന്നതുകൊണ്ടും അതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കാതിരുന്നതുകൊണ്ടും ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കേണ്ട അഹ്മദിയ്യത്തിന്റെ സന്ദേശം വേണ്ടപോലെ എത്തിക്കാതിരുന്നതുകൊണ്ടുമാണ് എതിരാളികളുടെ ഉപദ്രവങ്ങളും കോലാഹലങ്ങളും ഉണ്ടാകുന്നതെന്ന വിചാരത്തോടെയാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. അതുകൊണ്ട് ഇതിനെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിക്കണമെന്നും അഹ്മദിയ്യത്തിന്റെ സന്ദേശം ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കണമെന്നും അവിടന്ന് ജമാഅത്തിനോട് പറഞ്ഞു. ജമാഅത്തിനോട് സാമ്പത്തികത്യാഗം ചെയ്യാൻ അവിടന്ന് ആഹ്വാനം ചെയ്തു. മൂന്നുവർഷത്തിനുള്ളിൽ കുറഞ്ഞത് ഇരുപത്തിയേഴായിരം രൂപ സ്വരൂക്കൂട്ടാൻ അവിടന്ന് പറഞ്ഞു.

**അതുല്യമായ ത്യാഗം**

പക്ഷേ, മസീഹ് മൗഊദ്(അ)ന്റെ ഈ പ്രിയപ്പെട്ട ജമാഅത്ത് മൂന്നുവർഷത്തിനുള്ളിൽ ഇരുപത്തിയേഴായിരം രൂപ സ്വരൂക്കൂട്ടേണ്ടതിനുപകരം ആദ്യവർഷംതന്നെ ഒരു ലക്ഷം രൂപ സമർപ്പിച്ചത് കാണുമ്പോൾ മനസ്സ് അല്ലാഹുവിന്റെ സ്തുതിയാൽ നിറയുകയാണ്. മൂന്നുവർഷത്തിനുള്ളിൽ നാലുലക്ഷത്തിലധികം രൂപ ത്യാഗം ചെയ്തു. ആ തുകയെക്കുറിച്ച് ഇന്ന് നമുക്ക് സങ്കല്പിക്കാനേ സാധ്യമല്ല. ഒന്ന് രൂപയുടെ മൂല്യം ഇന്നത്തെ അപേക്ഷിച്ച് അന്ന് വളരെ അധികമായിരുന്നു. ഇന്ന് ഒരു പൗണ്ടിന്റെ വില നൂറ്റിപ്പത്ത് രൂപയാണ്. അതുകൊണ്ട് പണത്തിന്റെ കാര്യത്തിൽ ഇന്ന് ചിന്തയില്ല. സമ്പന്നന്മാരും മുതലാളിമാരും ത്യാഗംചെയ്തു എന്നു പറയാൻ ജമാഅത്തംഗങ്ങളുടെ സാമ്പത്തികസ്ഥിതിയും അന്ന് നല്ലതായിരുന്നില്ല. രണ്ടണ, നാലണ, ഒരുരൂപ, രണ്ടു രൂപ നല്കിയവരായിരുന്നു അവർ. അത്തരക്കാരായിരുന്നു അധികവും. എന്റെ സഹായികളായി വരിക, സ്വന്തം ജീവിതം കൂടുതൽ ലളിതമാക്കുക, നിങ്ങൾക്കത്യാവശ്യമായ ധനത്തിൽനിന്ന് ദീനിനുവേണ്ടി ചെലവുചെയ്യുക, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവ് ചെയ്യുക, അല്ലാഹു വിനുവേണ്ടി അതുകൊടുക്കുക, കാരണം ഖാദിയാന്റെ അടിത്തറയിളക്കിമാറ്റാൻ, അഹ്മദിയ്യത്തിനെ വേരോടെ പിഴുതെറിയാൻ, പുണ്യസ്ഥലങ്ങളെ അപമാനപ്പെടുത്താൻ ഇന്ന് ശത്രുക്കൾ ചിന്തിക്കുന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് അല്ലാഹുവിന്റെ ഖലീഫ ഇന്ന് നമ്മെ വിളിച്ചിരിക്കുകയാണെന്ന് മനസ്സിലാക്കി ഭക്ഷണം വെട്ടിക്കുറച്ചും കുട്ടികൾക്ക് ഉണക്കറൊട്ടി കൊടുത്തും ആണ് അവർ ഈ ത്യാഗംവരിച്ചത്.

ഈ അവസ്ഥയിലാണ് അക്കാലത്തെ അഹ്മദികൾ അതിര് കവിഞ്ഞ് ത്യാഗങ്ങൾ ചെയ്തത്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ആവശ്യപ്പെട്ടതിനേക്കാൾ 14,15 ഇരട്ടി കൂടുതൽ തുക സ്വരൂക്കൂട്ടി കാലത്തിന്റെ ഖലീഫയുടെ കാൽക്കൽ അവർ കൊണ്ടുപോയിവെച്ചു; ദീനിനെ സഹായിച്ചുകൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി. "ഞാൻ നിങ്ങൾക്ക് തന്നത് എനിക്കാവശ്യം

വന്നപ്പോൾ നിങ്ങൾ ഒളിപ്പിക്കാൻ തുടങ്ങി. വാസ്തവത്തിൽ ആരുടെ കയ്യിലെന്താണ് ഉള്ളതെന്ന് എനിക്കറിയാം." എന്ന് സർവ്വജ്ഞനായ അല്ലാഹു പറയുകയില്ലേ? ഞാൻ പറഞ്ഞതുപോലെ, അധികമാളുകളും സ്വയം തങ്ങളെ ബുദ്ധിമുട്ടിലകപ്പെടുത്തിക്കൊണ്ടാണ് അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ വേണ്ടി ഈ ത്യാഗങ്ങൾ സമർപ്പിച്ചത്. കാരണം ഇന്ന് എന്തൊന്നാണോ തങ്ങളുടെ കയ്യിലുള്ളത്, അത് കുറവാണെങ്കിൽപോലും അതിലാണ് തങ്ങളുടെ അനശ്വരമായ ജീവിതം കുടികൊള്ളുന്നതെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നു. പക്ഷെ, അവർക്ക് അതുതന്നെയായിരുന്നു ഉത്തമമായ വിഹിതം; അത് അല്ലാഹുവിന്റെ വഴിയിൽ സമർപ്പിക്കുക. എന്തെങ്കിലും വിഷമങ്ങളുണ്ടാകുമ്പോൾ അല്ലാഹു ഓടിവന്ന് സംരക്ഷണം ഏറ്റെടുക്കുന്ന കൂട്ടത്തിൽ തങ്ങളും എണ്ണപ്പെട്ടേക്കാം എന്നവർ ചിന്തിക്കാൻ കാരണമിതാണ്. ഇവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽവരിച്ച ത്യാഗം ഒരിക്കലും പാഴായിപ്പോകുകയില്ല. അവർക്ക് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പാഠത്തെ സംബന്ധിച്ച്- അത് ഖുർആനിന്റെതന്നെ പാഠമാണ്- തികഞ്ഞ ബോധവും അറിവും ഉണ്ടായിരുന്നു. നിങ്ങൾക്ക് പ്രിയങ്കരമായ വസ്തുക്കളും ധനവും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാത്തിടത്തോളം കാലം മോക്ഷപ്രാപ്തി എന്ന നിലവരെകൊണ്ടെത്തിക്കുന്ന ആ യഥാർത്ഥമായ നന്മ നിങ്ങൾ പ്രാപിക്കുകയില്ലെന്ന് അവിടന്ന് പറയുകയുണ്ടായി.

**അഹ്മദിയ്യത്ത് വിദേശങ്ങളിലേക്ക്**

ചുരുക്കത്തിൽ, വരുമാനമാർഗ്ഗങ്ങൾ കുറവായിരുന്നിട്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചവരായിരുന്നു അവർ. അതിനുശേഷം ജീവിതവും സമർപ്പണം ചെയ്തു. ഇതുമുഖേന ഇന്ത്യയ്ക്കു വെളിയിൽ അഹ്മദിയ്യത്തിന്റെ സന്ദേശം കൂടുതൽ വ്യവസ്ഥാപിതമായ നിലയിൽ പ്രചരിക്കാൻ തുടങ്ങി. മറ്റു രാഷ്ട്രങ്ങളിലെ തടവറയിൽ പീഡനങ്ങൾ സഹിക്കേണ്ടിവന്ന ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) ദീനിന്റെ പ്രചാരണത്തിനായി പ്രഖ്യാപിച്ച ഈ പദ്ധതിയ്ക്കുവേണ്ടി അക്കാലത്തെ ജനങ്ങൾ അതിരറ്റ ആത്മത്യാഗംതന്നെയാണ് ചെയ്തത്. ഈ പദ്ധതി പത്തുവർഷത്തേക്കാണെന്ന് അവിടന്ന് ആദ്യത്തിൽ തന്നെ പറഞ്ഞിരുന്നു. പിന്നീട് പത്തുവർഷം പൂർത്തിയായപ്പോൾ അതു വർദ്ധിപ്പിച്ചു. അങ്ങനെ അല്ലാഹുവിന്റെ ഇംഗിതപ്രകാരം ഇത് സുസ്ഥിരമായ പദ്ധതിയായിത്തീർന്നു.

**പൂർവ്വികരുടെ രജിസ്റ്റർ**

വിവിധ രാജ്യങ്ങളിൽ നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന അഹ്മദിയ്യത്തിന്റെ പുരോഗതിയുടെ കാഴ്ച ആ ആദ്യകാലത്തുള്ളവരുടെ ത്യാഗങ്ങളുടെ ഫലമാണ്. ജമാഅത്തുപരമായ അഭിവൃദ്ധിയ്ക്കുപുറമെ വ്യക്തിഗതമായ നിലയിലും അക്കൂട്ടരുടെ ത്യാഗങ്ങൾ പാഴാക്കിയില്ല. കുറച്ച് അണകളും രൂപകളും ത്യാഗം ചെയ്തിരുന്ന അക്കൂട്ടരിൽ അധികംപേരുടേയും മക്കൾ ഇന്ന് വലിയ സമ്പന്നാവസ്ഥയിലാണ്. ലക്ഷക്കണക്കിന് അവർ സമ്പാദിക്കുന്നു. സാമ്പത്തികമായി വളരെ ഉയർന്നനിലയിലാണ്. തഹ്രീകെ ജദീദിന്റെ അന്നത്തെ ബജറ്റനുസരിച്ച് ഇപ്പോൾ വ്യക്തിഗതമായ നിലയിൽ ചന്ദ കൊടുക്കുന്ന ചിലരും അവരിലുണ്ടാകാം. എന്നാൽ, അവരുടെ ത്യാഗങ്ങൾ വിസ്മരിക്കാൻ പറ്റുകയില്ല. തഹ്രീകെ ജദീദിന്റെ ആദ്യകാല ത്യാഗിവര്യന്മാരുടെ കണക്കുപുസ്തകത്തെ ഖിയാമത്തുന്നാൾവരെ ജീവസ്സുറ്റതാക്കിവയ്ക്കാൻ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞത് അതുകൊണ്ടാണ്. അതെന്നെന്നും തുടർന്നുകൊണ്ടേ പോകുക. അവരുടെ മക്കൾ ഈ ഉത്തരവാദിത്തം ഏറ്റെടുക്കുക. അവരുടെ കണക്കുപുസ്തകം ഒരിക്കലും നിർജ്ജീവമാകാൻ അനുവദിക്കരുത്. ആ അയ്യായിരം മുജാഹിദീൻ അഥവാ മതത്തിനുവേണ്ടി പോരാടിയവരുടെ കണക്കുപുസ്തകം ഒരിക്കലും മരിച്ചുകിടക്കാൻ അനുവദിക്കരുത്. ആരംഭത്തിൽ അവർ അയ്യായിരം പേരായിരുന്നു. അത്തരക്കാരുടെ മക്കൾ ഉണരാനും മുന്നോട്ടുവരാനും മരിച്ചുപോയ തങ്ങളുടെ ത്യാഗിവര്യന്മാരായ മഹാത്മാക്കളുടെ കണക്കുപുസ്തകത്തെ ജീവിപ്പിച്ചുനിറുത്താനും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) രണ്ടുപ്രാവശ്യം ആഹ്വാനം ചെയ്തിരുന്നു. അവരുടെ പേര് രജിസ്റ്ററുകളിലുണ്ടാവേണ്ടതാണ്. അവരുടെ പേരിലുള്ള ചന്ദ തുടരേണ്ടതാണ്. അല്പം രൂപമാത്രമായിരുന്നു അത്. എന്തായാലും അവരുടെ പേർ നിലവിലുണ്ടാകേണ്ടതാണ്. ഇത് ഖിയാമത്തുന്നാൾവരെ നിലനില്ക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു: ഇവരിൽ അധികപേരും അഞ്ചോ പത്തോ രൂപമാത്രം കൊടുക്കുന്നവരായിരുന്നു. അവരുടെ കണക്കുപുസ്തകം പുനരുജ്ജീവിപ്പിക്കുന്നതും അവരുടെ പേരിലുള്ള ചന്ദ വീണ്ടും കൊടുക്കാൻ തുടങ്ങുന്നതും പ്രയാസമുള്ള കാര്യമല്ല.

**കാര്യം പ്രയാസമുള്ളതല്ല**

ഞാൻ പറയുകയുണ്ടായി, തങ്ങളുടെ പൂർവ്വികരായ മഹാത്മാക്കളുടെ ചന്ദ വീണ്ടും കൊടുത്തു തുടങ്ങുക എന്നത് അവരുടെ മക്കൾക്ക് ഇന്ന് പ്രയാസമുള്ള കാര്യമല്ല. കാരണം അവർ ഇന്ന് നല്ല അവസ്ഥയിലാണുള്ളത്. ഹുസൂർ(റഹ്) ഇക്കാര്യം പറഞ്ഞപ്പോൾ തഹ്രീകെ ജദീദ് ഓഫീസും ഇതിനുവേണ്ടി പരിശ്രമിച്ചിരുന്നു. ആ അയ്യായിരം മുജാഹിദീനിൽ 3400 പേരുടെ കണക്കുപുസ്തകം വീണ്ടും എഴുതിതുടങ്ങി. അവരുടെ പേരിൽ ചന്ദ കൊടുക്കാൻ തുടങ്ങി. എന്നാൽ, പിന്നീട് ചിലയാളുകളുടെ അശ്രദ്ധ കാരണത്താലോ ചിലയാളുകൾ വിദേശത്തുപോയതിനാലോ അല്ലെങ്കിൽ മറ്റുചില കാരണങ്ങളാലോ ഈ ഭാഗത്തേക്ക് ശ്രദ്ധ കുറഞ്ഞുപോയി. വിദേശത്തുവന്നിട്ട് ചിലയാളുകൾ തങ്ങളുടെ മരിച്ചുപോയ മഹാത്മാക്കളുടെ പേരിൽ ചന്ദ കൊടുക്കുന്നുമുണ്ടാകാം. പക്ഷേ, വിദേശരാജ്യങ്ങളിൽ കൊടുക്കുന്ന ഈ ചന്ദ അവരുടെ മഹാത്മാക്കളുടെ പേരിൽ ഗണിക്കപ്പെടുകയില്ല. ഗണിക്കപ്പെടുകയാണെങ്കിൽത്തന്നെ കേന്ദ്രത്തിലുള്ള റിക്കാർഡുകളിൽ രേഖപ്പെടുത്തുന്നില്ല. നിങ്ങളുടെ പേരിലായിരിക്കും അത് വരവ് വയ്ക്കുന്നത്. അതുകൊണ്ട് സ്വന്തം മഹാത്മാക്കളുടെ രജിസ്റ്റർ ജീവനോടെ നിലനിറുത്താൻ ആഗ്രഹിക്കുന്നവർ റബ്വ കേന്ദ്രവുമായി ബന്ധം വയ്ക്കുന്നത് സൗകര്യമായിരിക്കും. റിക്കാർഡ് ശരിയായിരിക്കാൻവേണ്ടി, അവരുടെ തുക എത്രയായിരുന്നു, അല്ലെങ്കിൽ വാഗ്ദാനമെത്രയായിരുന്നു എന്ന് നോക്കി അവിടെ അതടയ്ക്കാൻ ശ്രമിക്കുക. കാരണം, ഇപ്പോൾ

3400 പേരുടെ കാര്യത്തിലും ശ്രദ്ധ കുറഞ്ഞുപോയിരിക്കുന്നു. അവർ നിലവിൽ 2500 ആയി അവശേഷിച്ചിരിക്കുകയാണ്. അതുകൊണ്ട് വളരെയധികം ശ്രദ്ധ ആവശ്യമുണ്ട്.

**ഹുസൂറിന്റെ മഹാമനസ്കത**

വളരെക്കുറച്ചു പണംകൊണ്ട് ചന്ദ കൊടുത്ത് പേരു നിലനിറുത്താൻ കഴിയുന്ന ആ സജ്ജനങ്ങളുടെ ചന്ദ കൊടുക്കാൻ ആരുമില്ലെങ്കിൽ അക്കാലത്തെ അവരുടെ കണക്കനുസരിച്ച് (അഞ്ചോ പത്തോരൂപ) ആയിരം പേരുടെ ഉത്തരവാദിത്തം താൻ ഏറ്റെടുക്കുന്നുവെന്ന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് വിളംബരം ചെയ്തിരുന്നു. അവരുടെ പേരിൽ അവരുടെ മക്കൾക്ക് ചന്ദ കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ ഞാൻ കൊടുക്കുന്നതാണ്. ഇപ്രകാരം ജനങ്ങൾ മുന്നോട്ടുവരാനും ഉത്തരവാദിത്തം ഏറ്റെടുക്കാനും അവിടന്ന് പറഞ്ഞു. അവിടന്ന് ഇങ്ങനെയും പറഞ്ഞു: 'എനിക്കുശേഷം ഈ പ്രവൃത്തി എന്റെ മക്കൾ തുടരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഇക്കാര്യം ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)നെ തഹ്രീകെ ജദീദ് ഓഫീസ് ഓർമ്മപ്പെടുത്തിയിരുന്നില്ല. അല്ലെങ്കിൽ കണക്കുകൾ ശരിയായി വെച്ചില്ല. തന്റെ ചന്ദകളിൽ ഉൾപ്പെടുത്തി അവർക്കുവേണ്ടി അവിടന്ന് ചന്ദ കൊടുത്തിരുന്നിട്ടുമുണ്ടാകാം. എന്തായാലും അവിടത്തെ വാഗ്ദാനത്തെക്കുറിച്ചൊന്നും രേഖകളിൽ കാണുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ ആഗ്രഹം പൂർത്തിയാക്കാൻ- 21 വർഷത്തെ അദ്ദേഹത്തിന്റെ ഖിലാഫത്തുകാലം- അദ്ദേഹം തന്റെ ഖുത്വുബകളിൽ പറഞ്ഞ കണക്കുകൾ എനിക്ക് നല്കാൻ ഞാനിപ്പോൾ തഹ്രീകെ ജദീദ് ഓഫീസിനോട് പറയുകയാണ്. അദ്ദേഹത്തിന്റെ മക്കൾ അത് ഇൻശാഅല്ലാഹ് അടയ്ക്കുന്നുവെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അദ്ദേഹം പറഞ്ഞ ആയിരം പേരുടെ കണക്കെന്തായാലും, മക്കൾ ചെയ്തില്ലെങ്കിൽത്തന്നെ ഞാൻ ഇൻശാഅല്ലാഹ് അതിന്റെ ഉത്തരവാദിത്തമേറ്റെടുത്ത് അടയ്ക്കുന്നതാണ്. ഇതേകണക്കുപ്രകാരം ഇതേവരെ രജിസ്റ്ററുകൾ പുതുക്കിയിട്ടില്ലാത്തവരെക്കുറിച്ചും എനിക്ക് വിവരം തരിക; അവരുടെ മക്കളോട് പറയുന്നതിനുവേണ്ടി. പക്ഷേ, അവരുടെ മക്കൾ ഇതിലേക്ക് ശ്രദ്ധിക്കാത്തിടത്തോളംകാലം, ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞ കണക്കനുസരിച്ച് അവരുടെ രജിസ്റ്റർബുക്ക് ടോക്കൺ എന്ന നിലയിൽ നിലനിറുത്തേണ്ടതാണ്. അവർക്കുവേണ്ടി ചന്ദ അടയ്ക്കാനുള്ള ഉത്തരവാദിത്തം ഞാനേറ്റെടുക്കുന്നു. ഇൻശാഅല്ലാഹ് അവർക്കുവേണ്ടി ഞാൻ ചന്ദ കൊടുക്കുന്നതാണ്. ആ ത്യാഗീവര്യന്മാരുടെ ഫലമാണ് നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അവരുടെ പേര് ജീവനോടെ നിലനില്ക്കേണ്ടതാണ്. അല്ലാഹുതആല അവരുടെ മക്കൾക്കെല്ലാം ഇതിന് സൗഭാഗ്യം നല്കുമാറാകട്ടെ.

ഓർമ്മിക്കുക, ഞാൻ പറഞ്ഞതുപോലെ ഇന്ന് നമ്മുടെ മേലുള്ള അനുഗ്രഹമെല്ലാം ആ ആളുകളുടെ ത്യാഗങ്ങൾ കാരണം കൊണ്ടുതന്നെയാണ്. ഇതേപ്രകാരം ഇന്ന് നിങ്ങളുടെ ഈ ത്യാഗം കാരണത്താൽ ഈ അനുഗ്രഹം നിങ്ങളുടെ മക്കളിലും മക്കളുടെ മക്കളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്.

**തിരുനബിയുടെ വാഗ്ദാനം**

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. റസൂൽ(സ) അരുൾ ചെയ്തു: "വല്ലവനും തന്റെ പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്നും- നല്ലതു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ- ഒരു കാരക്കയുടെ അത്ര ദാനം ചെയ്താൽ അല്ലാഹു അത് വലംകൈകൊണ്ട് സ്വീകരിക്കും. എന്നിട്ട് നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ പോറ്റിവളർത്തുംപോലെ ഒരു പർവതത്തോളം വലുതാകുംവരെ അല്ലാഹു അവന്നത് വളർത്തിക്കൊണ്ടിരിക്കും."

ഇതാണ് അല്ലാഹുവിന്റെ റസൂലിന്റെ വാഗ്ദാനം. ഇത് 'ഞാൻ വർദ്ധിപ്പിക്കും, എത്രമാത്രമെന്നാൽ 700 ഇരട്ടി വർദ്ധിപ്പിക്കും, അല്ല അതിനേക്കാളധികം വർദ്ധിപ്പിക്കും' എന്ന അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചാണ്. ഇത്ര ദീർഘകാലത്തെ ഈ കണക്ക് എങ്ങനെ ജീവിപ്പിക്കും എന്നോർത്ത് ഭയക്കേണ്ടതില്ല. എത്രത്തോളം പിന്നിലേക്കുപോയി നിങ്ങളുടെ കഴിവനുസരിച്ച് ജീവിപ്പിക്കാൻ കഴിയുമോ, ചെയ്യുക. എന്നിട്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളും നോക്കുക. അല്ലാഹു അവന്റെ അനുഗ്രഹം വർദ്ധിപ്പിച്ചുകൊണ്ടു പോകുന്തോറും നിങ്ങളുടെ തൗഫീഖും വളർന്നുകൊണ്ടേ പോകും. ഈ പരമ്പര നിലനിറുത്തിക്കൊണ്ടുപോകണമെന്നും ഇതു നിലച്ചുപോകുന്ന ഒരു വർഷം ഇടയ്ക്ക് വരരുതെന്നും ആഗ്രഹം ഉണ്ടാകും. അത്തരക്കാർ എന്തെങ്കിലും തരികയാണെങ്കിൽ ഓഫീസിലുള്ളവരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പരമ്പരയുടെ പിന്നാലെ മാത്രം തൂങ്ങരുത്. നിയമങ്ങളുടെ കൂടുതൽ ഊരാക്കുടുക്കുകളിലും പെടരുത്. ആരെങ്കിലും മുൻകഴിഞ്ഞ സജ്ജനങ്ങളുടെ പഴയ രജിസ്റ്റർ നിലനിറുത്താൻ ആഗ്രഹിക്കുന്നെങ്കിൽ അത് നിലനിർത്തുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. ഓരോ ദിവസവും രണ്ടു മലക്കുകൾ ഇറങ്ങുന്നു. എന്നിട്ട് അവരിൽനിന്ന് ഒരു മലക്ക് പ്രാർത്ഥിക്കും. അല്ലാഹുവേ! ധർമ്മിഷ്ഠന് നീ പ്രതിഫലം നല്കേണമേ! അവന്റെ ചുവടുകളെ പിൻപറ്റുന്നവരെ സൃഷ്ടിക്കേണമേ. മറ്റേ മലക്ക് പ്രാർത്ഥിക്കും: അല്ലാഹുവേ! പിശുക്കന് നീ നാശം വരുത്തിവയ്ക്കേണമേ. അവന്റെ ധനവും സാധനസാമഗ്രികളും നശിപ്പിക്കേണമേ!

തങ്ങളുടെ മാതാപിതാക്കളുടെ ഖുർബാനി അഥവാ ത്യാഗങ്ങളിലേക്ക് ശ്രദ്ധിക്കാത്തവർക്ക് ഇത് മറ്റൊരു പ്രചോദനമാണ്. സ്വന്തം ത്യാഗങ്ങളിലേക്കും മാതാപിതാക്കളുടെ ത്യാഗങ്ങളിലേക്കും ശ്രദ്ധിക്കുക. അതുകൊണ്ട് പെട്ടെന്ന് മുന്നോട്ടുഗമിക്കുകയും മലക്കുകളുടെ പ്രാർത്ഥനകൾ പിടിച്ചുപറ്റുന്നവരായിത്തീരുകയും ചെയ്യുക; നിങ്ങളുടെ മക്കളും ഈ ത്യാഗങ്ങളിൽനിന്ന് ലാഭം പറ്റിക്കൊണ്ടിരിക്കുന്നതിനുവേണ്ടി. നിങ്ങൾ നിങ്ങളുടെ മക്കൾക്കുവേണ്ടി ഉപേക്ഷിച്ചുപോകുന്ന ദുആകളുടെ ഏറ്റവും വലിയ ഖജനാവ് ഇതുതന്നെയായിരിക്കും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ)

പറഞ്ഞു: രണ്ടാളുടെ കാര്യത്തിലല്ലാതെ അസൂയക്കവകാശമില്ല. (1) അല്ലാഹു കുറേ ധനം നല്കിക്കൊണ്ട് അത് സത്യമാർഗ്ഗത്തിൽ ചെലവഴിക്കാൻ അധികാരപ്പെടുത്തിയവൻ. (2) അല്ലാഹു ഹിക്മത്ത് നല്കി എന്നിട്ടതനുസരിച്ച് വിധിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ.

മുൻകഴിഞ്ഞ സജ്ജനങ്ങളുടെ രജിസ്റ്റർ പുതുക്കുന്നതിനു പുറമെ മാശാഅല്ലാഹ് ഇപ്പോൾ ചിലയിടങ്ങളിൽ ത്യാഗങ്ങളുടെ നിലവാരം വളരെ ഉയർന്നതാണ്. അസൂയാർഹമായ മാതൃകയാണ് ജമാഅത്ത് കാഴ്ചവയ്ക്കുന്നത്. കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോ വർഷവും ഈ ശൃംഖല മുന്നോട്ടു കുതിച്ചുകൊണ്ടുപോകുകയാണ്. ഈ നിലവാരത്തെ നിലനിറുത്തുന്നതിനുവേണ്ടി നിങ്ങളുടെ വരുംതലമുറകളേയും ഉപദേശിച്ചുകൊണ്ടിരിക്കണം.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. വീട്ടിൽ ഭക്ഷണത്തിനുള്ള വസ്തുക്കളിൽനിന്ന് (കുഴപ്പമുണ്ടാക്കുക എന്ന ഉദ്ദേശ്യം കൂടാതെ) ഒരു സ്ത്രീ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചാൽ ആ ധനം സമ്പാദിച്ച കാരണത്താൽ അവളുടെ ഭർത്താവിനു കിട്ടുന്ന അതേ പ്രതിഫലംതന്നെ അവൾക്കും ലഭിക്കുന്നതാണ്."

**സമർത്ഥരായ സ്ത്രീകൾ**

കാരണം ആ തുക ഭർത്താവിന്റേതാണ്. അവൾ ചെലവഴിക്കുമ്പോൾ രണ്ടുപേർക്കും അതിന്റെ പ്രതിഫലം കിട്ടുന്നു. നമ്മുടെ ജമാഅത്തിലെ സ്ത്രീകൾ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നുവെന്നത് ജമാഅത്തിന്റെ മേലുള്ള അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ ഒരുപാട് മുന്നോട്ടു കുതിക്കുന്നു. തങ്ങളുടെ ആവശ്യങ്ങളേയും ആഗ്രഹങ്ങളേയും പിന്നിലേക്ക് തള്ളുന്നു. ചില സ്ത്രീകൾ വളരെ സമർത്ഥമായി വീട്ടിലെ കാര്യങ്ങൾ കൈകാര്യം ചെയ്യാറുണ്ട്. പൊതുവെ വീട്ടുകാർക്ക് മനസ്സിലാകാത്ത രീതിയിൽ വീട്ടിലെ കാര്യങ്ങളെല്ലാം അവർ ഭംഗിയായി നടത്തുന്നു. വീട്ടിൽ ഒരു കുറവും ഉണ്ടാകുകയില്ല. അങ്ങനെ അതിൽനിന്ന് മിച്ചംവെച്ച് ചന്ദ കൊടുത്തുകൊണ്ടിരിക്കുന്നു. നല്ലനിലയിൽ വീട്ടുകാര്യങ്ങൾ നോക്കിനടത്തിവരുന്ന സ്ത്രീകളെ ഭർത്താക്കന്മാരും, 'എങ്ങനെ നീ ചന്ദ കൊടുത്തു, കൊടുത്തതുകൊടുത്തു' എന്നൊക്കെ പറഞ്ഞ് ശല്യപ്പെടുത്തരുത്. ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ പ്രതിഫലം ആ സ്ത്രീയ്ക്കും കിട്ടുന്നു, നിങ്ങൾക്കും കിട്ടിക്കൊണ്ടിരിക്കുന്നു. മിച്ചം വയ്ക്കുന്ന ശീലമില്ലാത്ത സ്ത്രീകൾ മിച്ചം വയ്ക്കാൻ ശീലിക്കേണ്ടതാണ്. ചിലർക്ക് കൂടുതൽ ശീലം അനാവശ്യമായ ചെലവ് ചെയ്യുന്നതിലാണ്. അവർ അവരുടെ ചെലവ് കുറയ്ക്കേണ്ടതാണ്. മറ്റുള്ളവരെ കാണിക്കാൻവേണ്ടി ഒരു കാരണവുംകൂടാതെ വീടുകളിൽ ചെലവ് ചെയ്തുകൊണ്ടിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ചിലർ വീടുകളിൽ ചെലവഴിക്കുന്നുണ്ട്. പക്ഷേ, മിച്ചം വെച്ചുകൊണ്ടാണ് ചെലവഴിക്കുന്നത്. ചന്ദ കൊടുക്കുന്നതോടൊപ്പം അവർ അവരുടെ വീടുകളിലും ചെലവഴിക്കുകയാണെങ്കിൽ ഒരു കുഴപ്പവുമില്ല. പക്ഷേ, അനാവശ്യമായി വീട്ടിൽ തന്നെ ചെലവു ചെയ്യുകയും നമുക്ക് ചന്ദ കൊടുക്കാൻ കഴിവില്ല എന്നു പറയുകയും ചെയ്യുന്നത് തെറ്റാണ്. ലളിതമായി ജീവിക്കുന്നവരും ചന്ദ കൊടുക്കുന്ന ശീലമുള്ളവരുമായ ഉമ്മമാരുടെ മക്കളിലും ഈ ശീലം ഉണ്ടാകുന്നതാണ്. ആ മക്കൾ പ്രവർത്തനപരമായ ജീവിതത്തിൽ കാലെടുത്തുവയ്ക്കുമ്പോൾ, അവരുടെ കൈയിലും അല്ലാഹു അതുപോലുള്ള ബർക്കത്ത് ഉണ്ടാക്കുന്നതാണ്. അവർക്കും നല്ല ലക്ഷ്യത്തോടും നല്ല നിലയിലും വീട്ടുകാര്യങ്ങൾ നടത്തുന്നതിനോടൊപ്പം ചന്ദ കൊടുക്കുന്നതിനുള്ള തൗഫീഖും കിട്ടിക്കൊണ്ടിരിക്കും. പക്ഷേ, ചില വീടുകളിൽ ഐശ്വര്യം വരികയും അവസ്ഥകൾ നല്ലതായിത്തീരുകയും ചെയ്യുന്നതോടൊപ്പം അനാവശ്യ ചെലവുകളുടെ ശീലവും ഉണ്ടാകുന്നുവെന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ. മറ്റുള്ളവരെ കാണിക്കാൻവേണ്ടി ചെലവഴിക്കുക എന്ന പ്രവണതയും വർദ്ധിച്ചുവന്നു. ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്ന് അത്തരക്കാരോട് ഞാൻ വീണ്ടും പറയുന്നു. നിങ്ങളുടെ ചെലവുകൾ കുറയ്ക്കുക. ലളിതമായ ജീവിതം സ്വായത്തമാക്കുക. ഈ ലളിതമായ ജീവിതം കാരണത്താൽ സാമ്പത്തികത്യാഗം ചെയ്യാനുള്ള സൗഭാഗ്യം നേടുക.

**തുറന്നമനസ്സോടെ ചെലവഴിക്കുക**

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) ഒരിക്കൽ തന്റെ ഭാര്യാസഹോദരി ഹസ്റത്ത് അസ്മാ അ്ബിൻത് അബൂബക്കർ(റ)നെ ഉപദേശിച്ചു. അല്ലാഹുവിന്റെ വഴിയിൽ എണ്ണിയെണ്ണി ചെലവഴിക്കരുത്. അങ്ങനെയായാൽ അല്ലാഹുവും നിങ്ങൾക്ക് എണ്ണിയെണ്ണിത്തരുന്നതാണ്. പണസഞ്ചിയുടെ വായ മൂടിക്കെട്ടിയിരിക്കരുത്. അങ്ങനെയായാൽ അതിന്റെ വായ അടച്ചുതന്നെ വെക്കപ്പെടുന്നതാണ്. കഴിവനുസരിച്ച് തുറന്ന മനസ്സോടെ ചെലവഴിക്കുക."

ജമാഅത്തിൽ തുറന്നമനസ്സോടെ ചന്ദ കൊടുക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവരുമായ നിരവധി നിരവധി സ്ത്രീകളുണ്ട്. എന്നാൽ, നല്ല വരുമാനമുണ്ടായിട്ടും ഒഴിവുകഴിവുകളും കൃത്രിമമായ കാരണങ്ങളും തിരഞ്ഞുനടക്കുന്നവരുമുണ്ട്. ഒരുപാടാളുകൾ തങ്ങളുടെ ചെലവുകൾ കിഴിച്ചതിനുശേഷം ഞങ്ങളുടെ വരുമാനം ഇതാണെന്നും ഇതനുസരിച്ച് ചന്ദ തരുമെന്നും പറയുന്നു. ഇല്ലെങ്കിൽ അവസ്ഥ വളരെ മോശമാണ്, ഞങ്ങൾക്കു വരുമാനമൊന്നുമില്ല ഇതനുസരിച്ചേ ചന്ദ തരികയുള്ളൂ എന്ന് പറയുന്നു. അവരും ചിന്തിക്കേണ്ടതാണ്. നന്ദികേട് കാണിക്കാതിരിക്കേണ്ടതാണ്. ഈ നന്ദികേടു കാരണത്താൽ ഇപ്പോഴുള്ള നല്ല അവസ്ഥയും തകർന്നുപോയേക്കാം. അല്ലാഹുവിനെ വഞ്ചിക്കാൻ സാധ്യമല്ല. നിങ്ങൾക്ക് ഏറ്റവും പ്രിയങ്കരമായ ധനം തന്റെ വഴിയിൽ ചെലവഴിക്കാനാണ് അല്ലാഹു പറയുന്നത്. നിങ്ങളുടെ ആവശ്യങ്ങളെ പിന്നിലേക്ക് തള്ളുകയും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുകയും ചെയ്യുക.

**യാതനകൾ പേറുക**

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നിങ്ങൾ നിങ്ങളുടെ തൃപ്തി ഉപേക്ഷിച്ചുകൊണ്ട്, നിങ്ങളുടെ അഭിരുചികൾ ഉപേക്ഷിച്ചുകൊണ്ട്, നിങ്ങളുടെ മാനം ഉപേ

ക്ഷിച്ചുകൊണ്ട്, നിങ്ങളുടെ സമ്പത്ത് ഉപേക്ഷിച്ചുകൊണ്ട്, നിങ്ങളുടെ ജീവൻ ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരണത്തിന്റെ ദൃശ്യം നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്ന യാതനകൾ പേറുവാൻ തയ്യാറാവാതെ അല്ലാഹുവിന്റെ തൃപ്തി നിങ്ങൾക്കൊരിക്കലും പ്രാപിക്കാനൊക്കുകയില്ല. യാതനകൾ പേറുകയാണെങ്കിൽ അരുമയായ ഒരു കുഞ്ഞിനെപ്പോലെ നിങ്ങൾ അല്ലാഹുവിന്റെ മടിത്തട്ടിലേക്ക് വരുന്നതാണ്. നിങ്ങൾ നിങ്ങൾക്കു മുമ്പേ കഴിഞ്ഞുകടന്ന ആ സദ്‌വൃത്തന്മാരുടെ പിന്തുടർച്ചാവകാശികളായിത്തീരുകയും ചെയ്യും. എല്ലാ അനുഗ്രഹങ്ങളുടെയും കവാടങ്ങൾ നിങ്ങൾക്കായിട്ട് തുറക്കപ്പെടുന്നതാണ്. എന്നാൽ, നിങ്ങൾ നിങ്ങളുടെ ആത്മാവിൽ യഥാർത്ഥത്തിലുള്ള മരണം വരിക്കുകയാണെങ്കിൽ അപ്പോൾ നിങ്ങൾ അല്ലാഹുവിൽ വെളിപ്പെടുന്നതാണ്. അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്യും. നിങ്ങൾ വസിക്കുന്ന ഗൃഹം അനുഗൃഹപൂർണ്ണമായിരിക്കും. നിങ്ങളുടെ വീടിന്റെ ഭിത്തികളിൽ അല്ലാഹുവിന്റെ കാരുണ്യം വർഷിച്ചുകൊണ്ടിരിക്കും. അത്തരം ഒരാൾ വസിക്കുന്ന പട്ടണവും അനുഗൃഹീതമായിരിക്കും." (*അൽവസിയ്യത്ത്, റൂഹാനീഖസായിൽ, വാള്യം 20 പേ: 307-308*)

വീണ്ടും പറയുന്നു: "എല്ലാ രീതിയിലും ആളുകൾ ഈ ജമാഅത്തിനെ സേവിക്കേണ്ടതാണ്. സാമ്പത്തികമായ നിലയിലും സേവനം ചെയ്യുന്നതിൽ വീഴ്ച വരുത്താതിരിക്കേണ്ടതാണ്. ചന്ദ അഥവാ വരിപ്പണമില്ലാതെ ലോകത്ത് ഒരു സംഘടനയ്ക്കും പ്രവർത്തിക്കാൻ പറ്റുകയില്ല. റസൂൽ കരീം(സ) ഹസ്റത്ത് മൂസാ (അ) ഹസ്റത്ത് ഈസാ(അ) തുടങ്ങിയ എല്ലാ റസൂൽമാരുടെയും കാലത്ത് വരിപ്പണം സ്വരൂപിച്ചിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ ജമാഅത്തിലെ ആളുകളും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. ഇക്കൂട്ടർ ഓരോരോ പൈസയാണെങ്കിലും കൃത്യതയോടെ വർഷത്തിൽ കൊടുത്താൽ ഒരുപാടു കാര്യങ്ങൾ നടത്താൻ കഴിയും. അതേ, ഒരാൾ ഒരു പൈസപോലും കൊടുക്കുന്നില്ലെങ്കിൽ അയാൾ ഈ ജമാഅത്തിൽ നില്ക്കേണ്ട ആവശ്യമെന്താണ്?"

വീണ്ടും പറയുന്നു: "മനുഷ്യൻ മാർക്കറ്റിൽ പോകുമ്പോൾ കുട്ടികളുടെ കളിപ്പാട്ടം വാങ്ങാൻതന്നെ ഒരുപാട് പൈസ ചെലവഴിക്കുന്നു. അപ്പോൾ ഇവിടെ ഓരോരോ പൈസ കൊടുക്കുന്നതുകൊണ്ട് എന്തു സംഭവിക്കാനാണ്. ഭക്ഷണത്തിനായി ചെലവഴിക്കുന്നു. വസ്ത്രത്തിനായി ചെലവഴിക്കുന്നു. മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുന്നു. അപ്പോൾ ദീനിനുവേണ്ടി ധനം ചെലവഴിക്കുന്നതാണോ സഹിക്കാൻ പറ്റാത്തത്? ഈ കുറച്ചു ദിവസങ്ങളിൽ നൂറുകണക്കിന്നാളുകൾ ബയ്അത്ത് ചെയ്തിരിക്കുന്നതായി കാണാൻ കഴിഞ്ഞു. എന്നാൽ, വേദനയോടെ പറയട്ടെ! ഇവിടെ ചന്ദ അഥവാ വരിപ്പണം ആവശ്യമുണ്ടെന്ന് അവരോട് ആരുംതന്നെ പറഞ്ഞില്ല. സേവനം ചെയ്യൽ വളരെ ഫലപ്രദമാണ്. സേവനം ചെയ്യുന്നതനുസരിച്ച് വിശ്വാസം ബലമുള്ളതായിത്തീരുന്നു. ഒരിക്കലും സേവനം ചെയ്യാത്തവന്റെ ഈമാനെ സംബന്ധിച്ച് നമുക്ക് ആശങ്കയുണ്ട്. ഞാൻ ഇത്ര ചന്ദ കൊടുക്കുന്നതാണെന്ന് നമ്മുടെ ജമാഅത്തിലെ ഓരോ വ്യക്തിയും പ്രതിജ്ഞ ചെയ്യേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ആരാണോ അല്ലാഹുവിനുവേണ്ടി പ്രതിജ്ഞ ചെയ്യുന്നത് അല്ലാഹു അവന്റെ രിസ്ഖിൽ- അതായത് ജീവിത വിഭവത്തിൽ അനുഗ്രഹം നല്കുന്നു."

വീണ്ടും പറയുന്നു: "ചന്ദ അഥവാ വരിപ്പണവും ശേഖരിക്കുന്നുണ്ടെന്ന കാര്യമറിയാത്ത നിരവധിയാളുകളുണ്ട്. നിങ്ങൾ സത്യമായും ബന്ധം വയ്ക്കുന്നവരാണെങ്കിൽ ഇത്ര ചന്ദ നിർബന്ധമായും ഞാൻ കൊടുക്കുമെന്ന് അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്യാൻ അവർക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. പൂർണ്ണമായും പിൻപറ്റാനും അറിവില്ലാത്തവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക. ഈ പ്രതിജ്ഞപോലും അവർക്ക് ചെയ്യാനൊക്കുന്നില്ലെങ്കിൽ ജമാഅത്തിൽ ചേർന്നതുകൊണ്ടെന്തു ഫലം. അറുപിശുക്കനാണെങ്കിലും തന്റെ ധനത്തിൽനിന്ന് നിത്യവും ഒരു പൈസയെങ്കിലും ചന്ദ കൊടുക്കുന്നതിനായി മാറ്റിവെച്ചാൽ അവനും ഒരുപാട് കൊടുക്കാൻ കഴിയും. ഓരോരോ തുള്ളിയിൽനിന്ന് നദിയുണ്ടാകുന്നു. നാല് ചപ്പാത്തി തിന്നുന്നവൻ ഒരു ചപ്പാത്തിയുടെ അളവ് അതിൽനിന്ന് ജമാഅത്തിനുവേണ്ടി മാറ്റിവയ്ക്കട്ടെ. അത്തരം പ്രവർത്തനങ്ങൾക്കായി ഇപ്രകാരം മാറ്റിവയ്ക്കുന്ന ശീലരായിത്തീരുക. ചന്ദ അഥവാ വരിപ്പണശേഖരണം ഈ ജമാഅത്ത് മുഖേനയല്ല തുടങ്ങിയത്. മറിച്ച്, പണം ആവശ്യം വന്നപ്പോൾ നബിമാരുടെ കാലഘട്ടങ്ങളിൽ ചന്ദകൾ ശേഖരിക്കപ്പെട്ടിരുന്നു." (*മൽഫൂസാത്ത് വാള്യം 3, പേ:358-361*)

### കുട്ടികളെ ഉപദേശിക്കുക

പെരുന്നാളാണ് വരുന്നത്. കുട്ടികൾക്ക് പെരുന്നാൾപ്പൊടിയും സമ്മാനങ്ങളും കിട്ടാറുണ്ട്. പണമായിട്ടും കിട്ടാറുണ്ട്. അതിൽനിന്നും ചന്ദ കൊടുക്കാൻ കുട്ടികളോട് പറയുക. ഇതുമുഖേന ചന്ദകൊടുക്കേണ്ടതിന്റെ പ്രാധാന്യത്തിന്റെ ബോധവും ഉണ്ടാകും. ചുമതലാബോധവും ഉണ്ടാകും. അല്ലാഹുവിന്റെ ദീനിനുവേണ്ടി ചെലവഴിക്കേണ്ടതും ത്യാഗം ചെയ്യേണ്ടതും തന്റെ നിർബന്ധകടമയാണെന്ന് കുട്ടി ചിന്തിക്കാൻ തുടങ്ങും; വലുതാകുമ്പോൾ ഈ ചിന്ത കരുത്തുള്ളതായിത്തീരുകയും ചെയ്യും.

നവാഗതരായ ആളുകളെക്കുറിച്ചു പറഞ്ഞു: അവർ ബയ്അത്ത് ചെയ്യുന്നു. അവർ ചന്ദ കൊടുക്കുന്നില്ല. ചന്ദ കൊടുക്കുന്നശീലം ആദ്യം മുതലേ അവരിലുണ്ടാക്കേണ്ടതാണ്. തന്റെ ദീനിനുവേണ്ടി ത്യാഗം ചെയ്യാൻ അല്ലാഹു കല്പിച്ചിട്ടുള്ള കാര്യമാണ്. അതുമുഖേന ഈമാൻ വർദ്ധിക്കുന്നു. എന്തെങ്കിലും ധനത്യാഗം ചെയ്യണമെന്ന് നവാഗതരായ അഹ്മദികളോട് ആരുംതന്നെ പറയുന്നില്ല. ഇക്കാര്യം പറയേണ്ടതും വളരെ ആവശ്യമാണ്. ധനത്യാഗം ചെയ്യാത്തവരുടെ ഈമാൻ അപകടത്തിലാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. ഇന്ത്യയിലും ആഫ്രിക്കൻരാജ്യങ്ങളിലും ഈ ശീലം ഉണ്ടാക്കിയിരുന്നെങ്കിൽ ചന്ദയും എവിടെയോ എത്തിക്കഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. അംഗങ്ങളും

വർദ്ധിക്കുമായിരുന്നു.

**അല്പം ചരിത്രവും കൂടി**

ഇനി ഞാൻ വീണ്ടും തഹ്‌രീകെ ജദീദിന്റെ പുതുവർഷത്തിലേക്ക്- അത് ആരംഭിക്കേണ്ടതാണ്- വരുന്നു. പക്ഷേ, ഈ വർഷത്തിന്റെ ആരംഭത്തിൽ സാമ്പത്തികനില പറയുന്നതിനോടൊപ്പം ചന്ദ കൊടുക്കുന്നവരുടെ എണ്ണവും അതിനോടൊപ്പം പുതുവർഷ പ്രഖ്യാപനവുമാണ് നടത്തുന്നത്. പുതുവർഷം പ്രഖ്യാപിക്കുന്നതിനുമുമ്പേ, ബാക്കിയായ അല്പം ചരിത്രംകൂടി പറഞ്ഞുതീർക്കട്ടെ. തഹ്‌രീകെ ജദീദിന്റെ ആദ്യഘട്ടം പത്തുവർഷത്തേക്കായിരുന്നു. ഈ പദ്ധതി ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആരംഭിച്ചപ്പോൾ ആ നേരത്ത് അവിടന്ന് 'ഈ പത്തു വർഷത്തെ കാലഘട്ടത്തിന്' ദഫ്തർ എന്നാണ് വിളിച്ചത്. 1934-ലാണ് ഇത് ആരംഭിച്ചത്. ആദ്യത്തെ പത്തുവർഷത്തെ ദഫ്തറെ അവ്വൽ എന്നുപറയുന്നു. അതായത് ഒന്നാമത്തെ ദഫ്തർ. ഇതിൽ അയ്യായിരമാളുകൾ പങ്കെടുത്തിരുന്നു. പിന്നീട് പ്രവർത്തനത്തിന്റെ രൂപമനുസരിച്ച്, അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് അവിടന്ന് അതിനെ പത്തുവർഷം വർദ്ധിപ്പിച്ചു. ഈ രണ്ടാമത്തെ കാലഘട്ടത്തിന് ദഫ്തറെ ദോം എന്ന് പേരുവയ്ക്കപ്പെട്ടു. ദഫ്തറെ ദോംന് ആരംഭത്തിൽ കാലനിർണ്ണയം ചെയ്തിരുന്നില്ല. ഞാൻ നോക്കിയിടത്തോളം, പിന്നീട് കിട്ടിയ അവിടത്തെ ഒരു നിർദ്ദേശത്തിൽനിന്ന് ഈ ദഫ്തർ നിലനിന്നുകൊണ്ടുപോകുമെന്നും ഓരോ കാലഘട്ടവും ഓരോ ദഫ്തറും 19 വർഷമായിരിക്കുമെന്നും മനസ്സിലാകുന്നുണ്ട്. എന്നാൽ ദഫ്തറെ ദോം- രണ്ടാമത്തെ ദഫ്തർ ഹസ്റത്ത് ഖലീഫത്തുൽ മസീഹ്സ്സാനിക്കുണ്ടായ ദീർഘമായ രോഗം നിമിത്തം ആദ്യത്തെ ദഫ്തർ അവസാനിപ്പിച്ച് പുതിയ ദഫ്തർ തുടങ്ങിയില്ല. 1964-ൽ ആയിരുന്നു മൂന്നാമത്തെ ദഫ്തർ തുടങ്ങേണ്ടിയിരുന്നത്. പക്ഷേ, അന്നത് തുടങ്ങിയില്ല. 1966-ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് റഹ്മഹുല്ലാഹ് നവാഗതർക്കുവേണ്ടി മൂന്നാമത്തെ ദഫ്തർ പ്രഖ്യാപിച്ചു. പറഞ്ഞു: ഇത് ഹസ്റത്ത് മുസ്‌ലീഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ ആരംഭിക്കേണ്ടതായിരുന്നു. അതുകൊണ്ട് ഞാനിത് 1965 നവംബർ ഒന്നുമുതൽ ആരംഭിക്കുന്നതായി പ്രഖ്യാപിക്കുകയാണ്. ഇപ്കാരം ഈ ദഫ്തർ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖിലാഫത്ത് കാലത്തോട് കുറിയാക്കപ്പെടുന്നതാണ്. കാരണം ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വഫാത്തായത് 1965 നവംബർ 9-നാണ്. എന്നാൽ, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) പറഞ്ഞു: ഞാനാണ് ഈ ദഫ്തർ വിളംബരം ചെയ്യുന്നത്. അതുകൊണ്ട് അതിന്റെ ഫലം എനിക്കും കിട്ടുന്നതാണ്. എന്തായാലും ഈ മൂന്നാമത്തെ ദഫ്തറിന്റെ പ്രഖ്യാപനം ഉണ്ടായത് മൂന്നാമത്തെ ഖിലാഫത്തുകാലത്താണ്. നാലാമത്തെ ദഫ്തറിന്റെ ആരംഭം കുറിച്ചത് 19 വർഷത്തിനുശേഷം 1985-ൽ നാലാമത്തെ ഖിലാഫത്തുകാലത്താണ്. ആ നിയമമനുസരിച്ച് (ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വെച്ചനിയമമാണ് ഒരു ദഫ്തർ 19 വർഷമായിരിക്കുമെന്നത്) ഇന്ന് നാലാമത്തെ ദഫ്തറിന് 19 വർഷം പൂർത്തിയായിരിക്കുന്നു. അതുകൊണ്ട് ഇന്ന് അഞ്ചാമത്തെ ദഫ്തർ ആരംഭിക്കുകയാണ്. ഇൻശാഅല്ലാഹ്. ഇനി എത്രത്തോളം മുജാഹിദീൻ തഹ്‌രീകെ ജദീദിന്റെ സാമ്പത്തികത്യാഗത്തിൽ പങ്കെടുക്കുമോ അവരെല്ലാം അഞ്ചാമത്തെ ദഫ്തറിൽ ഉൾപ്പെടുന്നതാണ്.

**ചേർന്നിട്ടില്ലാത്തവർ ചേരേണ്ടതാണ്**

പുതിയതായി ബയ്അത്ത് ചെയ്ത് ജമാഅത്തിലേക്ക് വരുന്നവരിൽ സാമ്പത്തികത്യാഗത്തിന്റെ ശീലമുണ്ടാക്കിത്തീർക്കണമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. കഴിഞ്ഞ വർഷങ്ങളിൽ അഹ്മദിയാകുകയും എന്നാൽ ഇതുവരെ തഹ്‌രീകെ ജദീദിൽ പങ്കെടുക്കാതിരിക്കുകയും ചെയ്തിട്ടുള്ള എല്ലാവരെയും തഹ്‌രീകെ ജദീദിൽ പങ്കെടുപ്പിക്കാൻ പരിശ്രമിക്കണമെന്ന് ഞാൻ ഇതുമുഖേന ബന്ധപ്പെട്ട ഓഫീസിനോടു നിർദ്ദേശിക്കുകയാണ്. അവർ അഞ്ചാമത്തെ ദഫ്തറിൽ ആയിരിക്കും ഗണിക്കപ്പെടുക. ഞാൻ പറഞ്ഞതുപോലെ, സാമ്പത്തികമായ ത്യാഗം ദീനീപരമായ പ്രവർത്തനങ്ങൾക്കു നിർബന്ധമാണെന്ന് അവരോട് പറയുക. നിങ്ങളുടെയടുത്ത് അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിയത് തഹ്‌രീകെജദീദിൽ സാമ്പത്തികത്യാഗം ചെയ്തവർ കാരണത്താലാണെന്ന് അവരെ അറിയിക്കുക. അതുകൊണ്ട് നിങ്ങൾ ഇതിൽ പങ്കെടുക്കുക; നിങ്ങളുടെ ജീവിതത്തേയും നന്നാക്കിത്തീർക്കുന്നവരായിത്തീരാൻ. ഈ സന്ദേശത്തെ മറ്റുള്ളവർക്കും എത്തിച്ചുകൊടുക്കുന്നവരിൽ ഉൾപ്പെടാൻ. അതിന്റെ ഭാഗമായിത്തീരാൻ. ഇന്ത്യയിലും ആഫ്രിക്കയിലും ഈ സാമ്പത്തികത്യാഗത്തിൽ പങ്കെടുക്കാത്ത നിരവധി പേരുണ്ടെന്ന് എനിക്കറിയാം. അവരെ സാമ്പത്തികത്യാഗങ്ങളിൽ പങ്കെടുപ്പിക്കുക. അഞ്ചാമത്തെ ദഫ്തറിൽ നവജാതശിശുക്കളേയും ഉൾപ്പെടുത്തേണ്ടതാണ്. ഒരുപാടാളുകൾ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള ആഫ്രിക്കയിൽ നിന്ന് അവരെ സാമ്പത്തികവ്യവസ്ഥിതിയിൽ ഉൾപ്പെടുത്താതിരുന്നത് നമ്മുടെ അലസതയാണ്. ബയ്അത്ത് ചെയ്യിപ്പിച്ചതിനുശേഷം അവരുമായി ശരിയായനിലയിൽ ബന്ധം നിലനിറുത്തിയില്ല എന്നതാണ് അതിനൊന്നാമത്തെ കാരണം. സാമ്പത്തികമായ ത്യാഗങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ശരിയായ ബോധവൽക്കരണവും നടത്തിയില്ല. ആഫ്രിക്കയിൽ അതുപോലെതന്നെ ഇന്ത്യയിലും ബയ്അത്ത് ചെയ്തെങ്കിലും ജമാഅത്തുമായി ബന്ധമില്ലാത്ത ഒരുപാടാളുകളുണ്ടെന്നും അവരുമായി ബന്ധം വയ്ക്കേണ്ടതാണെന്നും ഞാൻ ജമാഅത്തിനോട് പറഞ്ഞപ്പോൾ അവർ അവരുമായി ബന്ധപ്പെടാൻ തുടങ്ങി. ഇപ്പോൾ, ഞങ്ങളെക്കൊണ്ട് ബയ്അത്ത് ചെയ്യിച്ച് ഞങ്ങളെ ഉപേക്ഷിച്ച് പൊയ്ക്കളഞ്ഞു എന്ന് അവർ പരാതിപ്പെട്ടു. ചിലയാളുകൾ വലിയ വെറുപ്പാണ് പ്രകടിപ്പിച്ചത്. ചില രാജ്യങ്ങളിൽ പര്യടനത്തിനായി ഞാൻ പോയപ്പോൾ, അതിനെക്കുറിച്ചറിയാത്തവർ ഞങ്ങളെ എന്തുകൊണ്ട് അറിയിച്ചില്ല, ഞങ്ങൾ കാണുന്നതിന് വരുമായിരുന്നല്ലോ എന്ന് പറയുകയുണ്ടായി. അവർ പറഞ്ഞു: ഞങ്ങൾ അഹ്മദിയ്യത്തിൽ നിലകൊള്ളുന്നു എന്നത് ശരിതന്നെ. കുറച്ചുനാൾ കൂടി നിങ്ങൾ വന്നില്ലായിരുന്നെങ്കിൽ ഞങ്ങളുമായി ബന്ധപ്പെട്ടില്ലായിരുന്നെങ്കിൽ ഞങ്ങൾ വീണ്ടും ആദ്യമേ ഞങ്ങൾ അകപ്പെട്ടിരുന്ന അന്ധകാര

ത്തിലേക്കുതന്നെ ചെന്നെത്തപ്പെടുമായിരുന്നു. ഈ ബന്ധം തുടർന്നുകൊണ്ടുപോകാൻ ഞാൻ ജമാഅത്തുകളോടു പറയുകയാണ്. അത് വിശാലമാക്കുക. അവരുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കുക. നിങ്ങളുടെ അലസതയും മടിയും അകറ്റുക. നവാഗതരായ ഇക്കൂട്ടരേയും പേരിനു മാത്രമാണെങ്കിൽപോലും സാമ്പത്തികത്യാഗങ്ങളിൽ പങ്കെടുപ്പിക്കുക. നവജാതരായ ശിശുക്കളേയും മാതാപിതാക്കൾ ഈ പദ്ധതിയിൽ ചേർക്കുക. വാഖ്ഫീനെ നൗ കുട്ടികളെ തീർച്ചയായും എന്നല്ല ജനിക്കുന്ന എല്ലാ കുട്ടികളേയും ഇതിൽ ഉൾപ്പെടുത്തുക. ചില അഹ്മദികളുടെ ഈമാൻ ഇതുമുഖേനയും തനിപ്പൂത്തനായിത്തീരുന്നു. കുട്ടികളില്ലാത്ത ദമ്പതികൾ ഇല്ലാത്ത കുട്ടികളുടെ പേരിൽ തഹ്രീകെ ജദീദിൽ ചന്ദ കൊടുക്കാൻ തുടങ്ങി. ഒരു കുട്ടിക്ക് നൂറുരൂപ കണക്കനുസരിച്ച് നാന്നൂറ് രൂപ കൊടുക്കാൻ തുടങ്ങി. (പാക്കിസ്ഥാനിൽ നടന്നതാണ്) അല്ലാഹു അനുഗ്രഹിച്ചു. കുറച്ചുകാലത്തിനുശേഷം അവർക്ക് കുട്ടിയുണ്ടാകുമെന്ന ലക്ഷണങ്ങൾ കണ്ടു. ഇപ്പോൾ നാലു കുട്ടികളുണ്ട്. എത്ര കുട്ടികളുടെ പേരിലാണോ ചന്ദ കൊടുത്തത് അത്രയും കുട്ടികളെ അല്ലാഹു അവർക്ക് കൊടുത്തു. അല്ലാഹു ചിലപ്പോൾ പെട്ടെന്നാണ് ഇത്തരം കാഴ്ചകൾ കാണിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ കുട്ടികളുടെ പേരിൽ സദുദ്ദേശ്യത്തോടെ നിസ്സാര തുകയാണ് കൊടുക്കുന്നതെങ്കിലും അല്ലാഹുവിൽനിന്ന് അതിന് വൻപ്രതിഫലമാണ് ലഭിക്കുന്നത്. ജമാഅത്തിൽ അല്ലാഹുതആല ഒരുപാടാളുകൾക്ക് ഈ കാഴ്ച കാണിക്കുന്നു. പിന്നീട് അതേ ചന്ദ കാരണത്താൽ, ആ അനുഗ്രഹം കാരണത്താൽ നിങ്ങളുടെ വീട് ബർക്കത്തുകൾകൊണ്ട് നിറയുന്നു.

### ത്യാഗമനോഭാവം വളർത്തുന്ന പദ്ധതി

തഹ്രീകെ ജദീദ് പദ്ധതി, വസിയ്യത്ത് പദ്ധതിയ്ക്കുള്ള മുന്നറിയിപ്പു നല്കുന്നവനാണെന്ന് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിക്കൽ പറയുകയുണ്ടായി. അതായത് ഇതിന്റെ കാരണത്താൽ വസിയ്യത്തും കരുത്താർജ്ജിക്കും. സാമ്പത്തിക ത്യാഗങ്ങൾക്ക് ശീലമുണ്ടാക്കുന്നതിനുള്ള അടിത്തറയായിരിക്കുമിത്. ഇത് അഗ്രദൂതനാണ്. ഇത് മുമ്പേനടന്ന് വിവരം നല്കുന്ന ദൂതനാണ്. മുന്നറിയിപ്പു നല്കുന്ന സൈന്യമാണ്. ഒരു മഹത്തായ പദ്ധതി ഇതിന്റെ പിന്നാലെ വരുന്നുവെന്ന് ജനങ്ങളോട് വിളിച്ചുപറഞ്ഞുകൊണ്ട് ഇത് മുന്നോട്ടുപോകുകയാണ്. വസിയ്യത്ത് വ്യവസ്ഥിതിയ്ക്ക് ഖിലാഫത്ത് വ്യവസ്ഥിതിയുമായും അഗാധബന്ധമുണ്ട്. വസിയ്യത്ത് വ്യവസ്ഥിതിയോടൊപ്പം ത്യാഗങ്ങളുടെ നിലവാരവും മെച്ചപ്പെടേണ്ടതുണ്ട്. അതുകൊണ്ട് ത്യാഗങ്ങളുടെ ശീലമുണ്ടാക്കാനാണ് ആദ്യം തഹ്രീകെ ജദീദ് വ്യവസ്ഥിതി. ആ ത്യാഗങ്ങളുടെ നിലവാരം മെച്ചപ്പെടുന്നതോടെ സൃഷ്ടികളോടുള്ള കടപ്പാട് നിറവേറ്റുന്നതിന്റെ നിലവാരവും ഉയരുന്നതാണ്. ജമാഅത്തുകൾ ഇക്കാര്യത്തിലേക്ക് തികച്ചും ശ്രദ്ധിക്കുക; ഈ ത്യാഗം കാരണത്താൽ വസിയ്യത്ത് വ്യവസ്ഥിതിയും കൂടുതൽ കെട്ടുറപ്പുള്ളതായിത്തീരാൻ.

ഇനി കുറച്ചു കണക്കുവിവരങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ ഒന്നാമത്തെ ദഫ്ത്തറിന്റെ എഴുപത്തൊന്നാം വർഷത്തിന്റേയും രണ്ടാമത്തെ ദഫ്ത്തറിന്റെ 65-ാം വർഷത്തിന്റേയും മൂന്നാമത്തെ ദഫ്ത്തറിന്റെ 40-ാം വർഷത്തിന്റേയും നാലാമത്തെ ദഫ്ത്തറിന്റെ 20-ാം വർഷത്തിന്റേയും അഞ്ചാമത്തെ ദഫ്ത്തറിന്റെ പ്രഥമ വർഷത്തിന്റേയും വിളംബരം ചെയ്യുന്നതാണ്. എന്റെ ആഗ്രഹം ആവർത്തിക്കുകയാണ്. രണ്ടാമതും പറയുകയാണ്. രണ്ടും മൂന്നും നാലും ദഫ്ത്തറിലുള്ളവർ തങ്ങളുടെ ഒന്നാമത്തെ ദഫ്ത്തറിലുള്ള സജ്ജനങ്ങളുടെ കണക്ക് രജിസ്റ്റർ പുനരുജ്ജീവിപ്പിക്കാൻ പരിശ്രമിക്കുക.

### 127 രാഷ്ട്രങ്ങൾ തഹ്രീകെ ജദീദിൽ

എന്തായാലും ഓരോ വർഷവും കഴിഞ്ഞവർഷത്തെക്കാൾ വളർച്ച ജമാഅത്തിനുണ്ടാകുന്ന വിധത്തിലാണ് അല്ലാഹു നമ്മോട് എപ്പോഴും പെരുമാറുന്നത്. ജമാഅത്തിന് ത്യാഗം ചെയ്യാനുള്ള തൗഫീഖ് ലഭിക്കുന്നു. ഈ വർഷവും അല്ലാഹു ഫള്ൽ ചെയ്തിരിക്കുന്നു. അസാധാരണമായ നിലയിൽ ത്യാഗങ്ങൾ വരിക്കാൻ ഈവർഷം ജമാഅത്തിന് തൗഫീഖ് കിട്ടി. 127 രാഷ്ട്രങ്ങൾക്ക് തഹ്രീകെജദീൽ പങ്കെടുക്കാൻ തൗഫീഖ് കിട്ടിക്കഴിഞ്ഞിരിക്കുന്നു. റിപ്പോർട്ടനുസരിച്ച് മൊത്തത്തിൽ തഹ്രീകെജദീദിന്റെ സാമ്പത്തികത്യാഗം 31,60,000 പൗണ്ടാണ്. കഴിഞ്ഞവർഷത്തെക്കാൾ 348000 പൗണ്ട് അധികമാണിത്. സ്ഥാനങ്ങളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യം ഉണ്ടായിട്ടും പാക്കിസ്ഥാൻ തങ്ങളുടെ ഒന്നാം സ്ഥാനം നിലനിറുത്തിയിരിക്കുന്നു. കഴിഞ്ഞവർഷത്തെപ്പോലെ അമേരിക്കയും അവരുടെ രണ്ടാംസ്ഥാനം നിലനിറുത്തിയിട്ടുണ്ട്. പക്ഷേ, വ്യക്തിഗതമായി ശരാശരി കണക്കനുസരിച്ച് അമേരിക്ക ഒന്നാം സ്ഥാനത്താണ്. ഇവിടത്തുകാരായ നിങ്ങൾക്കും സന്തോഷവാർത്തയുണ്ട്. ഈ വർഷം ഒരു സ്ഥലത്ത് നിങ്ങൾ അറച്ചുനിന്നുപോയിരുന്നു. ഇപ്പോൾ ചുവടു മുന്നോട്ടുവെച്ചു. ബ്രിട്ടൻ മൂന്നാം സ്ഥാനത്താണ്. 35 ശതമാനം അധികം തുക അടച്ചുകഴിഞ്ഞിരിക്കുന്നു. മാശാഅല്ലാഹ് ബ്രിട്ടൻജമാഅത്തും സാമ്പത്തിക ത്യാഗത്തിൽ ഒരുപാട് വളരുകയാണ്. പള്ളികൾക്കുവേണ്ടിയും വൻതുകകൾ സമർപ്പിക്കുന്നു. പള്ളിനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. അതിനുള്ള പദ്ധതികൾക്ക് ആഹ്വാനങ്ങളുമുണ്ട്. അല്ലാഹുതആല നിങ്ങൾക്കെല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ. എന്നല്ല, ലോകത്ത് ചന്ദകൊടുക്കുന്ന എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ ധനത്തിലും ജീവനിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

### ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ

മൊത്തത്തിലുള്ള ത്യാഗങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങളിൽ ഒന്നാംസ്ഥാനം പാക്കിസ്ഥാനാണ്. രണ്ട്- അമേരിക്ക, മൂന്ന്- ബ്രിട്ടൻ, നാല്- ജർമ്മനി, അഞ്ച്- കാനഡ (ജർമ്മനിക്കാരും കാനഡക്കാരും കൂടുതൽ പരിശ്രമിക്കേണ്ടതാണ്) ആറ്- ഇൻഡോനേഷ്യ, ഏഴ്- ഇന്ത്യ, എട്ട്- ബൽജിയം, ഒമ്പത്- സ്വിറ്റ്സർലാന്റ്, പത്ത്- ആസ്ത്രേലിയ, മൊറേഷ്യസ്. മിഡിൽ ഈസ്റ്റ് ജമാഅത്തുകളിൽ സഊദിഅറേബ്യായും, അബൂദാബിയും ആഫ്രിക്കയിൽ ഘാനയും പ്രത്യേകം സ്മരണാർഹരാണ്. അല്ലാഹു എല്ലാവർക്കും പ്രതിഫലം നല്കുമാറാക

ട്ടെ. അംഗസംഖ്യയിലും അല്ലാഹുതആല അനുഗ്രഹിച്ചിട്ടുണ്ട്. 4,18,000-ൽ അധികം അംഗങ്ങളാണുള്ളത്. കഴിഞ്ഞവർഷത്തെക്കാൾ 34,000 അധികമാണിത്. ഇതിൽ ഘാന, ഇന്തോനേഷ്യ, ബ്രിട്ടൻ, ജർമ്മനി, കാനഡ തുടങ്ങിയ ജമാഅത്തുകൾ വ്യക്തമായും പ്രവർത്തിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ, കൂടുതൽ ഇതിലേക്ക് ശ്രദ്ധിച്ചാൽ, നാവഗതരായ അഹ്മദികളേയും, ഇതിൽ പങ്കെടുപ്പിക്കാൻ പരിശ്രമിച്ചാൽ ഇൻശാഅല്ലാഹ് ഈ വർദ്ധനവ് ആയിരത്തിലല്ല, ലക്ഷങ്ങളായി ഉയരുമെന്ന് ഞാൻ കരുതുന്നു. ശ്രദ്ധിക്കേണ്ട ആവശ്യമേയുള്ളൂ.

പാക്കിസ്ഥാനിൽ അവർ തമ്മിൽ തമ്മിലും ഒരു മത്സരമുണ്ടാകാറുണ്ട്. അതുകൊണ്ട് അവരിൽ ആരാണ് ഒന്നാം സ്ഥാനത്തെന്നറിയാൻ അവർക്ക് ആകാംക്ഷയുണ്ടാകും. അവരിൽ ഒന്നാംസ്ഥാനം ലാഹോറിനാണ്. രണ്ട്-കറാച്ചി, മൂന്ന്- റബ്വ. അതുകഴിഞ്ഞാൽ റാവൽപ്പിണ്ടി, ഇസ്ലാമാബാദ്, ഫയ്സലാബാദ്, മുൽതാൻ, കോയിട്ട, സർഗോധാ, ഗോജറൻവാല, ശേഖോപുരാ, ഡേരാഗാസിഖാൻ, നവാബ്ശാഹ്, ഒക്കാഡ എന്നീ ജമാഅത്തുകളാണ്. ജില്ലാടിസ്ഥാനത്തിൽ സിയാൽക്കോട്ട്, മീർപൂർഖാസ്, ബഹാവൽനഗർ, പെശാവർ, ബഹാവൽപൂർ, നാറോവാൽ, ബദയ്ൻ, ഝലം, സാൻഗഡാ, ദഹാസി എന്നീ ജമാഅത്തുകളാണ്.

**പ്രത്യേകം പ്രാർത്ഥിക്കുക**

പാക്കിസ്ഥാനിലേയും ബംഗ്ലാദേശിലേയും ജമാഅത്തുകൾക്കുവേണ്ടിയും പ്രത്യേകമായും പ്രാർത്ഥിക്കാൻ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ അക്രമികൾ ശക്തമായ എതിർപ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ എല്ലാ ഉപദ്രവങ്ങളിൽനിന്നും അല്ലാഹു അഹ്മദികളെ രക്ഷിക്കുമാറാകട്ടെ. പ്രത്യേകിച്ച് ബംഗ്ലാദേശിൽ ഈയിടെയായി കൂടുതൽ ഉപദ്രവം പരത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നേവരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബംഗ്ലാദേശ് സർക്കാർ വളരെ ബുദ്ധിപൂർവ്വം പ്രവർത്തിച്ചുവരികയാണ്. ഡാക്കയിൽ ഇന്ന് ഒരു പള്ളി ആക്രമിക്കാൻ എതിരാളികൾ പദ്ധതിയിട്ടിരുന്നു; എന്നല്ല പള്ളി ആക്രമിക്കാൻ വന്നിരുന്നു. ആയിരക്കണക്കിന്നാളുകൾ ഉണ്ടായിരുന്നു. പക്ഷെ, പോലീസ് ഇടപെട്ട് എല്ലാറ്റിനേയും ഓടിച്ചു. സർക്കാർ ധാരാളം പോലീസുകാരെ നിയമിച്ചിരുന്നു. സ്വർഗ്ഗം കരസ്ഥമാക്കാൻ വന്നവർ പോലീസിനെ കണ്ടപ്പോൾ ഓടിപ്പോയി. ഇതാണ് ഇക്കൂട്ടരുടെ ധൈര്യം. പക്ഷേ, ഇതിലും ജനങ്ങൾ മുല്ലാമാരുടെ കൈകളാൽ വിഡ്ഢികളാക്കപ്പെടുന്നു. മുല്ലാമാർ എപ്പോഴും മരിക്കുന്നതിനുവേണ്ടി മറ്റുള്ളവരെയാണ് മുമ്പിൽ നിറുത്തുക. അവർ സ്വയം ഒരിക്കലും മുമ്പിൽ വരില്ല. അല്ലാഹു ബംഗ്ലാദേശ് സർക്കാറിനെ ഉറപ്പിച്ചുനിറുത്തുമാറാകട്ടെ. ഈ മൗലവിമാരുടെ വലയിൽ കുടുങ്ങാതിരിക്കുമാറാകട്ടെ. ഇന്നുവരെ വളരെ ബുദ്ധിപൂർവമാണ് ഇവർ പ്രവർത്തിച്ചിട്ടുള്ളത്. ജമാത്തിലെ ആളുകൾക്ക് അടികൊള്ളുന്നതും ചീത്തകേൾക്കുന്നതും ശീലമാണ്. എന്നാൽ എന്നെങ്കിലും സർക്കാർ തങ്ങളുടെ കസേര സംരക്ഷിക്കുന്നതിനായി അഹ്മദികളെ ബുദ്ധിമുട്ടിച്ചാൽ, അല്ലെങ്കിൽ ബുദ്ധിമുട്ടിക്കുന്നവരുടെ കൂടെനിന്നാൽ, അനുഭവത്തിലൂടെ നമ്മൾ മനസ്സിലാക്കിയിട്ടുള്ളതാണ്; തുടർന്നും ഇതുതന്നെയായിരിക്കും സംഭവിക്കുക. ഇൻശാഅല്ലാഹ്. അതായത് ആ ഭരണത്തെ അല്ലാഹു നിലനിറുത്തിയിട്ടില്ല. അതുകൊണ്ട് ഈ ഭാഗത്തേക്കും അവർ ശ്രദ്ധിക്കേണ്ടതാണ്. ഈ സദുദ്ദേശ്യത്തോടെ ബംഗ്ലാദേശ് സർക്കാറിന് പ്രവർത്തിക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുതആല പാക്കിസ്ഥാൻ സർക്കാറിനും ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. കഴിഞ്ഞകാല അനുഭവങ്ങളിൽനിന്ന് അവർ പാഠം പഠിക്കേണ്ടതാണ്. അതായത്, മതത്തേയും രാഷ്ട്രത്തേയും വെവ്വേറെ വയ്ക്കേണ്ടതാണ്.

**റമളാൻ മാസത്തിലെ തുടക്കം**

ഈ റമളാനിൽ, ഈ അവസാനത്തെ പത്തിൽ പ്രത്യേകം ദുആചെയ്തുകൊണ്ടിരിക്കുക. ഏതെല്ലാം രാഷ്ട്രങ്ങളിലാണോ അഹ്മദിയ്യത്തിനെതിരെ വെറുപ്പും വിദ്വേഷവും പരത്തിക്കൊണ്ടിരിക്കുന്നത് അവർക്കുവേണ്ടിയും ദുആ ചെയ്യുക. സാമ്പത്തികത്യാഗങ്ങളിൽ ഉത്സാഹത്തോടെ പങ്കെടുക്കുന്നവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. 'അഞ്ചാമത്തെ ദഫ്തർ'ന് തുടക്കം കുറിക്കാനും അല്ലാഹുതആല റമസാൻ മാസത്തിൽ- ഈ അവസാന പത്തിൽ അവസരം നല്കി. ഇതിലും അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. എന്റെ ആഗ്രഹംപോലെ ആദ്യവർഷം തന്നെ ലക്ഷക്കണക്കിന്നാളുകൾ ഇതിൽ പങ്കാളികളാവട്ടെ; ത്യാഗങ്ങൾ വരിക്കുന്നവരിൽ അസാധാരണമായ വർദ്ധനയുണ്ടാകുന്നതിനുവേണ്ടി.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്റെ പ്രിയപ്പെട്ട സ്നേഹിതരേ! നിങ്ങളോടു അനുകമ്പാപൂർവ്വം പെരുമാറാനുള്ള സത്യമായ അഭിനിവേശം അല്ലാഹുതആല എനിക്ക് നല്കിയിരിക്കുന്നുവെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. നിങ്ങളുടെ ഈമാനിന്റെയും ഇർഫാനിന്റെയും വർദ്ധനവിനായി സത്യമായ ഈശ്വരജ്ഞാനം എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ഈ ഈശ്വരജ്ഞാനം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും അങ്ങേയറ്റം ആവശ്യമാണ്. നിങ്ങൾ നിങ്ങളുടെ പരിശുദ്ധമായ ധനത്തിൽനിന്ന് നിങ്ങളുടെ ദീനീപരമായ ഏർപ്പാടുകൾക്കുവേണ്ടി സഹായിക്കുക. അല്ലാഹുതആല ഐശ്വര്യം നല്കിയ നിലയ്ക്ക് ഓരോരുത്തരും അവരുടെ ശക്തിയും കഴിവുമനുസരിച്ച് ഈ വഴിയിൽ ചെലവഴിക്കാൻ മടികാണിക്കുന്നു. അല്ലാഹുവിനേക്കാളും റസൂലിനേക്കാളും നിങ്ങളുടെ ധനത്തെ മുന്തിക്കരുത്. പിന്നെ ഞാൻ, എന്റെ കഴിവനുസരിച്ച് ഗ്രന്ഥരചനയിലൂടെ, അല്ലാഹുവിന്റെ പരിശുദ്ധാത്മാവ് എനിക്കു നല്കിയ ആ അറിവുകളേയും അനുഗ്രഹങ്ങളേയും ഏഷ്യൻയൂറോപ്യൻ രാഷ്ട്രങ്ങളിൽ പരത്തുന്നതാണ്." (ഇസാലയെഔഹാം)

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ജമാഅത്തിനെ മുന്നോട്ടുകൊണ്ടുപോകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

*(വിവ: മുഹമ്മദ് ഇസ്മായീൽ എച്ച്.എ)*

ലേഖനം

# സുനാമി: ഖിയാമത്തിന്റെ കാഴ്ച

**എൻ. അബ്ദുർറഹീം**

രണ്ടുലക്ഷത്തോളം മനുഷ്യരെ ഒരു വീർപ്പിടയിൽ യമപുരിയ്ക്കയച്ചുകൊണ്ട് സുനാമി തെക്കുകിഴക്കൻ ഏഷ്യയുടെയും ഹിന്ദുമഹാസമുദ്രത്തിന്റെയും തീരപ്രദേശങ്ങളിൽ തിരയിളക്കങ്ങളുണ്ടാക്കി കടന്നുപോയി. 2004 ഡിസംബർ 26-ന് സുമാത്രയിൽനിന്ന് തുടങ്ങിയ അഭൂതപൂർവ്വമായ ഭീമൻകടൽകമ്പത്തിന്റെ അലയടികളും അനന്തരദുരന്തങ്ങളും ഇനിയും പൂർണ്ണമായും അവസാനിച്ചിട്ടില്ല. മണിക്കൂറിൽ 800 നാഴിക വേഗത്തിലും 50 മീറ്റർ ഉയരത്തിലും ആഞ്ഞടിച്ച തിരമാലകൾ സമുദ്രത്തിന്നടിയിലുണ്ടായ ഭൂകമ്പങ്ങൾ (റിക്ചർസ്കെയിൽ-9) ഇളക്കിവിട്ട അപൂർവ്വ പ്രതിഭാസങ്ങളായിരുന്നു. സുനാമികൾ ഇതിനുമുമ്പും ജപ്പാനിലും തെക്കെ അമേരിക്കയിലും മറ്റും കടൽക്ഷോഭങ്ങൾ ഉണ്ടാക്കിയിരുന്നുവെങ്കിലും ഇത്രയും ഭീകരമായ രൂപത്തിലും ഇത്രയും ഭയാനകമായ ഭാവത്തിലും ഇത്രയും വ്യാപകമായ വൃത്തത്തിലും ഇതിനുമുമ്പ് ഒരിക്കലും സംഭവിച്ചിട്ടില്ല. ആയിരക്കണക്കിൽ നാഴികനീളത്തിൽ നീണ്ടുകിടക്കുന്ന ഹിന്ദുമഹാസമുദ്രത്തിന്റെ അടിയിലൂടെ നീങ്ങിയ ജലചലനങ്ങൾ ഭൂകമ്പങ്ങളുടേയും വെള്ളപ്പൊക്കങ്ങളുടേയും വേലിയേറ്റങ്ങളുടേയും ചുഴലികളുടേയും രൂപത്തിൽ കടൽതീരങ്ങളിലെ ജനലക്ഷങ്ങൾക്ക് നാശദൃശ്യങ്ങൾ കാഴ്ചവെച്ചു.

ഓർക്കാപ്പുറത്തുണ്ടായ ഈ സുനാമിയെ കുറിച്ച് മുന്നറിയിപ്പുകളോ സാന്ത്വനങ്ങളോ നൽകാനാവുമായിരുന്നില്ല എന്നതിനാൽ ഗവർമ്മെന്റുകൾ പകച്ചുനിന്നു. സുനാമിയെകുറിച്ച് പ്രവചനം ചെയ്യാൻ നിലവിലുള്ള ആധുനിക സംവിധാനങ്ങളൊന്നും പര്യാപ്തങ്ങളല്ല. മുന്നറിയിപ്പുണ്ടായെങ്കിൽ ചെറിയതോതിലെങ്കിലും മരണനിരക്ക് കുറക്കാമായിരുന്നു. ശാസ്ത്രീയമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത ഇന്ത്യൻ പ്രസിഡന്റ് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ദുരന്തങ്ങളിൽ മരണപ്പെട്ട ആയിരക്കണക്കിനാളുകളുടെ ജഡങ്ങൾ സംസ്കരിക്കുന്നതുതന്നെ വൻപ്രശ്നങ്ങളാണ്. ലക്ഷക്കണക്കിൽ ആളുകൾ പരിക്കേറ്റവരായുണ്ട്. അവരെ ആസ്പത്രികളിലും രക്ഷാസ്ഥാനങ്ങളിലും എത്തിക്കുക അതിലും വലിയ പ്രശ്നമാണ്. സുനാമിക്ക് ഇരയായവരിൽ മൂന്നിലൊരുഭാഗം കുട്ടികളാണത്രെ. അവർ ബന്ധുക്കളിൽനിന്നും അകന്നുപോവുകയും അനാഥരാവുകയും ചെയ്തു. സാംക്രമികരോഗങ്ങൾ തുടർന്നുണ്ടാകുന്നതിനെകുറിച്ചുള്ള ഭീതി മറ്റൊരു ഭാഗത്ത്. ഒരു വലിയ യുദ്ധരംഗമെന്നപോലെ കരയിലേയും കടലിലേയും ആകാശത്തിലേയും സേനാവിഭാഗങ്ങൾ രക്ഷാപ്രവർത്തനങ്ങളിൽ ഒന്നിച്ചണിനിരന്നു. ഈ വൻനാശങ്ങളെ നേരിടാൻ ശതകോടിക്കണക്കിൽ ധനം ഒഴുകിയെത്തി. ഐക്യരാഷ്ട്രസഭയുടെ നാനാവിധ സഹായങ്ങളും സംവിധാനങ്ങളും ഉപയോഗപ്പെടുത്തി. ചുരുക്കത്തിൽ, സുനാമി അനുഭവപ്പെട്ട പ്രദേശങ്ങളിൽ ഒരു 'ഖിയാമത്തിന്റെ കാഴ്ച' തന്നെ കാണ്മാറായി.

സുമാത്ര, ഇന്തോനേഷ്യ, തായ്‌ലണ്ട്, മലേഷ്യ, ഇന്ത്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലാണ് സുനാമിയുടെ തീവ്രദുരന്തങ്ങൾ അനുഭവപ്പെട്ടത്. ആഫ്രിക്കയുടെ കിഴക്കൻതീരങ്ങളിലും ഇറാനിയൻ ദക്ഷിണതീരങ്ങളിലും യു.എ.ഇയുടെ തീരങ്ങളിൽപോലും തിരയിളക്കങ്ങൾ അനുഭവപ്പെട്ടുവത്രെ. ഏതാണ്ടൊരു ആഗോളപ്രതിഭാസമെന്നോണം വിനാശങ്ങൾ വിതറപ്പെട്ടു. നാലു പുറവും സമുദ്രങ്ങളുള്ള ആന്തമാൻനിക്കോബാർ ദ്വീപുകളിലുണ്ടായ നാശങ്ങളും ദക്ഷിണേന്ത്യയിലെ കിഴക്കൻതീരങ്ങളിലുണ്ടായ ദുരിതങ്ങളുമാണ് ഇന്ത്യയെ ഏറെ ഉലച്ചത്. ഹിന്ദുസമുദ്രവുമായി തൊട്ടുനില്ക്കുന്ന എല്ലാ രാജ്യങ്ങളിലും സുനാമി നഗ്നതാണ്ഡവമാടി.

എന്താണീ സുനാമി ദുരന്തത്തിന് കാരണം? ഇതൊരു ശിക്ഷാരൂപത്തിലാണ് മനുഷ്യരെ സമീപിച്ചത്. അടുത്തകാലങ്ങളിലായി പ്രകൃതികോപങ്ങളും മറ്റു കൂട്ടനാശങ്ങളും മനുഷ്യസമൂഹത്തിന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ കാരണമെന്താണ്? പ്രകൃതികോപങ്ങൾ അല്ലെങ്കിൽ മനുഷ്യൻ തുടങ്ങിവെച്ച യുദ്ധങ്ങളും നശീകരണങ്ങളും ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്നു. ബീഹാറിൽ പണ്ട് വൻഭൂകമ്പങ്ങളുണ്ടായപ്പോൾ അത് 'ഹരിജന'ങ്ങളോട്- ദളിതരുടെനേരെ- കാണിച്ച കൊടുംക്രൂരതകളുടെ ഫലമായുണ്ടായ ദൈവികശിക്ഷയാണെന്ന് ഗാന്ധിജി പറഞ്ഞിരുന്നു. തികഞ്ഞ ഭൗതികവാദിയായ പണ്ഡിറ്റ് നെഹ്റുവിന് അത് പിടിച്ചില്ല. പ്രകൃതികോപങ്ങളെ ഈ നിലയിൽ സമീപിക്കുന്നത് ശരിയല്ലെന്ന് പറഞ്ഞുകൊണ്ട് നെഹ്റു ആ കാഴ്ചപ്പാടിനെ എതിർത്തു. വെള്ളപ്പൊക്കങ്ങളിലും അനുഗ്രഹവശങ്ങളുണ്ടെന്നും അത് ഭൂമിയെ ഫലഭൂയിഷ്ഠമാക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അപ്പറഞ്ഞതിലും സത്യം ഇല്ലാതെയല്ല. ദൈവത്തിന്റെ അനുഗ്രഹങ്ങൾ സർവ്വാതിശായിയാണെന്ന് ഖുർആൻ പറയുന്നുണ്ട്. എങ്കിലും വൻനാശങ്ങൾ അനുഭവപ്പെടുന്നവർക്ക് അതൊരു ദുരന്തം തന്നെയാണ്. ആ നിലയ്ക്ക് ദൈവികശിക്ഷയും! ദൈവികമായ ശിക്ഷാരക്ഷകളുടെ തത്വശാസ്ത്രം നമുക്കിത് മനസ്സിലാക്കിത്തരുന്നുണ്ട്. എങ്കിലും അടിക്കടിയായും അധികമധികമായും ഇത്തരം പ്രകൃതികോപങ്ങളും നാശങ്ങളുമുണ്ടാകുമ്പോൾ മനുഷ്യരുടെ ചിന്താശക്തി ഉണരുമാറാകുന്നു. പ്രകൃതിയ്ക്ക് ബുദ്ധിയില്ല. അതിനു ചിന്താശക്തിയുമില്ല. വികാരവിചാരങ്ങളില്ല. അതെങ്ങനെ മനുഷ്യർക്ക് ബോധപൂർവ്വം ദുരന്തങ്ങൾ വരുത്തിവയ്ക്കും? പ്രകൃതി എന്നത് പ്രപഞ്ചത്തിന്റെ പ്രവർത്തനക്രമം മാത്രമാണ്. അത് ദുഃഖിക്കുകയും സന്തോഷിക്കു

കയും ഇല്ല. കോപിക്കുകയും പ്രതികാരം ചെയ്യുകയുമില്ല. മനുഷ്യർക്കുണ്ടാകുന്ന അനുഭവങ്ങൾ ആ നിലയിൽ വിവരിക്കപ്പെടുന്നു എന്നു മാത്രം. എന്നാൽ, ഈ പ്രകൃതിയുടെ പിന്നിൽ ഒരു ശക്തി പ്രവർത്തിക്കുന്നുണ്ട്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവുമായ ഒരു മഹാശക്തി. പ്രപഞ്ചരഹസ്യങ്ങളുടെ പ്രതീകമായുള്ള ആ പ്രഹേളികയെയാണ് മനുഷ്യൻ ദൈവമെന്ന് വിളിക്കുന്നത്. ആ ശക്തി ഒരു യാഥാർത്ഥ്യമാണ്. പരമസത്യമാണ്. ആ മഹാശക്തി ബോധങ്ങളുടെ പ്രഭവകേന്ദ്രമാണ്. ആ ശക്തിയാണ് ദുഃഖത്തെയും സന്തോഷത്തേയും ഉണ്ടാക്കുന്നത്. ആ ശക്തിയാണ് നന്മ തിന്മകളേയും പുണ്യപാപങ്ങളേയും വേർതിരിച്ചു നിർണയിച്ചത്. നന്മയ്ക്ക് സൽഫലങ്ങളും തിന്മയ്ക്ക് ചീത്ത ഫലങ്ങളും ഉണ്ടാകണമെന്ന് നിശ്ചയിച്ചതും ഈ ശക്തി തന്നെ. പുണ്യം ചെയ്യുന്നവർക്ക് അനുഗ്രഹങ്ങളും പാപം ചെയ്യുന്നവർക്ക് ശാപശിക്ഷകളും ഉണ്ടാകണമെന്ന് വിധിച്ചതും ദൈവം എന്നു വിളിക്കപ്പെടുന്ന ആ മഹാശക്തി തന്നെയാണെന്ന് എല്ലാ മതങ്ങളും എല്ലാ കാലങ്ങളിലും ഘോഷിച്ചുപോന്നിട്ടുണ്ട്. ഈ പ്രപഞ്ചത്തെയും പ്രകൃതിയേയും ദൈവം സൃഷ്ടിച്ചത് പ്രത്യേകമായ ഉദ്ദേശ്യങ്ങളോടെയാണ്. ആ ഉദ്ദേശ്യങ്ങളറിഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കുകയാണ് മനുഷ്യധർമ്മം.

ഭൂകമ്പങ്ങൾ, പെരുമഴകൾ, വെള്ളപ്പൊക്കങ്ങൾ, കൊടുങ്കാറ്റ്, അഗ്നിപർവ്വതക്ഷോഭം, സാംക്രമികരോഗങ്ങൾ, വരൾച്ച, യുദ്ധങ്ങൾ തുടങ്ങിയ വൻനാശങ്ങൾ ഉണ്ടാകുമ്പോൾ നിസ്സാഹയരായിത്തീരുന്ന മനുഷ്യർ ഒരു അതീതശക്തിയുടെ സഹായത്തിനായി, ആശ്രയത്തിനായി ആഗ്രഹിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ നേർക്ക് തിരിയുകയല്ലാതെ മറ്റൊരു രക്ഷാമാർഗ്ഗവും മനുഷ്യരുടെ മുമ്പിലില്ലാതെ വരുന്നു. കാര്യകാരണ നിയമങ്ങളുടെ പ്രവർത്തനത്തിലൂടെയാണ് ദൈവം ശിക്ഷാരക്ഷകൾ നടപ്പാക്കുന്നത്. ഭൗതികഉപാധികളോടുകൂടിയല്ലാതെ ഭൗതികമനുഷ്യനെ ശിക്ഷിക്കാനും രക്ഷിക്കാനും സാദ്ധ്യമല്ലല്ലോ. ദൈവം ഖുർആനിൽ പറയുന്നു:

"***ദഹറൽഫസാദു ഫിൽബർറി വൽബഹ്റി ബിമാ കസബത് ഐദിന്നാസ്***"

കരയിലും കടലിലും (ബർരിലും ബഹ്റിലും) മനുഷ്യകരങ്ങളാൽ അധർമ്മം വളർന്നു. (*ഖുർആൻ*)

ഈ അവസ്ഥയുണ്ടാകുമ്പോഴാണ് ആ മനുഷ്യകൃതമായ കുഴപ്പങ്ങളുടെ മൂർച്ഛയുടെ ഫലമായുണ്ടാകുന്ന പ്രകൃതിനിയമങ്ങളുടെ തിരിച്ചടികളായി പ്രകൃതികോപങ്ങളുണ്ടാകുന്നത്. ഇതിനെക്കുറിച്ച് മനുഷ്യന് മുന്നറിവ് നൽകുന്നതിന് ദൈവം പ്രവാചകന്മാരെ നിയോഗിക്കുന്നുവെന്ന് ഖുർആൻ പറയുന്നു.

'***വമാകുന്നാ മുഅദ്ദിബീന ഹത്താ നബ്അസ റസൂലാ***'

"ഒരു റസൂലിനെ അതായത്, പ്രവാചകനെ നിയോഗിച്ചയക്കാതെ നാം ഒരു ജനതയേയും ശിക്ഷിക്കുന്നില്ല." (*ഖുർആൻ, 17:16*)

പ്രവാചകന്മാരുടെ താക്കീതുകളും മുന്നറിയിപ്പുകളും വകവെയ്ക്കാതെ കൂടുതൽ അധർമ്മകർമ്മങ്ങളിലും ധിക്കാരത്തിലും മുഴുകുമ്പോൾ മനുഷ്യരിൽ ദൈവം ശിക്ഷയിറക്കുന്നു. ശിക്ഷ അനുഭവപ്പെടുമ്പോൾ അവൻ ദൈവത്തെക്കുറിച്ചും ധർമ്മാധർമ്മങ്ങളെക്കുറിച്ചും ചിന്തിക്കുവാൻ നിർബന്ധിതനായിത്തീരുന്നു. ദൈവത്തെ ചോദ്യം ചെയ്യാനോ ശിക്ഷകൾ ഒഴിവാക്കാനോ മനുഷ്യർക്ക് സാദ്ധ്യമല്ല. പ്രാർത്ഥനകളിലൂടെയും പശ്ചാത്താപത്തിലൂടെയും സ്വയം സംസ്കരണത്തിലൂടെയും ഈ ശിക്ഷകൾക്ക് പരിശാന്തി കണ്ടെത്താം. ഖുർആനിൽ മാത്രമല്ല, മറ്റു മതഗ്രന്ഥങ്ങളിലും ഈ ദൈവനീതിയെക്കുറിച്ച് പ്രതിപാദിച്ചുകാണാം.

സുനാമിപോലുള്ള വൻദുരന്തങ്ങളുണ്ടാകുമ്പോൾ നിസ്സഹായരും നിരാശ്രയരുമായിത്തീരുന്ന മനുഷ്യർ ദൈവത്തെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങുന്നു. നന്മകളുടേയും പുണ്യങ്ങളുടേയും ഭാഗത്തേക്ക് തിരിയാനും അധർമ്മകർമ്മങ്ങളിൽനിന്നും തിന്മകളിൽനിന്നും വിരമിക്കാനും പ്രചോദിതരായിത്തീരുന്നു. പ്രവാചകന്മാരുടെ താക്കീതുകളെ അവഗണിച്ചു തിന്മകളിൽ മുന്നേറുമ്പോഴാണ് കൂട്ടനാശങ്ങളുടെ രൂപത്തിൽ ശിക്ഷകളുണ്ടാകുന്നത്. ഒരു പ്രവാചകനെ നിയോഗിച്ചല്ലാതെ, പ്രവാചകൻ മുഖേന താക്കീത് നൽകിയിട്ടല്ലാതെ നാം മനുഷ്യരെ ശിക്ഷിക്കുകയില്ല എന്ന് അല്ലാഹു ഖുർആനിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഒരു പ്രവാചകൻ പ്രത്യക്ഷനായിട്ടുണ്ടോ എന്നും ആ പ്രവാചകൻ ശിക്ഷയെ കുറിച്ച് മനുഷ്യർക്ക് താക്കീത് നൽകിയിട്ടുണ്ടോ എന്നും നാം നോക്കേണ്ടതാണ്. അതുപ്രകാരം ചിന്തിക്കുമ്പോൾ ഒരു പ്രവാചകൻ തക്ക സമയത്ത് പ്രത്യക്ഷനായി ഈ താക്കീത് നൽകിയിട്ടുണ്ടായിരുന്നു എന്ന് കണ്ടെത്താൻ കഴിയും.

ഡിസംബർ 30-ന് ആസ്സാമിലെ ഗുഹാവട്ടിയിൽ സമ്മേളിച്ച ശാസ്ത്രവിദ്യാർത്ഥികളുടെ ഒരു സമ്മേളനത്തിൽ സംബന്ധിച്ച ഇന്ത്യൻ പ്രസിഡണ്ട് എ.പി.ജെ. അബ്ദുൽകലാമിനോട് ഒരു ശാസ്ത്രകുമാരൻ ചോദിക്കയുണ്ടായി, 'അങ്ങ് ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ' എന്ന്. ആ കൊച്ചുശാസ്ത്രജ്ഞന്റെ ചോദ്യത്തിൽ ഒരു ശാസ്ത്രജ്ഞനായ ഇന്ത്യൻ പ്രസിഡന്റ് ഇപ്രകാരം മറുപടി നൽകി: "ആകാശത്തിലേക്ക് നിത്യവും തലയുയർത്തി നോക്കുമ്പോൾ, അനന്തകോടി നക്ഷത്രഗോളങ്ങൾ നിറഞ്ഞുനിൽക്കുന്നതായി കാണാം. ഇവയ്ക്കു പിന്നിൽ ഒരു മഹച്ഛക്തി പ്രവർത്തിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. സുനാമി ഉണ്ടാക്കിയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ ചോദ്യവും പ്രസിഡണ്ടിന്റെ മറുപടിയും ഉണ്ടായത്.

ഈ വാർത്തയെ തുടർന്ന് 'ഹിന്ദു' പത്രത്തിൽതന്നെ Act of God 'ദൈവത്തിന്റെ പ്രവൃത്തി' എന്ന തലക്കെട്ടിൽ ലണ്ടനിൽനിന്ന് 'ഹിന്ദു'വിന്റെ ലേഖകൻ എഴുതിയ ഒരു മുഖലേഖനത്തിൽ ഇംഗ്ലണ്ടിലെ ചിന്തകവൃത്തങ്ങളിലുണ്ടായ ചർച്ചകളെകുറിച്ച് പറയുന്നത്: Tsunami disaster has again raised the philosophical question: Is there God? (സുനാമിദുരന്തം വീണ്ടും ആ തത്വചിന്താപരമായ ചോദ്യം ഉയർത്തിവിട്ടിരിക്കുന്നു. ദൈവം ഉണ്ടോ?) Hindu, 14.1.05)

സുഖസന്തുഷ്ടിയിൽ ലയിച്ച് ദൈവത്തെ പാടെ മറന്നു

ഭൗതികതയിൽ മുഴുകി ജീവിക്കുന്ന മനുഷ്യന്റെ മുമ്പിൽ ദൈവം അവന്റെ മുഖം കാണിക്കുന്നത് ഇപ്രകാരമുള്ള ദൃഷ്ടാന്തങ്ങളിലൂടെയാണ്. ഭൂമി സൃഷ്ടിക്കപ്പെട്ടതു മുതൽ മനുഷ്യനുണ്ടായ നാൾതൊട്ട് ദൈവം മുഖം കാണിച്ചത് ഇപ്രകാരമായിരുന്നു. ദൈവം മനുഷ്യർക്കിടയിൽ അടിസ്ഥാനപരമായ ചിന്താവിപ്ലവം ഉണ്ടാക്കുന്നതു ഇപ്രകാരംതന്നെയാണ്.

"ഭൂമിയിൽ നടക്കുന്നതെല്ലാം നിർദ്ദേശിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു ദിവ്യശക്തി ഉണ്ടെങ്കിൽ 2004 ഡിസംബർ 26-ന് ആ ദൈവം എന്തു ചെയ്യുകയായിരുന്നു? ഒടുവിലത്തെ കണക്കനുസരിച്ച് രണ്ട് ലക്ഷത്തോളം ആളുകൾ നിരപരാധികളായ കുഞ്ഞുങ്ങളടക്കം മരിക്കാനിടയാക്കിയ ഭൂകമ്പത്തെ തടയാൻ, ആ ശക്തി എന്തുകൊണ്ട് ഇടപെട്ടില്ല?" അപ്പോൾ പ്രാർത്ഥനകളെല്ലാം വ്യർത്ഥമാണോ? മതവിശ്വാസങ്ങൾ അർത്ഥശൂന്യമാണോ? ദൈവം മനുഷ്യന്റെ ഒരു കണ്ടുപിടുത്തം മാത്രമാണോ?"

എന്നാൽ, ഭൂമിയിൽ വരാനിരുന്ന ഈ വൻനാശങ്ങളെ കുറിച്ചുള്ള വ്യക്തമായ മുന്നറിയിപ്പുകൾ ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് ലോകത്തിന് നൽകിയിട്ടുണ്ടായിരുന്നു. ആ മുന്നറിയിപ്പുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും ആവർത്തിച്ചാവർത്തിച്ച് കേൾപ്പിക്കപ്പെട്ടിട്ടുമുണ്ടായിരുന്നു. സാധാരണക്കാരനായ ഒരു വ്യക്തിയുടെ അവഗണിക്കപ്പെടാവുന്ന ശബ്ദമായിരുന്നില്ല അത്. കിടിലംകൊള്ളിക്കുന്ന ഭാഷയിൽ ആ ആപൽവൃത്താന്തങ്ങൾ അറിയിച്ചത് കാലഘട്ടത്തിന്റെ പ്രവാചകനാണ് താനെന്ന് വാദിച്ച, പ്രവചിക്കപ്പെട്ട ദിവ്യദൂതനാണ് താനെന്ന് അവകാശപ്പെട്ട ഒരു ദിവ്യപുരുഷനായിരുന്നു. ആ ദിവ്യാത്മാവിന്റെ ഓരോ വാക്കും അത് ദൈവത്തിൽനിന്നുള്ളതാണെന്ന് വിളിച്ചോതുന്നതായിരുന്നു. ആപാദമസ്തകം മനുഷ്യനെ വിറകൊള്ളിക്കുന്ന രീതിയിലാണ് അതവതരിപ്പിക്കപ്പെട്ടത്. ഒന്നോരണ്ടോ തവണയല്ല, മിക്കവാറും തന്റെ എല്ലാ പ്രധാനകൃതികളിലും അത് പലതവണകളായി ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. ചില വരികൾ ഇതാ:

"മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാത്തവിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസമുണ്ടായിട്ടില്ലെന്ന് തോന്നുമാറ് അടിമേൽ മറിഞ്ഞുപോകും. ഇതോടുകൂടി ഭൂമിയിലും ആകാശത്തിലും ഭയങ്കരരൂപത്തിലുള്ള പല നാശങ്ങളും സംഭവിക്കും. ഇങ്ങേയറ്റം ബുദ്ധിയുള്ളവരുടെ ദൃഷ്ടിയിൽ ഈ സംഗതികൾ എത്രയും അസാധാരണമായവ ആയിരിക്കും. അവയെ സംബന്ധിച്ച് യാതൊന്നും പ്രകൃതിശാസ്ത്രത്തിന്റെയോ തത്വജ്ഞാനങ്ങളുടെയോ ഗ്രന്ഥങ്ങളിലെ ഏടുകൾ പരിശോധിച്ചാൽ കാണപ്പെടുകയില്ല. അപ്പോൾ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്നുവെച്ച് മനുഷ്യർ വല്ലാതെ പരിഭ്രമിക്കും. ആ നാളുകൾ അടുത്തടുത്ത് വരുന്നു. അല്ലാ, അവ പടിവാതിൽക്കൽ എത്തിയിരിക്കുന്നു. ഒരു മഹാപ്രളയ(ഖിയാമ)ത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല, ഭയങ്കരങ്ങളായ മറ്റു വിപത്തുകളും ആകാശത്തുനിന്നും ഭൂമിയിൽനിന്നും വെളിപ്പെടും. ഇതെല്ലാം സംഭവിക്കുന്നത് മനുഷ്യൻ ദൈവത്തെ മറന്ന് ഭക്തിമാർഗ്ഗത്തെ ഉപേക്ഷിക്കുകയും അവർ മുഴുമനസ്സാലെ ലൗകികത്തിൽതന്നെ പതിക്കുകയും ചെയ്തതിനാലത്രെ. (*ഹഖീഖത്തുൽ വഹ്‌യ്, 1907*)

"അല്ലയോ യൂറോപ്പേ നീ രക്ഷയിലല്ല. അല്ലയോ ഏഷ്യാ നീയും രക്ഷയിലല്ല. ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവം ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല!! മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള പ്രദേശങ്ങൾ ശൂന്യങ്ങളായി ഭവിക്കുന്നതും ഞാൻ കാണുന്നു. ആ സർവ്വശക്തനായ ഏകദൈവം ഏറിയകാലം മൗനമവലംബിച്ചു. തന്റെ മുമ്പാകെ നിന്ദ്യമായ പല കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും അവൻ അനങ്ങാതിരുന്നു. എന്നാൽ, ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ഞാൻ എല്ലാവരേയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചുകൂട്ടുവാൻ ആവുന്നതും ശ്രമിച്ചു. എന്നാൽ, നിയതിനിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ട് കാണും. (ടെലിവിഷനിൽ നേരിട്ട് കാണുന്നു-ലേ) എന്നാൽ, ദൈവം ക്രോധം വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന് പാത്രമായിത്തീരുന്നതിന് പശ്ചാത്തപിച്ചു മാനസാന്തരം വരുത്തുവിൻ; ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല. വെറും ഒരു കീടമാകുന്നു. ഏതൊരുവൻ ആ സർവ്വശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു. ജീവനുള്ളവനല്ല." (*ഹഖീഖത്തുൽ വഹ്‌യ്, പുറം 256-257*)

ഒരു പദ്യത്തിൽ ഇപ്രകാരം പറയുന്നു: "ആകാശത്തിലാകെയും ഘോരാരവങ്ങളാണ്. എന്നാലോ നിങ്ങളതറിയുന്നില്ല. പകൽ പ്രകാശപൂർണ്ണമായിരുന്നു. എന്നാൽ, മേഘപടലങ്ങൾ അന്തരീക്ഷത്തിൽ കനത്തുപോയി. കുറച്ചുനാളുകൾക്ക്ശേഷം ഒരു ദൃഷ്ടാന്തം വെളിപ്പെടുന്നതാണ്. അതുമൂലം ഗ്രാമങ്ങളും നഗരങ്ങളും സമതലങ്ങളുമെല്ലാം അടിമേൽ മറിഞ്ഞുപോകും. ദൈവത്തിന്റെ ക്രോധംമൂലം സൃഷ്ടിജാലങ്ങളിൽ ഒരു വിപ്ലവം സംഭവിക്കുന്നതാണ്. വിവസ്ത്രനായ ഒരാൾക്ക് തന്റെ കൗപീനം ധരിക്കാൻപോലും സമയം കിട്ടുകയില്ല. ഒരു ഭൂകമ്പം പെട്ടെന്ന് മനുഷ്യരെയും വൃക്ഷങ്ങളേയും പാറകളേയും സമുദ്രങ്ങളേയും കുലുക്കിക്കളയുകയും ഒരു ഇമവെട്ടുന്നതിനിടയിൽ ഭൂമി അടിമേൽ മറിയുകയും വേലിയേറ്റങ്ങൾപോലെ രക്തപ്പുഴയൊഴുകുകയും ചെയ്യും. മുല്ലപ്പൂപോലുള്ള തൂവെള്ള വസ്ത്രങ്ങൾ രാത്രിയിൽ അണിഞ്ഞവർ രക്താഭമായ വസ്ത്രങ്ങളുമായി ഉറക്കമുണരും. മനുഷ്യരും ജനങ്ങളും ബോധമറ്റവരായി മാറും. കുയിലു

കളും രാപ്പാടികളും പാട്ട് മറക്കും. എല്ലാ യാത്രക്കാർക്കും ആ മുഹൂർത്തം കഠിനതരമായിരിക്കും. സഞ്ചാരികൾ പ്രാണസങ്കടത്താൽ തന്നത്താനറിയാതെ സ്വയം വഴി മറക്കുകയും ചെയ്യും. മരിച്ചുവീഴുന്നവരുടെ ചോരയിൽ മലമ്പുഴകളിലെ വെള്ളം ചെമന്നവീഞ്ഞുപോലെ രക്താഭമായിത്തീരും. ഉന്നതരും താണവരുമെല്ലാം (ജിന്നും ഇൻസും) ഒരുപോലെ ഭയത്താൽ വിറകൊള്ളുമാറാകും. ആ നാളിൽ സാർചക്രവർത്തിതന്നെയും കടുത്ത ദുരിതാവസ്ഥയിലായിപ്പോകും. ആ ദൈവികദൃഷ്ടാന്തം രോഷപ്രകടനത്തിന്റെ ഒരു മാതൃകയായി മാറും. ആകാശം അതിന്റെ ഊരിപ്പിടിച്ച കഠാരയുമായി ഭൂമിയെ ആക്രമിക്കും." (*ബറാഹീൻ അഞ്ചാം ഭാഗം, പുറം 120*)

"ഇത് എപ്പോഴാണ് സംഭവിക്കുക? കുറച്ചുനാളുകൾക്കുള്ളിലോ കുറച്ചു ആഴ്ചകൾക്കുള്ളിലോ കുറച്ച് മാസങ്ങൾക്കുള്ളിലോ കുറച്ചു കൊല്ലങ്ങൾക്കുള്ളിലോ എന്ന് എന്നോട് പറയപ്പെട്ടിട്ടില്ല. അടുത്തോ അകലത്തോ എപ്പോൾ അത് സംഭവിച്ചാലും അതൊരു ഭൂകമ്പമോ മറ്റെന്തെങ്കിലും ആയാലും, അത് അതിന്റെ കാഠിന്യത്തിൽ ഭയാനകം തന്നെയായിരിക്കും. എന്റെ സഹജീവികളായിട്ടുള്ളവരോടുള്ള അഗാധമായ അനുകമ്പ കാരണം ഞാൻ നിർബന്ധിതനായിത്തീർന്നിട്ടല്ലെങ്കിൽ ഞാനിത് പറയുമായിരുന്നില്ല. അതുകൊണ്ട് കേട്ടുകൊണ്ടാലും! ഞാനിതാ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു. ഭൂമിയും ആകാശവും ഇത് കേൾക്കുന്നു! സദ്വൃത്തിയിൽനിന്ന് ആർ വ്യതിചലിക്കുന്നുവോ അകൃത്യങ്ങളിലേക്ക് ചാഞ്ഞിരിക്കുന്നുവോ ഭൂമിയെ തന്റെ പാപങ്ങളാൽ പങ്കിലമാക്കുന്നുവോ അവൻ പിടിക്കപ്പെടും. തന്റെ കോപം ഭൂമിയിൽ പതിക്കാൻ പോകുന്നതായി സർവ്വശക്തൻ താക്കീതു ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഭൂമിയിൽ പാപവും തിന്മയും നിറഞ്ഞിരിക്കുന്നു. പൂർവ്വപ്രവാചകന്മാർ ദീർഘദർശനം ചെയ്തതിൻവണ്ണം അന്ത്യം അടുത്തിരിക്കുന്നതായി അറിഞ്ഞുകൊൾവിൻ. എന്നെ അയച്ചിരിക്കുന്നവനെ സാക്ഷിയാക്കിക്കൊണ്ട് ഞാനിതാ പറയുന്നു. ഇതെല്ലാം ദൈവത്തിൽനിന്നുള്ള അറിയിപ്പുകളത്രെ. എന്നിൽനിന്നുള്ളതല്ല. എന്റെ ഈ മുന്നറിയിപ്പുകൾ കുറേയെല്ലാം ശ്രദ്ധിച്ചുവെങ്കിൽ, ഹാ, എത്ര നന്നായിരുന്നു. എങ്കിൽ ലോകം നാശത്തിൽനിന്ന് രക്ഷപ്പെടുമായിരുന്നു. മനുഷ്യരെ ഭ്രാന്തരാക്കിക്കളയുന്ന ആ നാളുകൾ ഇതാ അടുത്തിരിക്കുന്നു. നിർഭാഗ്യവാനായ ബുദ്ധിഹീനൻ പറയുന്നു ഇതെല്ലാം കള്ളമാണെന്ന്. സൂര്യൻ ഉദിക്കാറായിരിക്കെ അവൻ ഉറക്കത്തിലായിരിക്കുന്നതെന്തേ? (*1905 ഏപ്രിൽ 5-ന് പുറത്തിറക്കിയ 'അൽഇൻദാർ' -താക്കീത്, എന്ന വിജ്ഞാപനം*)

"അല്ലാഹുവിന്റെ വെളിപാടുകളിൽ ഭൂകമ്പങ്ങളെകുറിച്ച് അടിക്കടി പറയപ്പെട്ടിരിക്കുന്നു. ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പങ്ങൾ ആയിരിക്കുമെന്നും വിവരിച്ചിരിക്കുന്നു. വിശുദ്ധഖുർആൻ 99-ാം അദ്ധ്യായം (*സൂറസിൽസാൽ*) തുടക്കത്തിൽ വിവരിച്ചതുപോലുള്ള ഭൂകമ്പം തന്നെയായിരിക്കുമെന്ന് ഉറപ്പിച്ചുപറയാൻ എനിക്ക് സാധ്യമല്ല. ഇത് സാധാരണ ഭൂകമ്പം, അല്ലാതിരിക്കാൻ സാധ്യതയുണ്ട്. ഖിയാമത്തിന്റെ ദൃശ്യം അവതരിപ്പിക്കുന്ന മറ്റെന്തെങ്കിലും ഭയങ്കരമായ വിപത്ത് ആയിരിക്കുകയും ചെയ്യാം. അത്തരം ഒരു വിപത്ത് ഈ കാലം കണ്ടിരിക്കുകയില്ല. ജീവനും കെട്ടിടങ്ങൾക്കും ഭയങ്കരനാശം സംഭവിക്കും. അത്തരം അസാധാരണമായ അടയാളം വെളിപ്പെടാതിരിക്കുകയും ജനങ്ങൾ സ്വയം സംസ്ക്കരണത്തിന് തയ്യാറാകാതിരിക്കയുമാണെങ്കിൽ ഞാൻ ഒരു കള്ളവാദിതന്നെയായിരിക്കും. ദൈവം ഭൂകമ്പം എന്ന പദംകൊണ്ട് വ്യവച്ഛേദിച്ചിരിക്കുന്ന ഈ ഭയങ്കരമായ വിപത്ത് മതപരമായ ഭിന്നിപ്പിന്റെ കാരണത്താലോ ക്രിസ്ത്യാനിയോ ഹിന്ദുവോ ആയിരിക്കുന്നതുകൊണ്ടോ ആരുടെയെങ്കിലുംമേൽ പതിക്കുന്നതല്ല. ആരെങ്കിലും എന്റെ അനുയായിവൃന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സംഭവിക്കുന്നതുമല്ല." (*ബറാഹീൻ, അഞ്ചാംഭാഗം, 1905*)

ഇന്ത്യയിലെ ഹിന്ദുക്കളെയും മുസ്‌ലിംകളെയും സംബോധന ചെയ്തുകൊണ്ടു പറഞ്ഞു:

"നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും ആവശ്യമായിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഞാൻ യോജിപ്പിനായി നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്ത് പലതരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗും നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. ദൈവം എന്നെ അറിയിച്ചിരിക്കുന്നു: മനുഷ്യർ അവരുടെ ദുർവൃത്തിയിൽനിന്ന് വിരമിക്കുകയും അവർ തങ്ങളുടെ അക്രമങ്ങളെ കുറിച്ച് പശ്ചാത്തപിക്കയും ദൈവത്തോട് മാപ്പ് ചോദിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ ലോകത്തിന് ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞുപോകുന്നതിനു മുമ്പ് മറ്റൊരു ഭയങ്കരനാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യൻ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി, അഹോ, ഇനി എന്തു സംഭവിക്കാൻ പോകുന്നു എന്ന് ചോദിച്ചുതുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെ പോലെയായി ഭവിക്കും. ആകയാൽ, അല്ലയോ നാട്ടുകാരായ സഹോദരരെ, ആ നാളുകൾ വരുന്നതിനു മുമ്പായി നിങ്ങൾ ജാഗരൂകരാകുവിൻ! ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ! ഐക്യത്തിന് തടസ്സമായിത്തീരത്തക്കവണ്ണം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ! അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർദ്ധയ്ക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നു." (*പൈഗാമെ സുൽഹ്, 1908*)

മുഹമ്മദ് നബി(സ) തിരുമേനിയുടെ വരിഷ്ഠശിഷ്യനും പ്രതിപുരുഷനുമായി ഈ കാലഘട്ടത്തിൽ അവതരിച്ച പ്രവാചകനായ മഹ്ദീ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)ന്റെ വചനങ്ങളാണിവ. ഇതൊരു പ്രവാചകന്റെ താക്കീത് തന്നെയാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. കരിങ്കല്ലിന് സമാനമായ ഹൃദയങ്ങളേയും ചലിപ്പിക്കുന്ന കരളുരുക്കുന്ന കാഴ്ചകളിലൂടെ മനുഷ്യത്വത്തിന്റെ മഹത്വം കണ്ടെത്താൻ ഈ മഹനീയശബ്ദം ലോകരെ ആഹ്വാനം ചെയ്യുന്നു. പ്രതികരിക്കുന്നവർ ഭാഗ്യവാന്മാർ! ●

ലേഖനം

# ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ): ഇസ്‌ലാമിന്റെ വീരപോരാളി

എച്ച്. ശംസുദ്ദീൻ കാവശ്ശേരി

**ജ**നനത്തിന് മുൻപും ജനനശേഷവും ജീവിതത്തിലുടനീളവും മരണശേഷവും സജീവചർച്ചകൾക്ക് കേന്ദ്രമായിത്തീരാൻ ലോകത്ത് അത്യപൂർവ്വം പേർക്കേ അവസരം ലഭിച്ചിട്ടുള്ളൂ. ഇക്കാര്യത്തിൽ ഏറെ സ്മരിക്കപ്പെടുന്ന അത്ഭുതപ്രതിഭാധനനാണ് ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, അൽ മുസ്‌ലിഹ് മൗഊദ്, ഖലീഫത്തുൽ മസീഹ് സാനി(റ).

1886-ൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഹോശിയാർപൂർ നഗരത്തിൽ നടത്തിയ തപോയജ്ഞവും തുടർന്ന് ഫെബ്രുവരി 20-ന് പ്രസിദ്ധീകരിച്ച ദൈവിക സുവാർത്തകളുടെ വിജ്ഞാപനവുമാണ് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് എന്ന് അറിയപ്പെടുന്ന വാഗ്ദത്ത സുപുത്രന്റെ ജീവിതസപര്യയുടെ പ്രാരംഭം.

1889 ജനുവരി 12 ശനിയാഴ്ചയാണ് ആ മഹാത്മൻ ഭൂജാതരായത്. മുൻകാല ദൈവിക വചസ്സുകളും മഹത്‌വാക്യങ്ങളും സാക്ഷാത്ക്കരിച്ചുകൊണ്ട് ആ ദിവ്യപുരുഷൻ നീണ്ട 77 വർഷം ജീവിച്ചു. ഒരർത്ഥത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ അർദ്ധശതകം ആ മഹാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു.

വളരെ ചെറുപ്പം മുതൽതന്നെ ഉന്നതമായ ശിക്ഷണമായിരുന്നു പിതാവ്, മസീഹ് മൗഊദ്(അ) വാ വാഗ്ദത്ത പരിവർത്തകന് പകർന്നിരുന്നത്. കുട്ടിയുടെ ജീവിതത്തിൽ ഉപകാരപ്രദമായേക്കാവുന്ന ഒരു കാര്യവും കുട്ടിയെ ധരിപ്പിക്കാൻ അദ്ദേഹം വിസ്മരിച്ചില്ല. നിസ്സാരമെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന സംഗതികൾ മുതൽ ഗൗരാവാവഹമായ കാര്യങ്ങൾവരെ അതിൽ ഉൾപ്പെടുന്നു.

***ശിക്ഷണം:*** ഒരിക്കൽ മുസ്‌ലിഹ് മൗഊദും അനുജൻ ബശീർ അഹ്മദും തമ്മിൽ ഒരു തർക്കമുണ്ടായി. ഒരാൾ പറയുന്നത് പണമാണ് വലുതെന്ന്. മറ്റെയാളാകട്ടെ, ബുദ്ധിയാണ് വലുതെന്നും, അതില്ലെങ്കിൽ കാര്യമില്ലെന്നും. തർക്കം കേൾക്കാനിടയായ ഹസ്റത്ത് മസീഹ് മൗഊദ്(അ) മക്കളോട് പറഞ്ഞു: "മക്കളേ തൗബ ചെയ്യുവിൻ, സമ്പത്തും ബുദ്ധിയുമല്ല വലുത്. ദൈവിക കാരുണ്യവും അനുഗ്രഹവുമാണ് വലുത്. അതില്ലെങ്കിൽ എന്തുണ്ടായിട്ടെന്ത് കാര്യം?"

ദൈവിക കാരുണ്യത്തിന്റെ മടിത്തട്ടിൽ വളർന്നുവരുന്ന മഹ്മൂദ് എന്ന വാഗ്ദത്തപുത്രന് ഇസ്‌ലാമിനോടുള്ള സ്നേഹവും പിതാവിൽനിന്നുതന്നെയാണ് ലഭിച്ചത്. ഒരിക്കൽ വീട്ടുമുറ്റത്ത് നായയെ കണ്ടപ്പോൾ ഉത്സാഹത്തോടെ ടിപ്പു, ടിപ്പൂ എന്ന് വിളിക്കാൻ തുടങ്ങി. മകന്റെ ശബ്ദം വീട്ടിനകത്ത് പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന പിതാവിന്റെ ചെവിയിലുമെത്തി. വളരെ അസ്വസ്ഥതയോടെ അദ്ദേഹം മകനോട് പറഞ്ഞു: "മകനേ, നീയെന്താണ് വളിക്കുന്നത്. ഇംഗ്ലീഷുകാർ ഇസ്‌ലാമിനോടുള്ള വൈരം കാരണം മഹാനായ മുസ്‌ലിം ചക്രവർത്തിയുടെ പേര് നായക്കിട്ടതാണ്. നീ അങ്ങനെ ഒരിക്കലും വിളിക്കരുത്."

മറ്റൊരു സന്ദർഭത്തിൽ മുസ്‌ലിഹ് മൗഊദ്, ജഹാംഗീറിന്റെ മഖ്ബറ കാണാൻ പിതാവിനോട് ആഗ്രഹം പ്രകടിപ്പിച്ചു. മകനെ പറഞ്ഞയക്കുമ്പോൾ പിതാവ് ഉപദേശിച്ചു, "മകനേ, ജഹാംഗീറിന്റെ മഖ്ബറ കാണാൻ നീ പൊയ്ക്കൊള്ളുക, പക്ഷേ, അവിടെപോയി ദുആ ചെയ്യരുത്. അയാൾ നമ്മുടെ സഹോദരൻ, ഹസ്റത്ത് മുജദ്ദിദ് അൽഫ് സാനിയെ അവഹേളിച്ചയാളാണ്."

വളരെ ചെറുപ്രായത്തിൽതന്നെ ദുആകളിൽ മുഴുകുന്ന ശീലവും മുസ്‌ലിഹ് മൗഊദിന്റെ പ്രത്യേകതയായിരുന്നു. ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ഹസ്റത്ത് ഗുലാം അഹ്മദ് സാഹിബ് വാഇസ്, രാത്രി ദുആകളിൽ കഴിച്ചുകൂട്ടുവാൻ മസ്ജിദ് മുബാറക്കിലെത്തി. അവിടെ ദുആകളിൽ നിരതനായി, സുജൂദിൽ കിടക്കുന്ന ഒരാളെയാണ് അദ്ദേഹം കണ്ടത്. വളരെ നേരമായിട്ടും തലയുയർത്താതിരുന്ന അയാളുടെ അടുത്തുപോയി, ആ സ്വഹാബിവര്യൻ ദുആ ചെയ്തു, അല്ലാഹുവേ, ഇയാളുടെ എല്ലാ ദുആകളും നീ സ്വീകരിക്കേണമേ. വളരെക്കഴിഞ്ഞ് തലയുയർത്തിയപ്പോൾ അത് മുസ്‌ലിഹ് മൗഊദ് ആണെന്ന് അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം ചോദിച്ചു, "മകനേ, നീ എന്താണ് ദുആ ചെയ്തത്?" ബാലനായ മുസ്‌ലിഹ് മൗഊദ് പറഞ്ഞു, "ഞാൻ ഇസ്‌ലാമിന്റെ വിജയം എത്രയും വേഗം ഉണ്ടാകുന്നത് കാണാനാണ് ദുആ ചെയ്തത്."

ചെറുപ്പത്തിൽതന്നെ ഇൽഹാമുകളും കശ്ഫുകളും സൽസ്വപ്നങ്ങളും ആ ബാലന് കിട്ടിക്കൊണ്ടിരുന്നു. ഒരിക്കൽ ഹസ്റത്ത് സർവർശാഹ് സാഹിബ്(റ) കേവലം 7 വയസ്സ് പ്രായമുള്ള മുസ്‌ലിഹ് മൗഊദിനോട് ചോദിച്ചു, "മകനേ, നിനക്കും ഉപ്പയെപ്പോലെ സൽസ്വപ്നങ്ങളും മറ്റും ഉണ്ടാകാറുണ്ടോ?" ആ കുട്ടി പറഞ്ഞു, "അതേ, ചിലപ്പോൾ വലിയ വലിയ സൈന്യങ്ങളെ നയിക്കുന്നത് ഞാൻ സ്വപ്നത്തിൽ കാണാറുണ്ട്."

വിശുദ്ധഖുർആനും, ഹദീസുകളും മറ്റും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മൗലാനാ ഹക്കീം നൂറു ദ്ദീൻ സാഹിബ്(റ)-ൽനിന്നാണ് പഠിച്ചിരുന്നത്. മറ്റു ശിഷ്യന്മാർക്ക് സംശയനിവാരണം നടത്തിയിരുന്ന മൗലാനാ സാഹിബ്, മുസ്ലിഹ് മൗഊദിന്റെ സംശയ ങ്ങൾക്ക് മറുപടി നൽകിയിരുന്നില്ല. മറിച്ച്, സ്വയം ഉത്തരം കണ്ടെത്താൻ ഉപദേശിക്കുകയായിരുന്നു പതിവ്. സ്കൂളിൽ ചേർത്തിരുന്നെങ്കിലും അനാരോഗ്യം ആ കുട്ടിയെ വല്ലാതെ ബാധിച്ചിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ), അധ്യാപകരോട് അവനെ നിർബന്ധിക്കേണ്ട, അവൻ പഠിക്കുന്നത് പഠിച്ചുകൊള്ളട്ടെ എന്നാണ് പറഞ്ഞിരുന്നത്. മെട്രിക് പരീക്ഷയിൽ പരാജയപ്പെടുകയും ചെയ്തു. അങ്ങനെ ശരിയായനിലയിൽ മതപരമോ ഭൗതികമോ ആയ വിദ്യകൾ അദ്ധ്യാപകരിൽനിന്ന് ആർജ്ജിക്കാൻ ആ കുട്ടിക്ക് കഴിഞ്ഞതുമില്ല.

***ഖിലാഫത്ത്:***- കേവലം 25 വയസ്സ്മാത്രം പ്രായമുണ്ടായിരുന്ന മിർസാ മഹ്മൂദ് അഹ്മദ് 1914-ൽ ഖലീഫത്തുൽ മസീഹായി തിരഞ്ഞെടുക്കപ്പെട്ടു. പണ്ഡിതകേസരികളും, ഡിഗ്രിക്കാരും ഒക്കെ ജമാഅത്തിനെ ഇട്ടെറിഞ്ഞ് പോവുകയും ഖജനാവ് കാലിയാക്കുകയും ചെയ്തിരുന്നു. അതേ, തികച്ചും ഇല്ലായ്മയിൽനിന്നാണ് മുസ്ലിഹ് മൗഊദ്, ജമാഅത്തിനെ പടുത്തുയർത്തിയത്.

മറുഭാഗത്ത് മുസ്ലിം നവോത്ഥാനരംഗത്തും മുസ്ലിഹ് മൗഊദ് അനുപമനായി എണീറ്റുനിന്നു. അത് പലസ്തീൻ പ്രശ്നമാണെങ്കിലും, മുസ്ലിംകളുടെ അവകാശ സംരക്ഷണമാണെങ്കിലും, എല്ലാ മേഖലകളിലും അദ്ദേഹം ഉണ്ടായിരുന്നു. ലോകത്തിന്റെ ഏത് ചരിത്രമാണെങ്കിലും അത് ഇസ്ലാമിന്റേതായാലും ഇന്ത്യയുടേതായാലും അദ്ദേഹത്തിന്റെ പേരുച്ചരിക്കാതെ കണ്ട് അത് പൂർണമാവുകയില്ല.

***ഫലസ്തീൻ:***- 1947-ൽ ജൂതരാഷ്ട്രം സ്ഥാപിതമാകുമ്പോൾ, എണ്ണപ്പണത്തിന്റെ ധാരാളിത്തത്തിൽ വിഹരിച്ചിരുന്ന മുസ്ലിംസാമ്രാട്ടുകളെ സംബോധന ചെയ്തുകൊണ്ട് 50 വർഷങ്ങൾക്ക് മുൻപ് ക്രാന്തദർശിയായ ആ മഹാത്മൻ പറഞ്ഞവാക്കുകൾ വർത്തമാനത്തിന്റെ ഭീകരാവസ്ഥയിലേക്കുള്ള ദർപ്പണമായിരുന്നു. അദ്ദേഹം പറഞ്ഞു, "പ്രശ്നം ഫലസ്തീന്റേതല്ല, പ്രശ്നം മദീനയുടേതാണ്, പ്രശ്നം യരൂശേലമിന്റേതല്ല, പ്രശ്നം പരിശുദ്ധ മക്കയുടേതുതന്നെയാണ്. പ്രശ്നം സൈദിന്റേയോ സക്കറിന്റേയോ അല്ല, പ്രശ്നം മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ അന്തസ്സിന്റേതാണ്. ശത്രുക്കൾ പരസ്പരം എതിർപ്പുകൾ ഉണ്ടായിട്ടും ഇസ്ലാമിന്നെതിരിൽ ഒന്നിച്ചിരിക്കുന്നു. ഒന്നിക്കാനുള്ള ആയിരക്കണക്കിന് കാരണങ്ങൾ ഉണ്ടായിട്ടും ഈ സന്ദർഭത്തിൽ മുസ്ലിംകൾ ഒന്നിക്കുകയില്ലേ?" (അൽകുഫ്റു മില്ലത്തുൻ വാഹിദ)

'അൽകുഫ്റുമില്ലത്തുൻ വാഹിദ' എന്ന ലഘുലേഖ വിപുലമായതോതിൽ പ്രചരിപ്പിക്കപ്പെട്ടു. പക്ഷെ, പല മുസ്ലിം നേതൃത്വങ്ങളും അത് കണ്ടില്ലെന്ന് നടിക്കുകയാണ് ചെയ്തത്. അന്താരാഷ്ട്ര വേദികളിൽ ഹസ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ, ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ)ന്റെ ശബ്ദമായി മാറ്റൊലിക്കൊണ്ടു.

***മൽക്കാനയിലെ ശുദ്ധിപ്രസ്ഥാനം:***- ഇന്ത്യയിലുള്ള എല്ലാവരും ഹിന്ദുക്കളാണെന്നും, മുസ്ലിംകളായി മാറിയിട്ടുള്ളവരെ ശുദ്ധീകരിച്ച് വീണ്ടും ഹിന്ദുക്കളാക്കണമെന്നുമുള്ള പ്രഖ്യാപനത്തോടെ യു.പി.യിലെ മൽക്കാന എന്ന സ്ഥലത്ത് 1923-ൽ ഹിന്ദുക്കൾ ശുദ്ധി പ്രസ്ഥാനം ആരംഭിച്ചു. ഈ സംഗതിയറിഞ്ഞ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ, ഉടൻതന്നെ തനിക്ക് 150 യോദ്ധാക്കളെ ആവശ്യമുണ്ടെന്നും, ഏതുതരം ജോലിക്കാരാണെങ്കിലും അവധിയെടുത്ത് ഈ പദ്ധതിയിൽ ഭാഗഭാക്കാകണമെന്നും ഏറ്റവും ചുരുങ്ങിയത് മുമ്മൂന്ന് പേരെങ്കിലും ഓരോ ജമാഅത്തിൽനിന്നും വഖ്ഫ് ചെയ്യണമെന്നും സാമ്പത്തികമോ അല്ലാതെയോ ഉള്ള ഒരു സഹായവും ജമാഅത്തിന് ചെയ്തുതരാൻ പറ്റാത്ത സാഹചര്യമാണെന്നും സ്വയം ഭക്ഷണം കണ്ടെത്തുകയും പാകംചെയ്യുകയും വേണ്ടിവരുമെന്നും പറഞ്ഞ് ജമാഅത്തുകളിൽ വിളംബരപ്പെടുത്തി. കാലത്തിന്റെ ഖലീഫ ഹസ്റത്ത് മുസ്ലിഹ് മൗഊദിന്റെ ഈ ആഹ്വാനത്തിന് ജമാഅത്തിലെ ആബാലവൃദ്ധം ജനങ്ങളുടെ പ്രതികരണം ആവേശഭരിതമായിരുന്നു.

ഒരു സാധുസ്ത്രീ എഴുതി: "ഹുസൂർ, എനിക്ക് കുറച്ച് ഖുർആൻ ഓതാനറിയാം, അൽപം ഉർദുവും. ഞാനെന്റെ മകനിൽനിന്ന് കേട്ടത്, മുസ്ലിംകൾ മുർത്തദ്ദാവുന്നുവെന്നും, ഹുസൂർ അവിടെ പോകാൻ കല്പിച്ചിരിക്കുന്നുവെന്നുമാണ്. ഹുസൂർ, അവിടെ പോകാൻ അനുവാദമുണ്ടെങ്കിൽ ഞാനും തയ്യാറാണ്. ഒട്ടും അമാന്തിക്കുകയില്ല. അല്ലാഹുവിനെ സാക്ഷിനിർത്തിക്കൊണ്ട് ഞാൻ പറയുന്നു, എല്ലാത്തരം ബുദ്ധിമുട്ടുകളും സഹിക്കാൻ ഞാൻ തയ്യാറാണ്."

ആവേശഭരിതരായ മുസ്ലിഹ് മൗഊദിന്റെ സൈന്യത്തിന്റെ ആത്മാർത്ഥസേവനം നിരവധി ആളുകളെ ഇസ്ലാമിലേക്ക് തിരിച്ചുകൊണ്ടുവന്നു. സംഗതി കൈവിടുന്നുവെന്ന് മനസ്സിലാക്കിയ ഹിന്ദു പ്രമുഖർ മുസ്ലിംകളുമായി രഞ്ജിപ്പിനുള്ള പദ്ധതി ആവിഷ്കരിച്ചു. അങ്ങനെ ഹിന്ദുമുസ്ലിം പണ്ഡിതന്മാർ ഒരിടത്തു സമ്മേളിച്ചു. പക്ഷേ ഹിന്ദുപണ്ഡിതന്മാർ മുസ്ലിം ഉലമാക്കളെ നോക്കിക്കൊണ്ട് പറഞ്ഞു, നിങ്ങളെ ആരേയും ഞങ്ങൾ അവിടെ കണ്ടിട്ടില്ല. അവിടെ പ്രവർത്തിച്ചിരുന്നത് അഹ്മദികളാണ്. അവരുടെ അഭിപ്രായമാണ് ഞങ്ങൾക്കറിയേണ്ടത്. അങ്ങനെ ആ യോഗം അവിടെ തീരുമാനമാകാതെ പിരിഞ്ഞു. തുടർന്ന് അഹ്മദികളെ ക്ഷണിക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുകയും, അവരെ പങ്കെടുപ്പിച്ചുകൊണ്ട്

വീണ്ടും യോഗം ചേർന്ന് തീരുമാനങ്ങളെടുക്കുകയു മാണുണ്ടായത്. അതാണ് അഹ്മദിയ്യാ വിരോധിയായി രുന്ന സഫറലീഖാന്റെ പത്രം എഴുതിയത്: "നമ്മുടെ സുപ്രസിദ്ധരായ ബഹുമാന്യ പീർമാരും, നേതാക്ക ളും, അബോധാവസ്ഥയിലും, നിർജീവാവസ്ഥയിലും കിടന്നിരുന്നിടത്ത് ഈ നിശ്ചയദാർഢ്യമുള്ള ജമാ അത്ത് (അതേ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്- ലേഖ) അതിമഹത്തായ സേവനങ്ങളാണ് ചെയ്തുകാ ണിച്ചത്." (*സമീന്ദാർ*)

***ഖിലാഫത്ത് പ്രസ്ഥാനവും മുസ്ലിംകളുടെ ശോച്യാ വസ്ഥയും:-***

ഒന്നാംലോക മഹായുദ്ധത്തിൽ തുർക്കി സഖ്യരാ ഷ്ട്രങ്ങൾക്കെതിരിൽ ജർമ്മനിക്കൊപ്പമാണ് നിലകൊണ്ട ത്. യുദ്ധത്തിൽ ജർമ്മൻപക്ഷം അമ്പേ പരാജയപ്പെടു കയും, ബ്രിട്ടന്റെ നേതൃത്വത്തിലുള്ള സഖ്യകക്ഷികൾ വിജയിക്കുകയും ചെയ്തു. സ്വാഭാവികമായും ജർമ്മ നിയുടെ പരാജയം തുർക്കിയേയും ബാധിച്ചു. തുർക്കി യിലെ നാമമാത്ര ഖിലാഫത്തിന്റെ അമരക്കാരനായി രുന്ന സുൽത്താൻ അബ്ദുൽ ഹമീദ് സ്ഥാനഭ്രഷ്ടനാ ക്കപ്പെടുകയും കമാൽഅത്താ തുർക്ക് അധി കാരത്തിലെത്തുകയും ചെയ്തു. ആ നാമമാത്ര ഖിലാ ഫത്ത് അസ്തമിച്ചപ്പോൾ ഇന്ത്യൻ മുസ്ലിം നേതാ ക്കൾ അസ്വസ്ഥരായി ഖിലാഫത്ത് പുനഃസ്ഥാപനത്തി നുവേണ്ടി ഹൈന്ദവ നേതാക്കളുടെ ഒത്താശയോടെ ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചു. നട്ടുച്ചക്ക് വെളിച്ചം തിരയുന്ന ഈ പണ്ഡിതകേസരികൾ കമാൽഅത്താ തുർക്കിനെ സന്ദർശിച്ച് ഖിലാഫത്ത് പദവി ഏറ്റെടു ക്കാൻ അഭ്യർത്ഥിച്ചു. അദ്ദേഹത്തിന്റെ മറുപടി രസാ വഹമായിരുന്നു. അദ്ദേഹം പറഞ്ഞത്, ഞാൻ വളരെ പ്രയാസപ്പെട്ടാണ് തുർക്കിയെ ഇത്തരം പഴഞ്ചൻ ചിന്താ ഗതികളിൽനിന്ന് മോചിപ്പിച്ചത് എന്നാണ്. അങ്ങനെ അവസാന അത്താണിയും അന്യമായപ്പോൾ ഖിലാഫത്ത് പ്രസ്ഥാനം, ഹൈന്ദവനേതാക്കളുടെ നിർദ്ദേശാശിസു കളോടെ ഇന്ത്യയിൽനിന്ന് ഹിജ്റത്ത് ചെയ്യാൻ പണ്ഡി തകേസരികളിൽനിന്ന് ഫത്വ വാങ്ങി. നിസ്സഹരണ പ്രസ്ഥാനം സജീവമാക്കാനും ഹിജ്റത്ത് ചെയ്യാനും മുസ്ലിം നേതാക്കൾ ഫത്വ നൽകി. അഞ്ഞൂറ് ഉന്ന തരായ ഉലമാക്കൾ ഫത്വയിൽ ഒപ്പുവെച്ചത്.

'മുസ്ലിംകൾ കൂട്ടത്തോടെ ഇന്ത്യയിൽനിന്ന് ഏതെ ങ്കിലും മുസ്ലിംരാജ്യത്തേക്ക് പലായനം ചെയ്യുകയും അവിടെനിന്ന് ജിഹാദ് ചെയ്ത് പ്രതാപത്തോടുകൂടി തിരി ച്ചുവരികയും ഇംഗ്ലീഷുകാരെ ഇന്ത്യയിൽനിന്ന് തല്ലി യോടിക്കുകയും ചെയ്യുക.' എത്ര സുന്ദരമായ ഭാവന!

അങ്ങനെ ജിഹാദിനുവേണ്ടി അഫ്ഗാനിലേക്ക് പോകാനും അഫ്ഗാൻ അവരെ സ്വീകരിക്കാനും തയ്യാ റായി. യാത്രയാകുമ്പോൾ ഹൈന്ദവരും മുസ്ലിംക ളോടൊപ്പം പോകുന്നതാണെന്ന് മൗലാനാ മുഹമ്മദലി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഹിജ്റത്ത് പോകു മ്പോൾ മുസ്ലിം തങ്ങളുടെ സ്വത്ത്വകകൾ, മസ്ജി ദുകൾ, വീടുകൾ, നാല്ക്കാലികൾ എല്ലാം ഹിന്ദുക്ക ളുടെ പേരിൽ എഴുതിക്കൊടുക്കണം. സർക്കാരുദ്യോ ഗങ്ങൾ രാജിവെക്കണം!

മുസ്ലിംകൾ അകപ്പെടാൻ പോകുന്ന ദാരുണവി പത്ത് മുൻകൂട്ടികണ്ട ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) പണ്ഡിതന്മാരേയും, സാധാരണ മുസ്ലിംകളേയും തന്റെ നിരവധി ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങ ളിലൂടേയും ഉണർത്തിക്കൊണ്ടിരുന്നു. പക്ഷേ, ഉറക്കം നടിച്ചവർ എങ്ങനെ ഉണരാൻ. പലപ്പോഴും പ്രഹരമേ ല്ക്കുമ്പോഴേ സത്യം മനസ്സിലാകുകയുള്ളൂ.

ചുരുക്കത്തിൽ ജിഹാദിന് പുറപ്പെട്ട മുസ്ലിംകൾ ആളും അർത്ഥവുമില്ലാത്ത നിലയിൽ പെരുവഴിയിലാ യി. ഹിജ്റത്ത് ചെയ്യാൻ ഒരൊറ്റ ഹിന്ദുവും തയ്യാറാ യില്ല. മാത്രമല്ല, സർക്കാറുദ്യോഗത്തിൽനിന്ന് ഒരു മുസ്ലിം രാജിവെക്കുമ്പോൾ പത്ത് ഹിന്ദുക്കൾ അതിൽ കയറിപ്പറ്റാൻ ക്യൂനിന്നു.

മുസ്ലിംകളുടെ ആ കയ്പേറിയ അനുഭവങ്ങൾ ഒന്നാമത്തെ ഇന്ത്യൻ വിദ്യാഭ്യാസമന്ത്രി മൗലാനാ അബുൽകലാം ആസാദിന്റെ രോദനത്തിൽനിന്ന് മന സ്സിലാക്കാം. അദ്ദേഹം പറയുന്നു: "പ്രവർത്തന നിര തമായ മസ്തിഷ്ക്കങ്ങൾക്ക് ദുർബല നിമിഷങ്ങൾ എല്ലാ ദിവസവും ഉണ്ടാകാറില്ല. എന്നാൽ അത് വരു മ്പോൾ അവരിൽ യഥാർത്ഥ പരീക്ഷണം ഉണ്ടാകുന്നു. ആദ്യമാദ്യം ഖിലാഫത്ത് വിപ്ലവത്തിന്റെ വാർത്തകൾ നമ്മുടെ മസ്തിഷ്ക്കങ്ങളിൽ അലയടിച്ചപ്പോൾ അതും അത്തരം സമയമായിരുന്നു. എവിടംവരെ നമ്മളിൽ മസ്തിഷ്ക്കങ്ങളുടെ പ്രവർത്തനശക്തി ഉണ്ടായിട്ടു ണ്ടെന്ന് പരീക്ഷിക്കാനും, എവിടംവരെ ഇത്തരം സംഗ തികളെക്കുറിച്ച് ചിന്തിക്കാൻ അറിഞ്ഞിട്ടുണ്ടെന്നും, അതിന്റെ ദൗർബല്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ പഠി ച്ചിട്ടുണ്ടെന്നും, എവിടംവരെ, നാം മിത്രങ്ങളുടെ അബ ദ്ധത്തിലും, ശത്രുക്കളുടെ സന്തോഷത്തിലും കുടുങ്ങി കർമ്മവീഥി നഷ്ടപ്പെടുത്തരുതെന്നും മനസ്സിലാക്കാ നുള്ള പരീക്ഷണത്തിന്റെ സമയമായിരുന്നു. നമ്മിലെ ചിന്തകരും പ്രവർത്തകരും ശ്രദ്ധാപൂർവ്വം പ്രവർത്തി ക്കേണ്ടതും ഹൃദയത്തിലും നാവിലും കടിഞ്ഞാണി ടേണ്ടതും അനിവാര്യമായിരുന്നു.

എന്നാൽ, ധൃതിയും കടിഞ്ഞാണില്ലാത്തതും കാരണം ഭയാനകവും പരിഹരിക്കാൻ കഴിയാത്തതു മായ വീഴ്ചകൾ ഉണ്ടാകുന്നതാണ്. ഫ്രഞ്ച് പഴമൊഴി യുണ്ട് 'ഉതിർന്ന് വെടിയുണ്ട പാതിവഴിയിൽനിന്ന് തിരി ച്ചുവരുന്നതല്ല, എത്രതന്നെ തിരികെവരാൻ വിളിച്ചാലും ശരി ഖേദകരമെന്നു പറയട്ടെ, വെടിയുണ്ടകൾ ഉതിർക്ക പ്പട്ടുകഴിഞ്ഞിരുന്നു. പരീക്ഷണത്തിന്റെ പരിണിതിയിൽ നമുക്ക് അനുഗ്രഹാശിസ്സുകൾ ഒന്നും ഇല്ലാതായി." (*തബർറുക്കാത്തെ ആസാദ്, പേ:237*)

***സീറത്തുന്നബിയോഗങ്ങൾ:-*** 1927-ൽ രാജ്പാൽ

എന്നൊരാൾ 'രങ്കീലാ റസൂൽ' എന്നൊരു പുസ്തക മെഴുതുകയും അതിൽ റസൂൽ തിരുമേനി(സ)നെ അങ്ങേയറ്റം അധിക്ഷേപിക്കുകയും ചെയ്തു. കൂടാതെ 'വർത്തമാൻ' എന്ന പ്രസിദ്ധീകരണത്തിലും ഇത്തരം ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ഇതിൽ മുസ്‌ലിം പ്രഭൃതികൾ കൊലവിളികളുമായി രംഗത്തെത്തിയപ്പോൾ, ഹസ്റത്ത് മിർസാ മഹ്മൂദ് അഹ്മദ്(റ) രാജ്യം മുഴുവൻ സീറത്തുന്നബിയോഗങ്ങൾ സംഘടിപ്പിക്കാൻ ആഹ്വാനം ചെയ്തു. അതിൽ വിവിധ മുസ്‌ലിം നേതാക്കൾക്ക് പുറമേ, അന്യമതസ്ഥരേയും പങ്കെടുപ്പിക്കാൻ ഏർപ്പാടുണ്ടായി. മാത്രമല്ല അതിനുവേണ്ടി ആയിരക്കണക്കിന് പ്രഭാഷകരേയും വാർത്തെടുത്തു.

**വിശുദ്ധഖുർആൻ വ്യാഖ്യാനം:-** വിശുദ്ധഖുർആനെ ഇസ്റായേലീകഥകളും കല്പിതകഥകളുമായി കൂട്ടികുഴയ്ക്കുകയും യഥാർത്ഥ ഖുർആനിക അധ്യാപനങ്ങളിൽനിന്ന് മുസ്‌ലിം സമുദായം അകന്നുപോയ്ക്കൊണ്ടിരിക്കുകയും ചെയ്യുന്ന കാലത്താണ് ശരീഅത്തിനെ പുനഃസ്ഥാപിക്കാൻ ഹസ്റത്ത് ഇമാം മഹ്ദി(അ) ആഗതരായത്. അദ്ദേഹത്തിന്റെ പ്രവർത്തികൾ ഖലീഫമാരും തുടർന്നുവന്നു. വിശുദ്ധഖുർആൻ വ്യാഖ്യാനത്തിന്റെ കാര്യത്തിൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് ചെയ്ത സേവനങ്ങൾ അതുല്യമാണ്. ഭൗതികവിജ്ഞാനങ്ങൾ കൃത്യമായി നേടിയിട്ടില്ലാത്ത ആ മഹാത്മൻ, വിശുദ്ധഖുർആന് കാലികമായ വ്യാഖ്യാനങ്ങൾ നൽകി. അല്ലാഹുവിനെ സംബന്ധിച്ചും മലക്കുകളെപറ്റിയും ഗ്രന്ഥങ്ങളെക്കുറിച്ചും പ്രവാചകന്മാരെ പരാമർശിച്ചും നിലവിലുണ്ടായിരുന്ന അബദ്ധജഢിലങ്ങളായ കഥകളെ അദ്ദേഹം ഖണ്ഡിച്ചു. മാത്രമല്ല, വിശുദ്ധഖുർആന്റെ തഫ്സീർ എഴുതാൻ അദ്ദേഹം പണ്ഡിതന്മാരെ വെല്ലുവിളിച്ചു. ഖുർആനെ ആക്ഷേപിക്കുന്നവരേയും അദ്ദേഹം വെല്ലുവിളിച്ചു. ദൈവദത്തമായി ലഭ്യമായിരുന്ന അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാനങ്ങൾ ആ മഹാത്മൻ ഇസ്‌ലാമിന് ചെയ്ത ഏറ്റവും വലിയ സേവനങ്ങളിൽ എണ്ണപ്പെടുന്നതാണ്.

അഹ്മദിയ്യത്തിന്റെ വൈരിയായിരുന്ന അഹ്റാർ നേതാവ് മൗലാനാ സഫറലീഖാൻ തുറന്ന് സമ്മതിക്കുന്ന യാഥാർത്ഥ്യം ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. അദ്ദേഹം പറയുന്നു: "കാത് തുറന്ന് കേൾക്കുവിൻ, നിങ്ങൾക്കും, നിങ്ങളുടെ കൂട്ടാളികൾക്കും ഖിയാമത്ത്വരെ മിർസാ മഹ്മൂദിനെ എതിരിടാൻ സാധ്യമല്ല. മിർസാ മഹ്മൂദിന്റെ കയ്യിൽ ഖുർആനുണ്ട്. ഖുർആനികജ്ഞാനമുണ്ട്. നിങ്ങളുടെ കയ്യിൽ എന്താണുള്ളത്? നിങ്ങൾ ഒരിക്കലും സ്വപ്നത്തിൽപോലും ഖുർആൻ ഓതിയിട്ടില്ല. നിങ്ങൾക്ക് സ്വയം അറിവില്ലാത്തത് ജനങ്ങൾക്ക് എങ്ങനെ പറഞ്ഞുകൊടുക്കും. നിങ്ങളുടെ മലക്കുകൾക്ക്പോലും മിർസാ മഹ്മൂദിനെ എതിരിടാൻ സാധ്യമല്ല." (*സമീന്ദാർ*)

***ആഗോളഇസ്‌ലാമിക മിഷണറി പ്രവർത്തനം***

ലോകം മുഴുവൻ ഇസ്‌ലാമികശബ്ദം മുഖരിതമാവാൻ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് ഉൽക്കടമായ ആഗ്രഹം ഉണ്ടായിരുന്നു. ഈ ആവശ്യത്തിന് ലോകം മുഴുവൻ മിഷണറിമാരെ അയക്കുക മാത്രമേ പോംവഴിയുള്ളൂവെന്നും ആ മഹാത്മാവ് മനസ്സിലാക്കി. ഒരിക്കൽ ഒന്നാം ഖിലാഫത്ത് കാലത്ത് മിഷണറിമാർ വേണ്ടതില്ലെന്നും അഡ്വക്കറ്റുമാരും, എഞ്ചിനിയർമാരും, ഡോക്ടർമാരും മറ്റും തബ്‌ലീഗിൽ വ്യാപൃതരായാൽ മതിയെന്നും പറഞ്ഞ് അഡ്വ. ഖാജാ കമാലുദ്ദീൻ സാഹിബ് വികാരോജ്വലമായ ഒരു പ്രസംഗം നടത്തിയിരുന്നു. അങ്ങനെ ഹസ്റത്ത് മസീഹ് മൗഊദ്(അ) തുടങ്ങിവെച്ച ദീനീമദ്റസ നിർത്തൽ ചെയ്യാനായിരുന്നു നീക്കം. ഈ സംഗതി അറിഞ്ഞ മുസ്‌ലിഹ് മൗഊദ് മദ്റസയെ ഉസാമയുടെ നേതൃത്വത്തിൽ റസൂൽ തിരുമേനി തയ്യാറാക്കിയ സൈന്യത്തോടാണ് ഉപമിച്ചത്. അങ്ങനെ മദ്റസ അനുസ്യൂതം തുടർന്നു. മാത്രമല്ല, തന്റെ സഹായികളായി ലോകം മുഴുവൻ അവരുടെ ശൃംഖല തീർക്കാനും അദ്ദേഹം ശ്രമിച്ചു. പ്രചാരണ ശിക്ഷണരംഗത്ത് അത്ഭുതാവഹമായ മാറ്റങ്ങൾ ഉണ്ടായി. അത് ശിർക്കിന്റെ കോട്ടകൊത്തളങ്ങളിലും, ത്രിത്വത്തിന്റെ അരമനകളിലും നാസ്തിക തൊട്ടിലുകളിലും തൗഹീദിന്റെ ശബ്ദം മുഖരിതമാക്കി.

ഹസ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ സൈന്യനായകർ, ലോകം മുഴുവൻ ഇസ്‌ലാമിക പ്രചാരണത്തിൽ വ്യാപൃതരാണ്. സ്പെയിനിൽ, അതേ യൂറോപ്യൻ തെരുവീഥികളിൽ മണ്ണെണ്ണ വിളക്ക് കത്തുമ്പോൾ ഇലക്ട്രിക് ബൾബുകൾ പ്രകാശം ചൊരിഞ്ഞിരുന്ന ഇസ്‌ലാമിക രാഷ്ട്രമായിരുന്ന സ്പെയിനിൽ, ത്വാരിഖ്ബിൻ സിയാദ് നിശ്ചയദാർഢ്യത്തിലൂടെ അടരാടി നേടിയെടുത്ത സ്പെയിനിൽ 700 സംവത്സരങ്ങളായി കുരിശിന്റെ ശബ്ദം മാത്രമായിരുന്നു കേട്ടിരുന്നത്. അവിടേയും അത്യുജ്ജലമായ ഇസ്‌ലാമിക തൗഹീദ് സൗധം അദ്ദേഹം പടുത്തുയർത്തി. ഇന്ന് 178 രാഷ്ട്രങ്ങളിൽ ഈ യഥാർത്ഥ ഇസ്‌ലാമിക പ്രചാരണസംഘം വേരുറച്ചുകഴിഞ്ഞിരിക്കുന്നു. ലോകത്ത് മുഴുവൻ അതിന്റെ വല വീശുകയും ചെയ്തിരിക്കുന്നു.

ദീനിനെ സ്നേഹിച്ച, ദീനിനുവേണ്ടി ജീവിച്ച, ആ മഹാനായ കർമ്മയോഗിയുടെ അപദാനങ്ങൾ ഇവിടെ തീരുന്നില്ല. അതിന് ഒരായുസ്തന്നെ അപര്യാപ്തമാണ്.

അല്ലാഹു ഇസ്‌ലാമിന്റെ ഈ വീരപോരാളിക്ക് മേൽ അനേകായിരം ആശിസുകൾ നേരുകയും സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ. ആമീൻ.

(*അവലംബമാക്കിയ കൃതികൾ: പാക്ക്ധവളപത്രത്തിന് മറുപടി, ജൂബിലിസോവനീർ കറാച്ചി, ബദ്ർ വീക്ക്ലി, തഫ്സീർ കബീർ, സവാനിഹ് ഫസ്‌ലെ ഉമർ*)

●

ലേഖനം

# മതനവീകരണത്തിലെ മതമൗലികതയും കുരിശുമതത്തിന്റെ തകർച്ചയും

**എൻ.ഇ. ഹഖ്**

മതമൗലികവാദം എന്നത് സാധാരണയായി ആക്ഷേപാർത്ഥത്തിൽ ഉപയോഗിക്കുന്ന ഒരു പദമാണ്. പലപ്പോഴും ദുർവ്വിനിയോഗം ചെയ്യുന്ന പദം കൂടിയായിട്ടുണ്ട് ഇത്. യുക്തിയോ വിവേചനമോ കൂടാതെ മതഗ്രന്ഥങ്ങളിലെ പ്രസ്താവനകൾ അക്ഷരാർത്ഥത്തിലെടുത്ത് നടപ്പിൽ വരുത്താൻ ശ്രമിക്കുന്നവരെയാണല്ലോ മതമൗലികവാദികൾ എന്നു വിളിച്ചുകേൾക്കുന്നത്. തങ്ങൾ മതവിശ്വാസമായി സ്വീകരിച്ച കാര്യങ്ങൾ അവ തങ്ങളുടെ മതവിശ്വാസമായതുകൊണ്ടുമാത്രം ചോദ്യം ചെയ്യാതെ മറ്റുള്ളവരും അംഗീകരിക്കണമെന്ന് ഇവർ ശഠിക്കുന്നു.

എന്നാൽ മതതാരതമ്യ വിമർശനപഠനങ്ങൾ മതവിശ്വാസികളുടെ ഭാഗത്തുനിന്നാവുമ്പോൾ, മതപരമായ തർക്കങ്ങളിൽ ശാസ്ത്രീയവീക്ഷണവും ചരിത്രഗവേഷണരീതികളും അവലംബിക്കപ്പെടുമ്പോൾ അത് മതമൗലികവാദത്തിലേക്കുള്ള നീക്കമായി വിലയിരുത്തപ്പെടുമോ? അങ്ങനെയാണെങ്കിൽ ഈ മതമൗലികവാദം എങ്ങനെയാണ് നേരിടുക?

ഈ ശാസ്ത്രീയയുഗത്തിൽ മതതാരതമ്യപഠനം ഒരു ശാസ്ത്രശാഖയാണ്. മതവിശ്വാസത്തെ തെളിയിക്കാൻ കഴിയാത്ത ഏതോ ചിലതിനായുള്ള സമ്മതം മൂളൽ മാത്രമായി കരുതുന്നവർക്ക്, ആത്മീയമോക്ഷത്തിനുള്ള ഉപാധിയെന്നതിനപ്പുറം മറ്റുവല്ലതുമായി കരുതുന്നവർക്ക് യുക്തിയുടെയും ശാസ്ത്രീയഗവേഷണങ്ങളുടെയും ആക്രമണങ്ങളിൽനിന്നു മതപ്രമാണങ്ങളെ രക്ഷിക്കാൻ ചില സംരക്ഷണവും സംവരണവുമൊക്കെ ആവശ്യമായെന്നുവരും. അത്തരക്കാർ ചരിത്രസംഭവവുമായി ബന്ധപ്പെടുന്നതും നൂറ്റാണ്ടുകളായി ആശയസംഘർഷം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു വിശ്വാസത്തെ ചരിത്രത്തിന്റേയും ഗവേഷണരീതിയുടേയും കണ്ണാടിയിലൂടെ നോക്കിക്കാണുന്ന മതതാരതമ്യപഠനംപോലും മതമൗലികവാദത്തിന്റെ വകുപ്പിൽപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ സത്യമതത്തിന് അത്തരം സംരക്ഷണത്തിന്റെയോ സംവരണത്തിന്റെയോ ആവശ്യമേതുമില്ല.

അഹ്മദിയ്യാ ജമാഅത്ത് ഈ കാലഘട്ടത്തിലെ സത്യമതത്തിന്റെ പുനരുത്ഥാനമാണ്. പ്രവാചകന്മാരുടേയും സത്യാത്മക്കളുടേയും ആത്മീയപൈതൃകം അതവകാശപ്പെടുന്നു. ലോകജനസംഖ്യയിൽ ഏറ്റവുമേറെ ആളുകളെ ഉൾക്കൊള്ളുന്ന മൂന്ന് പ്രധാന മതവിശ്വാസങ്ങളെ പ്രത്യുദ്ധരിക്കാനുള്ള ആത്മീയനവീകരണതന്ത്രമാണ് അതിന്റേത്. ഈ യത്നത്തിൽ ശക്തിയുടേയോ സൂത്രങ്ങളുടേയോ ഉപാധികളില്ല. മറിച്ച്, അത് വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ അനുയുക്തമായ ആശയസംവേദനങ്ങളിലൂടെയാണ്, ആത്മീയമായ ഉപദർശനങ്ങളിലൂടെയാണ്, സർവ്വോപരി ജീവനുള്ള ദൈവത്തിൽനിന്നുള്ള വെളിപാടുകളിലൂടെയാണ് അതിന്റെ ചരിത്രദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

ക്രിസ്തുമതം, ഇസ്‌ലാം എന്നീ രണ്ടു മതങ്ങളുടേയും അനുയായികൾ ലോകഗുരുവെന്ന നിലയിൽ യേശുവിന്റെ മഹത്വം പൂർണ്ണമായും അംഗീകരിക്കുന്നുണ്ട്. ഒന്ന് കെട്ടുകഥകളുടെ പിൻബലത്തിലുള്ളതാണെങ്കിൽ, മറ്റേത് സത്യത്തിന്റേയും ചരിത്രത്തിന്റേയും യേശുവിന്റെതന്നെ യഥാർത്ഥ പാഠങ്ങളുടേയും അടിസ്ഥാനത്തിൽനിന്ന് ഏറെ അകന്നിട്ടുള്ളതുമാണ്. യേശുമിശിഹായുടെ, ഈസാനബിയുടെ സാങ്കൽപിക ആകാശജീവിതത്തിൽ സകലപ്രതീക്ഷകളും അർപ്പിച്ചുകഴിയുന്നവരായിരുന്നു ഈ ജനവിഭാഗങ്ങൾ. വിശുദ്ധഖുർആൻ മനുഷ്യരാശിയുടെ അനശ്വരമാർഗ്ഗദർശനം എന്ന നിലയിൽ തീരുമാനിക്കേണ്ടിയിരുന്ന തർക്കങ്ങളിൽ തീരുമാനമുണ്ടാക്കിക്കഴിഞ്ഞിരുന്നു. നിർഭാഗ്യവശാൽ, ക്രൈസ്തവ വിശ്വാസത്തെ താങ്ങിനിറുത്താനെന്നോണം മുസ്‌ലിംകളിൽ വലിയൊരു വിഭാഗം ഈസാനബി(അ) ജഢദേഹത്തോടെ ആകാശത്തു ജീവിച്ചിരിക്കുന്നതായി വിശ്വസിക്കുകയും അദ്ദേഹത്തെ വീണ്ടും ഈ ലോകത്തുകൊണ്ടുവരാൻ കഥയറിയാതെ ആർത്തിപ്പെട്ടുകഴിയുകയും ചെയ്യുന്നു.

ക്രിസ്ത്യാനികളാകട്ടെ യേശുവിന്റെ തഥാകഥിത കുരിശുമരണത്തിലാണ് സകല മോക്ഷവും കാണുന്നത്. യേശു മനുഷ്യവംശത്തിന്റെ പാപപ്പൊറുതിക്കായി കുരിശിൽ ശാപമരണംവരിച്ചു എന്നുമാത്രമല്ല, പിന്നീട് ഉയിർത്തെഴുന്നേൽക്കുകയും ആകാശാരോഹണം ചെയ്യുകയും ചെയ്തു എന്നും അവർ വിശ്വസിക്കുന്നു. യേശുവിനെ ദൈവമായി വിശ്വസിക്കുന്നതിനപ്പുറം അദ്ദേഹം കുരിശിൽവെച്ച് 'ശപ്ത'നായെന്നതിൽ ആഹ്ലാദിക്കുന്ന കുറ്റവാളികളായ യഹൂദന്മാരുടെ വാദഗതിയെയാണ് ക്രൈസ്തവലോകം ഇതുവഴി പിന്താങ്ങുന്നത്. "മരത്തിൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവർ" (*ഗലാത്യർ, 3:13*) എന്ന ന്യായപ്രമാണ വിധിപ്രകാരം 'ശപിക്കപ്പെട്ടവൻ' ആയ യേശുവിനെ തള്ളിപ്പറഞ്ഞ യഹൂദരെ മുഴുവൻ ആ കുറ്റത്തിൽനിന്ന് ഇതുവഴി അവർ മോചിപ്പിക്കുകയും ചെയ്തു!

ഈ കാലഘട്ടത്തിൽ മുസ്ലിംകൾക്കും മുസ്ലിം രാജ്യങ്ങൾക്കുമെതിരിൽ ജൂതന്മാരുമായി ചേർന്ന് ഗൂഢാലോചനകൾ ഒന്നൊന്നായി സൃഷ്ടിച്ചുവിടുന്ന ക്രൈസ്തവസഭാനേതൃത്വം, പൗലോസപ്പോസ്തലന്റെ കാലത്തുതന്നെ, നേരം പുലരുംമുമ്പേ ന്യായപ്രമാണത്തെ തള്ളിപ്പറഞ്ഞുകൊണ്ട് യേശുവിനെ ശപ്തനാക്കുകയും ജൂതന്മാരെ പാപത്തിൽനിന്നു മോചിപ്പിക്കുകയും ചെയ്തുകഴിഞ്ഞിരുന്നുവെന്നാണ് മനസ്സിലാവുന്നത്. ഇതിനെതിരിൽ, യേശു മിശിഹാ ഒരിക്കലും ശാപമരണത്തിന് വിധേയനായിരുന്നില്ലെന്നും പ്രകൃത്യാനുസൃത മരണമാണ് വരിച്ചതെന്നും തെളിയിക്കപ്പെടേണ്ടത് യേശുവിന്റെ മഹത്വത്തിനും സത്യത്തിന്റെ പുനഃസ്ഥാപനത്തിനും കെട്ടുകഥ കെട്ടുകഥയാണെന്ന് ലോകം തിരിച്ചറിയുന്നതിനും അനിവാര്യമായിരുന്നു. ദൈവം സത്യാത്മക്കളെക്കുറിച്ച് തന്റെ തിരുവെഴുത്തുകളിൽ അറിയിച്ച അവന്റെ വാഗ്ദാനം ഒരിക്കലും നിറവേറ്റാതിരുന്നിട്ടില്ല. ആധുനിക ക്രിസ്ത്യാനികൾ കെട്ടുകഥകളുടേയും കൂടോത്രങ്ങളുടേയും പിൻബലത്തിൽ അദ്ദേഹത്തിനുമേൽ കെട്ടിയേൽപ്പിച്ച ശാപത്തിന്റേയും പൊയ്ദൈവത്വത്തിന്റേയും നൂറ്റാണ്ടുകളായുള്ള മാറാലകൾ തുടച്ചുനീക്കുകയെന്നത് സത്യത്തിന്റെയും സത്യാത്മക്കളുടെ ജീവിതപരിശുദ്ധിയേയും മാനിക്കുന്നവരുടെയെല്ലാം മൗലികവിശ്വാസവുമായി ബന്ധപ്പെട്ട ബാദ്ധ്യതയായിത്തീർന്നു.

യേശുക്രിസ്തു എന്ന ചരിത്രപുരുഷൻ ഒരു വിവാദപുരുഷൻ കൂടിയാണെന്നത് തർക്കമറ്റ വസ്തുതയാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വം വ്യത്യസ്തങ്ങളായ മൂന്ന് മതങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുന്ന കാരണത്താൽ പണ്ഡിതലോകത്ത് നൂറ്റാണ്ടുകളായി പല വിധ വിവാദങ്ങൾ നടന്നുപോരുന്നുമുണ്ട്. യേശു യഹൂദർക്ക് സംശയംവിനാ 'ശാപമരണം വരിച്ചവനും' അങ്ങനെ 'കള്ളപ്രവാചകനും' ആണെങ്കിൽ ക്രിസ്ത്യാനികൾക്ക് ദൈവവും ദൈവപുത്രനുമാണ്. ദൈവമായ യേശു മനുഷ്യരൂപത്തിൽ ദൈവപുത്രനായി ജനിച്ച് മനുഷ്യകുലത്തിന്റെ പാപം ചുമക്കാനായിട്ടാണ് ശപിക്കപ്പെട്ട കുരിശുമരണം വരിച്ചത്. അതിനുശേഷം മൂന്നാംദിവസം പുനരുത്ഥാനം ചെയ്തു സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുകയാണെന്നും അവർ ഘോഷിക്കുന്നു. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം യേശു ദൈവമോ ദൈവപുത്രനോ അല്ല. പക്ഷെ, അത്ഭുതപ്രവൃത്തികൾ വർണ്ണിക്കുമ്പോൾ അവരിൽ നല്ലൊരുവിഭാഗം ഏതാണ്ട് അവിടെയൊക്കെ അദ്ദേഹത്തെ എത്തിച്ചെന്നിരിക്കും. അങ്ങനെ, കുരിശിൽ തറയ്ക്കപ്പെടുന്നതിന് മുമ്പുതന്നെ അല്ലാഹു അദ്ദേഹത്തെ ഉടലോടെ ആകാശത്തേക്കുയർത്തിയെന്നും ഇപ്പോഴും അവിടെ നിത്യജീവിയായി പാർത്തുവരികയാണെന്നുമൊക്കെയാണ് മുല്ലാനുസാരികളായ ഈ വിഭാഗം മുസ്ലിംകൾ വിശ്വസിക്കുന്നത്.

യേശുവിനെകുറിച്ചുള്ള മതലോകത്തെ വിവിധ വിശ്വാസങ്ങൾ ഒരുഭാഗത്ത് ഇതൊക്കെയാണെങ്കിൽ, അദ്ദേഹം ഒരു ചരിത്രപുരുഷൻ അല്ലെന്നും ക്രിസ്തു എന്നൊരാൾ ജീവിച്ചിരുന്നിട്ടേയില്ലെന്നും സിദ്ധാന്തിക്കുന്ന ക്രിസ്തു മിഥ്യാവാദം (*Christ Myth Theory*) മറ്റൊരുഭാഗത്തുണ്ട്. മിത്തുകളുടേയും കെട്ടുകഥാപരമായ മതപ്രമാണങ്ങളുടേയും സങ്കീർണ്ണക്കുരുക്കിൽ കഴിയുന്ന ഒരാളെ ചരിത്രപുരുഷനായി കണ്ടെത്തുക പ്രയാസമാണ്. യേശു ഇസ്രയീൽഗൃഹത്തിലെ പ്രബോധകൻ മാത്രമാണെന്ന് തെളിയുമെങ്കിൽ അദ്ദേഹം ജൂതരൊരുക്കിയ മരക്കുരിശിൽ തൂങ്ങിമരിച്ചില്ലെന്നാണെങ്കിൽ ക്രിസ്തുമിഥ്യാവാദവും ക്രിസ്തുനിഷേധവാദവുമെല്ലാം അസ്ഥാനത്താവും. കുരിശിൽ മരിക്കാതെ രക്ഷപ്പെടുകയും ഈ ഭൂമുഖത്ത് ജീവിക്കുകയും ഭൂമുഖത്തുവെച്ചുതന്നെ മരിക്കുകയും ഈ ഭൂമിയിൽതന്നെ മറവു ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു എന്നു സ്ഥാപിക്കപ്പെടുമ്പോൾ മാത്രമാണ് ചരിത്രപുരുഷനായ യേശു ലോകത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുക. മാത്രമല്ല, ക്രിസ്ത്യാനികൾ അവകാശപ്പെടുന്നതുപോലെ യേശു ചരിത്രത്തിന്റെ കേന്ദ്രകീലം (*Pivot*) ആയിരിക്കണമെങ്കിലും ക്രിസ്തു കുരിശിൽ മരിക്കാതെ രക്ഷപ്പെടേണ്ടതുണ്ടായിരുന്നു. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ, വാഗ്ദത്തമസീഹ് ഹസ്റത്ത് മിർസാഗുലാം അഹ്മദുൽ ഖാദിയാനി(അ) തന്റെ വിശ്വവിഖ്യാതമായ 'യേശുമിശിഹാ ഇന്ത്യയിൽ' (മസീഹ് ഹിന്ദുസ്ഥാൻമെ) എന്ന ഗ്രന്ഥത്തിൽ വേദപ്രോക്തവും ചരിത്രപരവുമായ തെളിവുകളാൽ സ്ഥാപിച്ചിട്ടുള്ളതും ഇതുതന്നെയാണ്.

സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടിട്ടില്ലാത്ത യേശുവിന്റെ യൗവ്വനകാലഘട്ടം ചരിത്രപ്പുറങ്ങൾക്ക് അജ്ഞാതമാണ്. ക്രിസ്തു-ബുദ്ധമതതത്ത്വങ്ങൾ തമ്മിലുള്ള അത്ഭുതാവഹമായ സാദൃശ്യമാകട്ടെ ചരിത്രകാരന്മാരെ അതിലേറെ കുഴക്കുന്നു. യേശു കുരിശുസംഭവത്തിന് മുമ്പായി ഇന്ത്യ സന്ദർശിച്ചിരുന്നുവെന്ന നിഗമനത്തിലെത്തികൊണ്ടായിരുന്നു ചിലർ ഇക്കാര്യത്തിൽ തൃപ്തിയടഞ്ഞത്. എന്നാൽ കുരിശുമരണത്തിൽനിന്ന് രക്ഷപ്പെട്ട യേശു ഇസ്രായീൽ ഗൃഹത്തിലെ കാണാതെപോയ ഗോത്രങ്ങളെതേടി കാശ്മീരിലെത്തുകയും അവിടെ തന്റെ ജീവിതസായാഹ്നം കഴിച്ചുകൂട്ടിയശേഷം 120-ാം വയസ്സിൽ ചരമം പ്രാപിക്കുകയുമാണുണ്ടായതെന്നാണ് അഹ്മദിയ്യാപ്രസ്ഥാന സ്ഥാപകർ സിദ്ധാന്തിച്ചത്. ചരിത്രപുരുഷനായ യേശുക്രിസ്തുവിനെ തേടി ബൗദ്ധികലോകം സങ്കീർണ്ണമായ വാദവിവാദങ്ങളിൽ മുഴുകിയിരുന്ന ഒരവസരത്തിലായിരുന്നു വാഗ്ദത്ത മസീഹ് ഇന്ത്യയിൽ കശ്മീരിലെ ശ്രീനഗറിനടുത്തു ഖാൻയാർ തെരുവിൽ ക്രിസ്തുവിന്റെ കബറിടം കൂടി കണ്ടെത്തികൊണ്ട് യേശുവിന്റെ ജീവിതത്തെ സംബന്ധിച്ച ശതകങ്ങളായുള്ള എല്ലാ തർക്ക

ങ്ങൾക്കും ശാശ്വതപരിഹാരം മുന്നോട്ടുവയ്ക്കുന്ന 'യേശുമിശിഹാ ഇന്ത്യയിൽ' എന്ന യുഗനിർണ്ണായക ഗ്രന്ഥം ലോകത്തിനുമുമ്പിൽ സമർപ്പിച്ചത്.

ഈ ഗ്രന്ഥവും ഈ ഗ്രന്ഥം അനാവൃതമാക്കുന്ന വസ്തുതകളും ക്രിസ്ത്യാനികളുടെ മതവികാരം വ്രണപ്പെടുത്തുന്നുവെന്നാണെങ്കിൽ, മഹാത്മാവായ യേശുവിനുമേൽ ശപിക്കപ്പെട്ട കുരിശുമരണം ആരോപിക്കുകവഴി ക്രിസ്ത്യാനികളും ജൂതന്മാരും നൂറ്റാണ്ടുകളായി പേറിവരുന്ന മാറാവ്രണം എത്രയുംവേഗം ചികിത്സിച്ചുഭേദമാക്കുകയേ നിവൃത്തിയുള്ളൂ. സത്യത്തിൽ വാഗ്ദത്ത മസീഹിന്റെ അവതാരം, എല്ലാതരം ആത്മീയവ്രണങ്ങൾക്കുമുള്ള പ്രതിവിധിയായിരുന്നു. ചരിത്രസംഭവവുമായി ബന്ധപ്പെട്ട ഈ വിശ്വാസവൈരുദ്ധ്യം മനുഷ്യന്റെ സത്യാഭിമുഖമായ ചരിത്രഗവേഷണങ്ങൾക്കുപോലും അപ്പുറത്തായിരുന്നു. അതുകൊണ്ടാണ് "ഒരായിരം അന്ധകാരത്തിന്റെ ചുരുളുകൾക്കുള്ളിൽ മറഞ്ഞുകിടക്കുന്ന ഈ സത്യങ്ങൾ ഈ ഗവേഷകന്മാർക്കൊന്നും കണ്ടെത്താൻ കഴിയുമായിരുന്നില്ലെന്ന് എനിക്കറിയാം" എന്ന് വാഗ്ദത്ത മസീഹ്(അ) പ്രസ്താവിക്കുകയുണ്ടായത്. ഇപ്രകാരം യേശുവിന്റെ 'കുരിശുവധം' എന്ന പ്രഹേളികയ്ക്ക് ഉത്തരം കണ്ടെത്താനുള്ള ദൈവികമായ ഉപദർശനമനുസരിച്ചുള്ള ശ്രമമാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ 'യേശു ഇന്ത്യയിൽ' എന്ന ഗ്രന്ഥത്തിൽ നടത്തിയിട്ടുള്ളത്

തന്റെ ഗ്രന്ഥത്തെ അദ്ദേഹം തെളിവുകളുടെ അടിസ്ഥാനത്തിൽ നാല് അദ്ധ്യായങ്ങളാക്കുകയുണ്ടായി. യേശു കുരിശിൽനിന്നും രക്ഷപ്പെട്ടതിലേക്ക് സുവിശേഷങ്ങളിൽനിന്നുള്ള തെളിവുകൾ, പുരാതനവൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽനിന്നുള്ള തെളിവുകൾ, ഖുർആനും നബിവചനങ്ങളും നൽകുന്ന തെളിവുകൾ, യേശുവിന്റെ യാത്രയെ പരാമർശിക്കുന്ന വിവിധ മതഗ്രന്ഥങ്ങളിലേയും ചരിത്രഗ്രന്ഥങ്ങളിലേയും തെളിവുകൾ എന്നിങ്ങനെയാണ് ആ നാല് അദ്ധ്യായങ്ങളുള്ളത്. തന്റെ ഗ്രന്ഥം, ഒരു മുൻവിധിയോടെ വലിച്ചെറിയാൻ ബദ്ധപ്പെടുന്നതിനുപകരം, ശ്രദ്ധാപൂർവ്വം പാരായണം ചെയ്യണമെന്നും, ധൃതിയിൽ എഴുതിതള്ളിയ ഒരു ഗവേഷണഗ്രന്ഥമല്ല തന്റേതെന്നും, അഗാധമായ ചിന്തയിലൂടെയും ശ്രമകരമായ പര്യവേഷണത്തിലൂടെയും കൈവന്ന സുപ്രസിദ്ധമായ രേഖകളാണ് തന്റെ ഗ്രന്ഥനിർമ്മിതിയ്ക്കടിസ്ഥാനമെന്നും മുഖവുരയിൽ അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ജൂത-ക്രൈസ്തവ-മുസ്‌ലിം മതവിഭാഗങ്ങളിൽ വിശ്വാസപരമായ ഒരു വിപ്ലവവിക്ഷോഭം സൃഷ്ടിക്കുന്ന ഈ ഗ്രന്ഥത്തിൽ, യേശുവിന്റെ രണ്ടാമത്തെ ആവിർഭാവത്തെപ്പറ്റിയുള്ള പ്രവചന സുവിശേഷം തന്നിൽ പൂർത്തിയായിരിക്കുന്നുവെന്നും ആ മഹാത്മാവ് പ്രഖ്യാപിക്കുന്നു.

"തന്റെ രണ്ടാമത്തെ ആവിർഭാവകാലത്ത് ഭൂമിയിലെ സകലഗോത്രങ്ങളും പ്രലപിക്കും" എന്നത് യേശുമിശിഹായുടെ ഒരു പ്രവചനമായിരുന്നു. യേശുവിനെ കുരിശിലേറ്റിയ കുറ്റവാളികളുടെ പിൻമുറക്കാരായ ജൂതന്മാരും, അവരെപോലെ യേശു ശാപമരണം തന്നെയാണ് വരിച്ചതെന്നു വിശ്വസിച്ചുകൊണ്ട് യഹൂദർക്ക് പാപമോചനത്തിന്റെ സൗജന്യം പതിച്ചുനൽകുകയും അതേ ശ്വാസത്തിൽതന്നെ അദ്ദേഹത്തെ ദൈവമായി കൊണ്ടാടുകയും ചെയ്യുന്ന ക്രിസ്ത്യാനികളും, അദ്ദേഹം ഉടലോടെ ഇപ്പോഴും ആകാശത്തുണ്ടെന്നും താമസിയാതെ ഇറങ്ങിവന്ന് തങ്ങൾക്ക് ഇഷ്ടംപോലെ ഭൗതിക വിഭവങ്ങളും പണവും പണ്ടങ്ങളും വെട്ടിപ്പിടിച്ചുതരുമെന്നുമുള്ള വിശ്വാസത്തിലാറാടുന്ന ഭൂരിഭാഗം മുസ്‌ലിംകളും അതോടൊപ്പം ക്രിസ്തുമിഥ്യാവാദികളുമെല്ലാം ഈ കണ്ടുപിടുത്തത്തിൽ വളരെ ദുഃഖിതരായിരിക്കും.

"ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം"- (*കൊരിന്ത്യൻ, 15:14*) എന്ന് പൗലോസ് അപ്പോസ്തലൻതന്നെ പറഞ്ഞിരിക്കെ, ക്രിസ്തു കുരിശിൽ മരിക്കാതെ രക്ഷപ്പെട്ടെന്നാണെങ്കിൽ, അതുവഴി ആകാശാരോഹണം ചെയ്തിട്ടില്ലെന്നാണെങ്കിൽ ആധുനിക ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം സ്വയം ഇല്ലാതാവുക എന്നതു മാത്രമേ വഴിയുള്ളൂ. സത്യത്തിന്റെ വിജയത്തിനും സത്യദൈവത്തിന്റെ പ്രകാശം തിരിച്ചറിയപ്പെടാനും കെട്ടുകഥകളാൽ ഏച്ചുകെട്ടിയ കുരിശുമരണവിശ്വാസം തകരേണ്ടതുണ്ടായിരുന്നു. അങ്ങനെ കുരിശിനെ തകർക്കുന്ന വാഗ്ദത്ത മസീഹിനെ ദൈവം എഴുന്നേല്പിക്കുകയും യേശുവിന്റെ സത്യം ഘോഷിക്കാനായി അദ്ദേഹം കുരിശിനെ തകർക്കുകയും ചെയ്തു. വാഗ്ദത്ത മസീഹ് അഥവാ യേശു രണ്ടാമൻ അത് ഇപ്രകാരം വ്യക്തമാക്കുന്നു:

"സൃഷ്ടിപൂജ അതിന്റെ എല്ലാ സീമകളും കടന്ന് ലോകമാകെ വ്യാപിക്കുകയും ക്രൂശാരാധനയും രക്തബലിയിലുള്ള വിശ്വാസവും കോടിക്കണക്കിനാളുകളെ സത്യദൈവത്തിൽനിന്നകറ്റിക്കളയുകയും ചെയ്തിട്ടുള്ളതായി സ്വർഗ്ഗസ്ഥനായ ദൈവം കണ്ടപ്പോൾ അവൻ തന്റെ വൈരാഗ്യത്താൽ ഈ കുരിശുവിശ്വാസത്തെ തകർക്കുന്നതിനു തന്റെ ഒരു വരിഷ്ഠദാസനെ യേശുമസീഹിന്റെ നാമത്തിൽ അയക്കുകയാണുണ്ടായത്. അങ്ങനെ പ്രവചനങ്ങളിലെ ആ വാഗ്ദത്ത പ്രകാരം അദ്ദേഹം വാഗ്ദത്തമസീഹായി പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. പിന്നെ, കുരിശിനെ ഉടയ്ക്കുന്ന സമയം വന്നെത്തി. എന്നുവെച്ചാൽ, ഒരു മരക്ഷണം രണ്ടു തുണ്ടുകളാക്കപ്പെടുന്നതുപോലെ കുരിശുമതവിശ്വാസത്തിന്റെ പൊള്ളത്തരം വെളിപ്പെടുന്ന ആ കാലം! അതുകൊണ്ട് കുരിശിനെ ഉടയ്ക്കുന്നതിന് ദൈവം വഴിയൊരുക്കിയിട്ടുള്ള കാലം ഇതുതന്നെയാണ്. സത്യാന്വേഷകർ അതിന്നായി ചുറ്റും നോക്കുകയും തെരയുകയും ചെയ്തുകൊള്ളട്ടെ!"

(യേശുമിശിഹാ ഇന്ത്യയിൽ, പേ:143, വിവ: എൻ. അബ്ദുർറഹീം) ●

# ഭാരവാഹിത്യം ഒരു അമാനത്ത്

**അമീറുൽ മുഅ്മീനിൻ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) 31.12.2004-ൽ ഫ്രാൻസിൽവെച്ച് ചെയ്ത ഖുത്വ്ബയിൽനിന്നുള്ള ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു**

**ആരുടേയും ജന്മാവകാശമല്ല**

ജമാഅത്തിന്റെ ഒരു സ്ഥാനവും ആരുടേയും ജന്മാവകാശമല്ലെന്ന കാര്യം തിരഞ്ഞെടുക്കുന്നവരും തിരഞ്ഞെടുക്കപ്പെടുന്നവരും ഓർത്തിരിക്കേണ്ടതാണ്. സുസ്ഥിരമായ അവകാശമല്ല ഇത്. ദീർഘകാലം ഒരു സ്ഥാനത്തിരിക്കുമ്പോൾ ചില കാര്യങ്ങൾ ചിലപ്പോൾ മനസ്സിൽ തോന്നും. അതുകൊണ്ട് സേവനത്തിനുള്ള അവസരം കിട്ടുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹമായിക്കരുതുക. അല്ലാഹുവിന്റെ അനുഗ്രഹമുണ്ടെങ്കിൽ അവൻതന്നെ സേവനം ചെയ്യാൻ അവസരം നൽകും. ഒരു സ്ഥാനത്തിനും സ്വയം ആഗ്രഹിക്കരുത്. അതിനാൽ തന്നെ ഭാരവാഹിയാക്കുക എന്ന സൂചന പോലും ഒരിക്കലും ആരും പ്രകടമാക്കാൻ പാടില്ല. സ്വന്തം ബന്ധുവിനോ സുഹൃത്തിനോ വേണ്ടി സൂചനയായോ അല്ലാതെയോ ഒരുവിധത്തിലും വോട്ടുപിടിക്കാൻ ആർക്കും അവകാശമില്ല. അങ്ങനെ നടന്നതായി ജമാഅത്തറിഞ്ഞാൽ, ആർക്കുവേണ്ടിയാണോ പ്രചാരണം ചെയ്യപ്പെട്ടത് അയാളേയും തിരഞ്ഞെടുപ്പിന് മുമ്പേ പ്രചാരണം നടത്തിയയാളേയും തിരഞ്ഞെടുപ്പുകളിൽനിന്നുതന്നെ ഒഴിവാക്കിയേക്കാം.

**ഭാരവാഹികൾ അവരുടെ ഉത്തരവാദിത്വം അറിയണം**

തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ അതിനെ സാമൂഹികമായ അമാനത്ത് അഥവാ സൂക്ഷിപ്പുമുതലായി നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. ആ അമാനത്തിന്റെ ബാധ്യത നിറവേറ്റുക. കഴിവിന്റെ പരമാവധി ഈ ഉത്തരവാദിത്വം നിർവഹിക്കുക. ഈ ചുമതല നിറവേറ്റാൻ നിങ്ങൾ സമയവും നൽകുക. ജമാഅത്തിന്റെ അഭിവൃദ്ധിക്കായി പുതിയ പുതിയ വഴികൾ കണ്ടെത്തുക. നിങ്ങളുടെ തീരുമാനം നീതിയിലും ന്യായത്തിലും അധിഷ്ഠിതമായിരിക്കേണ്ടതാണ്. നിങ്ങളുടെ വ്യക്തിപരമായ പകയും ബന്ധുക്കളോടും സുഹൃത്തുക്കളോടുള്ള സ്നേഹവും നിങ്ങളെ ഒരിക്കലും നീതിയിൽ നിന്ന് അകറ്റിക്കൊണ്ടുപോകുന്നതാവരുത്. ഒരു ഭാരവാഹിയുടേയും മനസ്സിൽ 'തനിക്ക് വോട്ടു തരാത്തവനാണ്, തനിക്കെതിരിൽ വേറൊരുത്തന്റെ പേരുപറഞ്ഞവനാണ്, അതുകൊണ്ട് തക്കം കിട്ടിയാൽ അവനെ ഉപദ്രവിക്കണം' എന്ന വിചാരം ഉണ്ടാകരുത്. ഇത് സത്യവിശ്വാസികൾക്ക് ചേർന്നതല്ല. എന്നല്ല അങ്ങേയറ്റം തരംതാണ പണിയാണ്.

**ഭാരവാഹികളുടെ പെരുമാറ്റ രീതി**

ഒന്നാമതായി ഭാരവാഹികൾ ഓർമ്മയിൽ വെക്കേണ്ടത് അല്ലാഹു പറഞ്ഞ ***വൽ കാളിമീനൽ ഗയ്ള വൽ ആഫീന അനിന്നാസ്*** (*3:155*) എന്ന കാര്യമാണ്. അതായത് കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് മാപ്പ് ചെയ്ത് കൊടുക്കുന്നവരുമത്രെ അവർ. ഇതിലെ പ്രധാന സംബോധിതർ തങ്ങളാണെന്ന് ഭാരവാഹികൾ മനസ്സിലാക്കേണ്ടതാണ്. കാരണം ജമാഅത്തിലെ അവരുടെ സ്ഥാനം ആവശ്യപ്പെടുന്നത് അവർ തങ്ങളെ പരിപൂർണ്ണമായും വിനയാന്വിതരാക്കിത്തീർക്കുക എന്നതാണ്. കാര്യങ്ങൾ പറഞ്ഞു നന്നാക്കിത്തീർക്കുന്നതിനുവേണ്ടി, ഇസ്‌ലാഹിനുവേണ്ടി, ദേഷ്യപ്പെടേണ്ടി വന്നാൽതന്നെ, മാറ്റിനിറുത്തി തനിച്ച് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ജനങ്ങളുടെ മുമ്പിൽവെച്ച് ആരുടേയും അഭിമാനത്തെ മുറിപ്പെടുത്തരുത്. എപ്പോഴും ശുണ്ഠിപിടിപ്പിക്കുന്ന പ്രകടനം ഉണ്ടാകാൻ പാടില്ല.

**തെറ്റുകൾ പൊറുക്കുന്നത് എപ്പോൾ?**

"സ്ഥിരമല്ലാതെ, വല്ലപ്പോഴുമുണ്ടാകുന്ന തെറ്റാണെങ്കിൽ വിട്ടുവീഴ്ചയിലൂടെ പ്രവർത്തിക്കുന്നതാണ് ഉത്തമം. എന്നാൽ ജമാഅത്തിൽ ഫിത്നയുണ്ടാകുമെന്ന് കണ്ടാൽ അപ്പോൾ മാപ്പിന്റെ ആവശ്യമില്ല. അത്തരം കാര്യമുണ്ടായാൽ തദ്ദേശാടിസ്ഥാനത്തിൽ അത് നന്നാക്കിയെടുക്കാൻ ശ്രമിച്ചാൽ മാത്രം പോരാ, കേന്ദ്രത്തേയും അതിനെക്കുറിച്ച് അറിയിക്കേണ്ടതാണ്.

**സ്വർഗ്ഗം നിഷിധമാക്കപ്പെടും**

ഹസ്റത്ത് മഅ്ക്കൽ ബിൻയസാർ(റ) നിവേദനം ചെയ്യുന്നു.അദ്ദേഹം പറഞ്ഞു. നബി(സ.അ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. "ആരെയാണോ അല്ലാഹു ജനങ്ങളുടെ മേൽനോട്ടക്കാരനും ഉത്തരവാദിയും ആക്കിയിട്ടുള്ളത് അദ്ദേഹം ജനങ്ങളുടെ മേൽനോട്ടത്തിലും തന്റെ നിർബന്ധമായ കർത്തവ്യം നിർവഹിക്കുന്നതിലും അവരുടെ ക്ഷേമപ്രവർത്തനങ്ങളിലും വീഴ്ചവരുത്തുകയാണെങ്കിൽ അയാൾ മരിക്കുമ്പോൾ അല്ലാഹു അയാൾക്ക് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്."

നോക്കൂ, ഈ താക്കീതിനുശേഷം ആരാണ് മുന്നോട്ടു എടുത്തുചാടി സ്ഥാനം കൈക്കലാക്കാൻ ആഗ്രഹിക്കുക? ഇത് ഭയപ്പെടേണ്ട സ്ഥാനമാണ്. യഥാർത്ഥമായ വിവേകവും തിരിച്ചറിവും ഉണ്ടെങ്കിൽ ഏതെങ്കിലും ഒരു മൂലക്കായിരിക്കും മനുഷ്യൻ പോയിരിക്കുക. അതുകൊണ്ട് ഭാരവാഹികൾ ഈ ദൈവാനുഗ്രഹത്തെ ആദരിക്കുക. തങ്ങളുടെ ചുമതലകൾ നിറവേറ്റുക. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ പാലിക്കുക. അല്ലാഹുവിന്റെ കോപം പിടിച്ചുപറ്റുന്നതിനുപകരം അവന്റെ സ്നേഹം പിടിച്ചുപറ്റുന്നവരായി തീരുക.

**പ്രവർത്തനരീതി**

“അമീർമാരും പ്രസിഡന്റുമാരും ഭാരവാഹികളും അവർ ഖലീഫ നിശ്ചയിച്ചിട്ടുള്ള സംവിധാന വ്യവസ്ഥിതിയുടെ ഒരു ഭാഗമാണെന്ന കാര്യം ഓർക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ അവർ കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാണ്. അതുകൊണ്ട് ഏതുപ്രവൃത്തിയ്ക്കായുള്ള അവരുടെ ചിന്താഗതിയും കാലത്തിന്റെ ഖലീഫയുടെ ചിന്താഗതിയ്ക്ക് അനുസരിച്ചുള്ളതായിരിക്കണം. കേന്ദ്രാടിസ്ഥാനത്തിൽ നൽകപ്പെടുന്ന നിർദ്ദേശങ്ങളനുസരിച്ചാണ് അവർ പ്രവർത്തിക്കേണ്ടത്. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ, അവർ തങ്ങളുടെ സ്ഥാനം വേണ്ടപോലെ നിറവേറ്റുന്നവരല്ല.

**പിടിവാശിവേണ്ട**

ചില ഭാരവാഹികൾ പിടിവാശിയുള്ളവരായിരിക്കും. “ഇങ്ങനെയല്ല അങ്ങനെയാണ് വേണ്ടതെന്ന്” വാശിപിടിക്കും. അത് ജമാഅത്തിന് ദോഷമാണെങ്കിൽ നിങ്ങളുടെ പിടിവാശി ജമാഅത്തിന്റെ മുന്നോട്ടുള്ള ഗമനത്തിന് തടസ്സമാകാൻ പാടില്ല. തഖ്‌വയോടുകൂടി ജമാഅത്തിന്റെ ഗുണത്തിനായി പ്രവർത്തിക്കേണ്ടതാണ്.

**ഇവരെ ആദരിക്കുക; ആദരം ഉണ്ടാക്കുക**

മുബല്ലിഗുമാരോട്– ജീവിതം വഖ്ഫ് ചെയ്തവരോട് – സ്വന്തം മനസ്സുകളിലും ജനങ്ങളുടെ മനസ്സുകളിലും ആദരവും ബഹുമാനവും ഉണ്ടാക്കുക എന്നത് ലോകത്തെങ്ങുമുള്ള ജമാഅത്ത് ഭാരവാഹികളുടെ ചുമതലയാണ്. അവരെ ആദരിക്കുക, ആദരിപ്പിക്കുക, അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക. കഴിയുന്നിടത്തോളം അവർക്കുവേണ്ട സൗകര്യം ചെയ്തുകൊടുക്കുക. ഇത് ജമാഅത്തിന്റേയും ഭാരവാഹികളുടേയും പ്രവൃത്തിയാണ്. അവരുടെ പ്രവർത്തനങ്ങളിൽ ഏകാഗ്രത നിലനിൽക്കുന്നതിനും അവർ അവരുടെ പ്രവൃത്തി നല്ലരീതിൽ നിറവേറ്റുന്നതിനും ഒരു ബുദ്ധിമുട്ടും കൂടാതെ തങ്ങളുടെ കടമകൾ നിർവഹിക്കുന്നതിനും വേണ്ടി മുറബ്ബിമാരെ ആദരിക്കുന്നില്ലെങ്കിൽ വരുംതലമുറയിൽ ജീവിതം വഖ്ഫ് ചെയ്തവരേയും മുബല്ലിഗുമാരേയും അന്വേഷിച്ച് കണ്ടെത്തുന്നതുതന്നെ നിങ്ങൾക്ക് ദുഷ്കരമായിത്തീരും.

**ആവശ്യമുള്ളത്ര മുബല്ലിഗുമാരും മുഅല്ലിമീങ്ങളും രംഗത്ത് വരുന്നില്ല**

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തുടങ്ങിവെച്ച ‘*വാഖിഫീനെ നൗ*’ പദ്ധതിയനുസരിച്ച് ഒരുപാട് വാഖിഫീൻ വഖ്ഫ് രംഗത്തുവന്നുകൊണ്ടിരിക്കുന്നു എന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. എന്നാൽ, ഞാൻ എടുത്ത കണക്കനുസരിച്ച് എന്റെ അഭിപ്രായത്തിൽ എത്ര മുബല്ലിഗുമാരെയാണോ ആവശ്യമുള്ളത് അത്രയും ഈ രംഗത്ത് വരുന്നില്ല. മറ്റു മേഖലകളിലേക്കാണ് പോകുന്നത്. മുറബ്ബിമാർക്ക് അവരുടേതായ സ്ഥാനം നൽകുകയാണെങ്കിൽ, വീടുകളിൽ അവരുടെ പേരുകൾ ബഹുമാനത്തോടും ആദരവോടുംകൂടി സ്മരിക്കുകയാണെങ്കിൽ, അവരുടെ സേവനത്തെ അനുമോദിക്കുകയാണെങ്കിൽ തീർച്ചയായും ഈ സ്മരണയാൽ വീടുകളിലുള്ള കുട്ടികളിലും ഇതിനുള്ള താല്പര്യമുണ്ടാകും. ജീവിതം വഖ്ഫ് ചെയ്ത് മുബല്ലിഗാകണമെന്ന് അവർക്കും തോന്നും. ഇതിലേക്ക് ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. ചെറിയ ചെറിയ ഭിന്നിപ്പുകളെ കാര്യമാക്കാതിരിക്കേണ്ടതാണ്. ഇതുമുഖേന ഇരുഭാഗത്തും വിഷമങ്ങൾ ഉണ്ടാകും.

**വഖ്ഫ് ചെയ്തവർക്കുമുണ്ട് കടമകൾ**

ജീവിതം അർപ്പണംചെയ്ത് സേവനം ചെയ്യുന്നവരോടും മുറബ്ബിമാരോടും ഞാൻ പറയുന്നു. ലോകർ നിങ്ങളുടെ സ്ഥാനത്തെ മനസ്സിലാക്കുകയോ മനസ്സിലാക്കാതിരിക്കുകയോ ചെയ്യട്ടെ. നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ത്യാഗം വരിക്കാമെന്ന് ഉടമ്പടി ചെയ്തവരാണ്. ആ ഉടമ്പടി സദുദ്ദേശ്യത്തോടെ അല്ലാഹുവിനുവേണ്ടി നിങ്ങൾ പാലിക്കുകയാണെങ്കിൽ ലോകരെ നിങ്ങൾ ഭയപ്പെടേണ്ട കാര്യമില്ല.

നിങ്ങൾ ജമാഅത്തിപരമായ തഅ്ലീം തർബിയ്യത്തിനും ലോകർക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതിനും വേണ്ടിയുള്ള കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാണ്. ഇത് നിങ്ങളുടെ വലിയ ഉത്തരവാദിത്വമാണ്. തീരുമാനമെടുക്കേണ്ട ഒരുപാട് കാര്യങ്ങളിൽ കാലത്തിന്റെ ഖലീഫ നിങ്ങളെ അവലംബമാക്കാറുണ്ട്. അതുകൊണ്ട് ഈ ചുമതല മനസ്സിലാക്കി ഭൗതികമായ എല്ലാ ഉയർച്ച താഴ്ചയേയും മനസ്സിൽനിന്ന് നീക്കുക. നിങ്ങളിലർപ്പിതമായ പ്രവൃത്തി ഏകാഗ്രചിത്തയോടെ നിർവഹിക്കുക. അല്ലാഹുവിനുവേണ്ടി മറ്റുള്ളവരുടെ മുറുമുറുപ്പ് സഹിക്കുകയാണെങ്കിൽ അല്ലാഹുതആല അവൻതന്നെ നിങ്ങളുടെ എളുപ്പത്തിനുള്ള മാർഗ്ഗങ്ങൾ ഒരുക്കിത്തരുന്നതാണ്. മാനസികപീഡ അകറ്റുന്നതിനുള്ള സാഹചര്യവും ഒരുക്കിത്തരുന്നതാണ്.

മറ്റുവീടുകളിലും മുറബ്ബിമാരുടെ വീടുകളിലും കുട്ടികളുടെ മുമ്പിൽവെച്ച് ഭാരവാഹികൾക്കെതിരിൽ ഒന്നും സംസാരിക്കരുത്. ജീവിതം വഖ്ഫ് ചെയ്തവരുടെ ഭാര്യമാരും ജീവിതം വഖ്ഫ് ചെയ്തവരെപ്പോലെയാണ്. അല്ലെങ്കിൽ അങ്ങനെ ആവേണ്ടതാണ്.

**സ്നേഹത്തിന്റെ ചിറക് വിരിക്കുക**

ഭാരവാഹികൾ ജനങ്ങൾക്കുവേണ്ടി സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും ചിറകു വിടർത്തുക. കാലത്തിന്റെ ഖലീഫ നിങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഈ പ്രിയപ്പെട്ട ജമാഅത്തിനെ നിങ്ങൾക്ക് ഏൽപ്പിച്ചുതന്നിരിക്കുകയാണ്. അവരെ എല്ലാതരത്തിലും നോക്കുക. ഓരോ അഹ്മദിക്കും, അവൻ സുരക്ഷിതമായ ചിറകിൻകീഴിലാണെന്ന് തോന്നണം. ചെറിയവരാണെങ്കിലും വലിയവരാണെങ്കിലും ഓരോരുത്തരോടും പുഞ്ചിരിച്ചുകൊണ്ട് പെരുമാറുക. പുഞ്ചിരിച്ചുകൊണ്ട് ഃന്തോഷത്തോടെ ജനങ്ങളുമായി കൂടിച്ചേരുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅ

ശേഷം 37-ാം പേജിൽ

# നല്ലധനം

മർഹൂം ബിഎം കോയസാഹിബ്

നല്ലത് എന്ന് പറഞ്ഞാലെന്താണ്?

കനമുള്ള ഒരു ചോദ്യമായി ആരും ഇതിനെ കാണുകയില്ല. കുഞ്ഞുങ്ങൾക്കുപോലും നല്ലതിന്റെ അർത്ഥം അറിയാം. നിത്യവും ജീവിതത്തിൽ ധാരാളം തവണ ആ പദം മനുഷ്യരെല്ലാവരും ഉപയോഗിക്കുകയും ചെയ്യുന്നു.

നല്ലത് എന്ന വാക്കിനോട് മനുഷ്യന് വളരെ താല്പര്യമാണ്. എപ്പോഴും നല്ലത് വേണം. ആരും എല്ലാവരും എപ്പോഴും ചിന്തിക്കുന്നതങ്ങനെയാണ്. നല്ലത് കൈക്കലാക്കാനുള്ള ശ്രമത്തിന്റെ കഥയാണ് ചരിത്രത്തിലുള്ളത്. എനിക്ക് നല്ലത്– അതാണ് മനുഷ്യന്റെ ചിന്ത, മനുഷ്യന്റെ മുദ്രാവാക്യവും.

അത്രമാത്രം ജീവിതവുമായി ബന്ധമുറപ്പിച്ച ഈ നല്ലത് എന്ന വാക്കിന്റെ ശരിയായ പൊരുളെന്താണ്? അങ്ങനെ നമുക്കൊന്നാലോചിച്ചു കൂടെ? നല്ല പാലെന്നും, നല്ല ഭക്ഷണമെന്നും, നല്ല കട്ടിലെന്നും നാം പറയുന്നു. നല്ല തുണി, നല്ല ഇണ, നല്ല തുണ, നല്ല പണി എന്നു നാം ചിന്തിക്കുന്നു. നല്ല വീടിനും, നല്ല ഭൂമിക്കും നാം മോഹിക്കുന്നു. നല്ലതുതന്നെ തെരഞ്ഞെടുക്കുവാൻ എപ്പോഴും നാം ഉത്സാഹിക്കുന്നു. നല്ലതല്ലാത്തതൊന്നും നമുക്കു വേണ്ട. അത് നമ്മുടെ ചിന്തയാണ്, സിദ്ധാന്തമാണ്. പലപ്പോഴും നമ്മുടെ ശാഠ്യവും അതാണ്.

എങ്കിലും നല്ലതെന്താണെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ നമുക്കുണ്ടോ? കുട്ടികളെ നമുക്കറിയാം. അവരെപ്പോഴും നല്ലതെന്നവർക്ക് തോന്നുന്ന ആവശ്യങ്ങൾ നിവർത്തിക്കുവാൻ ബഹളം വെക്കാറുണ്ട്. അവരാവശ്യപ്പെടുന്നതൊക്കെയും നല്ലതായിരിക്കണമെന്നില്ല. വലിയവരുടെയും സ്ഥിതി അതുതന്നെ. അവർ നല്ലതെന്നു വിചാരിക്കുന്നതോ, നല്ലതെന്ന് പറഞ്ഞ് പുൽകുന്നതോ നല്ലതായിരിക്കണമെന്നില്ല. കെട്ടതായിരിക്കും നല്ലതെന്ന് പറഞ്ഞ് അവർ മടിശ്ശീലയിൽ തിരുകി വെക്കുന്നത്. അറിയാത്തതുകൊണ്ടാണിത് സംഭവിക്കുന്നത് എന്ന വിശദീകരണം ശരിയല്ല. അവർക്കറിയാം. ആ അറിവ് ജീവിതത്തിൽ വെളിച്ചമായി മാറുന്നില്ലെന്നു മാത്രം.

അപ്പോൾ എന്താണ് നല്ലത് എന്ന് പറഞ്ഞാൽ യഥാർത്ഥമായത്, തനിമയാർന്നത്, സത്യമായത്, ധർമ്മമായത്, സൗന്ദര്യമായത്.

ഇങ്ങനെ അതിന് ഒരുപാട് അർത്ഥം കൽപിക്കാവുന്നതാണ്. എനിക്ക് തോന്നുന്നത് ഈ അർത്ഥങ്ങളെല്ലാം ഒത്തുചേരുമ്പോഴാണ് നല്ലതാവുന്നത്. തനിച്ചാകുമ്പോൾ 'നല്ലതിനെ' പൂർണ്ണമായ അർത്ഥത്തിൽ കാണുവാൻ കഴിഞ്ഞെന്നു വരില്ല. ആനയെ കാണാൻ നാലു കുരുടന്മാർ പോയ കഥ നമുക്കറിയാത്തതല്ല. അവർ ആനയെ കണ്ടു ആനയെ വിവരിച്ചപ്പോൾ അവരാരും കള്ളം പറഞ്ഞില്ല. അവർ പറഞ്ഞത് അവരറിഞ്ഞ സത്യം മാത്രമായിരുന്നു. സംഗതിവശാൽ അവരറിഞ്ഞ സത്യം ഭാഗികമായിരുന്നു. ഭാഗികമായ സത്യം സൗന്ദര്യത്തെ ജനിപ്പിക്കുകയില്ല. എന്നാൽ കുരുടന്മാരായ ആ നാലുപേരും കണ്ടത് ക്രമഃശ കൂട്ടിവായിച്ചാൽ ഗജവീരനെക്കാണാൻ വലിയ പ്രയാസം അനുഭവപ്പെടില്ല. അതുപോലെ നല്ലതിന്റെ എല്ലാ അർത്ഥങ്ങളും ഒന്നിച്ചു വായിക്കുമ്പോഴും ഒന്നിച്ചു മനസ്സിൽ കാണുമ്പോഴും മാത്രമാണ് നല്ലതെന്തെന്നറിയാനുള്ള കഴിവ് മനുഷ്യൻ ആർജ്ജിക്കുന്നത്.

ഒരുദാഹരണം പറയാം. മോശയുടെ ന്യായപ്രമാണങ്ങൾ പ്രബോധിക്കാനായി വന്ന് മനുഷ്യരെ ജീർണ്ണതയിൽനിന്നും ഉദ്ധരിക്കുക എന്നതായിരുന്നു പ്രവാചകനായ യേശുവിന്റെ ദൗത്യം. എല്ലാ പ്രവാചകന്മാരെപ്പോലെ യേശുവും മനുഷ്യർക്കിടയിൽ ഇറങ്ങി നടന്ന് അവരെ ഉപദേശിച്ചു. ഒരിക്കൽ ഒരു പുരുഷാരത്തെ നോക്കി അദ്ദേഹം അന്വേഷിച്ചു. നിങ്ങളിൽ ഒരു നല്ല മനുഷ്യനുണ്ടോ? പാപം ചെയ്യാത്ത ഒരു മനുഷ്യൻ. പുരുഷാരം ശിരസ്സ് താഴ്ത്തിയതല്ലാതെ ഉത്തരം പറഞ്ഞതില്ല.

പ്രസിദ്ധമായ യേശുവിന്റെ ന്യായവിധി– നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതായി കല്ലെറിയട്ടെ. (*യോഹന്നാൻ, 8:7*) ഏറ്റുവാങ്ങാൻ ശാസ്ത്രിമാരോ പരീശന്മാരോ ആരും മുന്നോട്ടു വന്നില്ല. ഈ ന്യായവിധിയും തുടർന്നുണ്ടായ സംഭവങ്ങളും വിവരിക്കേണ്ട കാര്യമില്ല. എങ്കിലും 'നല്ലത്' കണ്ടെത്താനുള്ള യത്നത്തിന്റെ ഭാഗമായി പ്രസ്തുത ചരിത്രരേഖയെ തൊട്ടടുത്തുനിന്ന് കാണേണ്ട ആവശ്യം നമുക്കുണ്ട്.

ആദികാലത്തൊരുനാൾ യേശു ദേവാലയത്തിൽ ഇരിക്കുകയായിരുന്നു. ജനം അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു; ഉപദേശത്തിനും, മാർഗ്ഗനിർദ്ദേശത്തിന്നുമായി.

അദ്ദേഹം ഉപദേശിച്ചു തുടങ്ങി. ഈ സന്ദർഭത്തിൽ ഒരു പുരുഷാരം ബഹളത്തോടെ അദ്ദേഹത്തിന്റെ മുമ്പിൽ വന്നു. പുരുഷാരത്തിന്റെ മുമ്പിൽ ഒരു സ്ത്രീയുമുണ്ടായിരുന്നു. ശാസ്ത്രിമാരും പരീശന്മാ

രുമായിരുന്നു അവർ. മഗ്ദലനത്തുകാരിയായ മറിയ ആയിരുന്നു സ്ത്രീ. സ്ത്രീയെ നടുവിൽ നിർത്തി വന്നവരിൽ പ്രധാനിയായ ആൾ യേശുവിനോട് പറഞ്ഞു.

ഗുരോ ഈ സ്ത്രീയെ വ്യഭിചാരകർമ്മത്തിൽ തന്നെ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയണം എന്ന് മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോട് കൽപിച്ചിരിക്കുന്നു. നീ ഇവളെക്കുറിച്ച് എന്തു പറയുന്നു. (*യോഹന്നാൻ, 8:4,5,6*)

യേശു ഹ്രസ്വനേരം ആലോചനാമഗ്നനായി കുനിഞ്ഞിരുന്നു. മോശെയുടെ ന്യായപ്രമാണങ്ങളെക്കുറിച്ചുള്ള ധാരണയിൽ അദ്ദേഹം ശാസ്ത്രിപരീശന്മാരെക്കാളും സമ്പന്നനായിരുന്നു. കണ്ണിന് കണ്ണ്, പല്ലിന് പല്ല് എന്ന ദയാരഹിതമായ ശിക്ഷാവിധികളോട് അദ്ദേഹത്തിന് താല്പര്യമുണ്ടായിരുന്നില്ല. പക്ഷെ, അക്കാര്യം തുറന്നു പറയുവാൻ അദ്ദേഹത്തിന് നിവൃത്തിയുണ്ടായിരുന്നില്ല. മോശെയുടെ ന്യായപ്രമാണത്തെ നീക്കുവാനല്ല, നിവർത്തിപ്പാനാണ് അദ്ദേഹം വന്നിരിക്കുന്നത്. അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളി എങ്കിലും ഒരു പുള്ളിയെങ്കിലും ഒഴിഞ്ഞുപോകയില്ല. അതായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം. ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു. അതിനാൽ അവർ നിങ്ങളോടു പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്വിൻ എന്ന് ശിഷ്യഗണങ്ങളോട് അദ്ദേഹം ഉപദേശിക്കുകയും ചെയ്തിരുന്നു.

ഇതൊക്കെയായിരുന്നു സത്യങ്ങൾ. യേശുവിന് ഈ സത്യങ്ങളുമായി അവഗാഹമായ ധാരണയുണ്ടായിരുന്നു. മോശെയുടെ ന്യായപ്രമാണങ്ങൾക്കെതിരിൽ വിധി കല്പിച്ചാൽ ന്യായപ്രമാണങ്ങളുടെ ലംഘനമായി അത് വ്യാഖ്യാനിക്കപ്പെടാം. തനിയ്ക്കെതിരിൽ കുറ്റം ചുമത്തപ്പെടാം. താൻ വിചാരണ ചെയ്യപ്പെടാം.

അതിന്നിടയാവരുതെന്ന് അദ്ദേഹം കരുതിയിരിക്കണം. എങ്കിലും ഒരു ശിക്ഷാവിധി പ്രസ്താവിക്കുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനായിരിക്കുകയാണ്. ആ ബാദ്ധ്യസ്ഥതയിൽനിന്നും ഒഴിഞ്ഞുമാറേണ്ടതെങ്ങനെ എന്നദ്ദേഹം ചിന്തിച്ചു. സാവകാശത്തിൽ അദ്ദേഹം ഒരു പോംവഴി കണ്ടെത്തി. നിങ്ങളിൽ ഒരു നല്ല മനുഷ്യനുണ്ടോ എന്ന ചോദ്യം. പാപം ചെയ്യാത്ത ഒരു മനുഷ്യൻ ഉണ്ടെങ്കിൽ ആ മനുഷ്യൻ അവളെ കല്ലെറിയട്ടെ.

അദ്ദേഹം വിചാരിച്ചത് സംഭവിച്ചു. പുരുഷാരം തങ്ങളിൽ തങ്ങളിൽ നോക്കി. ആർ നല്ലവനെന്നു അവർ മനസ്സിൽ ചോദിച്ചു. ആർ പാപമില്ലാത്തവൻ എന്നവർ കിഴിഞ്ഞ് ചിന്തിച്ചു.

ആരുമില്ല, സത്യത്തിന്റെ തീഷ്ണമായ മുഖം കണ്ടവർ ഞെട്ടിപ്പോയി. അവർ ശിരസ്സ് താഴ്ത്തി പിന്നെ പിന്തിരിഞ്ഞ് പതിയെ നടന്നുപോയി. നല്ലവരല്ലാത്ത ആ മനുഷ്യരുടെ കൂട്ടത്തെ നോക്കി യേശു ദുഃഖമാനസനായി നെടുവീർപ്പയച്ചിരിക്കണം.

ഒരു നല്ല മനുഷ്യനെ കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഒരു നല്ലമനുഷ്യനെ കണ്ടെത്താൻ പുരുഷാരത്തിനും കഴിഞ്ഞില്ല.

വിശുദ്ധഖുർആനിൽ പറയുന്നു: "ദൈവമാർഗ്ഗത്തിൽ എന്താണ് ചെലവാക്കേണ്ടത് എന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക. നല്ലധനത്തിൽനിന്ന് നിങ്ങൾ ചെലവാക്കുന്നത് എന്താണോ അത് മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥ കുട്ടികൾക്കും അഗതികൾക്കും വഴിയാത്രക്കാർക്കും അവകാശപ്പെട്ടതാണ്. (*2:216*)

### നല്ലധനം

ഇവിടെ വീണ്ടും നാം നല്ലത് എന്ന വാക്കിനെ പരിചയപ്പെടുന്നു. നല്ലധനം എന്നു പറയുമ്പോൾ ധനം പലവിധത്തിലുണ്ടെന്നർത്ഥമുണ്ട്. നല്ലതല്ലാത്ത ധനം അതായത് ചൊവ്വല്ലാത്ത മാർഗ്ഗത്തിൽ സമ്പാദിച്ചുവെച്ച ധനം.

ദൈവമാർഗ്ഗത്തിൽ നല്ലധനം ചെലവാക്കുക എന്നു പറയുമ്പോൾ ദൈവം നല്ലധനം മാത്രമേ സ്വീകരിക്കുന്നുള്ളൂ എന്ന് താത്പര്യം. നല്ലത് സ്വീകരിക്കാൻ മനുഷ്യന് മാത്രമല്ല ആഗ്രഹം. ദൈവവും നല്ലത് തന്നെ ആഗ്രഹിക്കുന്നു. നല്ലതല്ലാത്തതൊന്നും ദൈവത്തിന് വേണ്ട.

നല്ലതല്ലാത്തത് മനുഷ്യനും വേണ്ട– അങ്ങനെയാണല്ലോ മനുഷ്യനും വിചാരിക്കുന്നത്. പക്ഷേ, മനുഷ്യന്റെ മടിശ്ശീലയിൽ ഭദ്രമായി അവൻ സൂക്ഷിച്ചുവെച്ചിരിക്കുന്നത് നല്ലതായ ധനം തന്നെയാണോ? ആണ് എന്ന് ആണയിട്ട് മനുഷ്യൻ പറയും. പക്ഷെ, ആണ് എന്ന് സ്വന്തം മനസ്സാക്ഷിയെ ബോദ്ധ്യപ്പെടുത്താൻ മനുഷ്യന് കഴിയുമോ?

ഇവിടെ ഒരു കാര്യം ഓർക്കുന്നതും പ്രയോജനദായകമല്ലേ. ഒരാളുടെ ധനം ഒരാൾക്കു മാത്രം അവകാശപ്പെട്ടതല്ലെന്ന തത്ത്വമാണ് വിശുദ്ധഖുർആൻ അവതരിപ്പിക്കുന്നത്. ധനത്തിന് ധാരാളം അവകാശികളുണ്ട്. അവകാശികൾക്ക് അർഹിക്കുംവിധം വിതരണം ചെയ്യുമ്പോൾ മാത്രമേ ധനത്തിന്റെ പ്രയോജനം യഥാർത്ഥമായി സംഭവിക്കുന്നുള്ളൂ.

ചരിത്രത്തിലേക്കുതന്നെ നമുക്ക് തിരിച്ചുപോകാം. മനുഷ്യർക്കു വേണ്ടി ആദ്യമായി സ്ഥാപിതമായ ദേവാലയമാണ് 'കഅബ'. ആദംനബിയുടെ കാലത്തുതന്നെ കഅബ പണിതിരുന്നു. കാലം കഅബയെ കേടുവരുത്തിയപ്പോൾ ഇബ്രാഹിം നബിയും മകൻ ഇസ്മായിൽ നബിയും കഅബയെ പുനരുദ്ധാരണം ചെയ്തു. കാലം പിന്നെയും കഅബയിൽ ക്ഷതമേൽപിച്ചു. വെള്ളപ്പൊക്കത്തിൽ കഅബ ഏതാണ്ട് തകരുകയും ചെയ്തു. അക്കാലം മക്കയുടെ ഭരണം ഖുറൈശികളുടെ കൈകളിലായിരുന്നു.

കഅബയെ പുനരുദ്ധരിക്കുവാൻ അവർ തീരുമാനിച്ചു. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. ധാർമ്മികമായി ജീർണ്ണത അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ജനതയായിരുന്നു ഖുറൈശികൾ. ധർമ്മനിഷ്ഠ എന്നത് അവരിലുണ്ടായിരുന്നില്ല. ഇരുട്ടിലായിരുന്നു അവർ. വെളിച്ചത്തോട് അവർക്ക് ഒട്ടും ആഭിമുഖ്യമുണ്ടായിരുന്നില്ല.

എങ്കിലും കഅബാദേവാലയത്തെ വളരെ പവിത്രമായിത്തന്നെ അവർ കരുതി. അത് ദൈവമന്ദിരമാണെന്ന ഉറച്ചവിശ്വാസം അവർക്കുണ്ടായിരുന്നു. അക്കാരണത്താൽ കഅബയെ പുനരുദ്ധരിക്കുകയെന്ന കർമ്മം സന്തോഷത്തോടെയും അഭിമാനത്തോടെയും അവരേറ്റെടുത്തു.

പക്ഷെ, അവർ കൂടിയിരുന്നാലോചിച്ചപ്പോൾ പെട്ടെന്നുതന്നെ അവർക്കു മനസ്സിലായി. കഅബ പുതുക്കിപ്പണിയുക എന്ന ദൗത്യം എളുപ്പം നിർവ്വഹിക്കാവുന്ന ഒരു കാര്യമല്ല എന്ന്. ഖുറൈശികൾ സമ്പന്നരായിരുന്നു, സ്വതന്ത്രരായിരുന്നു, സ്വാധീനമുള്ളവരായിരുന്നു. ഒരു കെട്ടിടം പണിയുവാൻ ഇത്രയും ധാരാളമാണല്ലോ. പക്ഷെ, കാതലായ ചോദ്യത്തെ നേരിടേണ്ടതായി വന്നപ്പോൾ ചരിത്രത്തിന്റെ പഴയകാലത്ത് ആർ നല്ലവനെന്ന് തങ്ങളിൽതങ്ങളിൽ അന്വേഷിച്ചതുപോലെ അവരും വിഹ്വലരായിത്തന്നെ 'നല്ലതി'നുവേണ്ടി പരസ്പരം അന്വേഷിച്ചു. കഅബ ദൈവമന്ദിരമാണ്. കഅബയുടെ പുനർനിർമ്മാണമെന്ന് പറഞ്ഞാൽ ദൈവമാർഗ്ഗത്തിലുള്ള ചെലവാക്കലാണ്. അങ്ങനെ ചെലവാക്കുമ്പോൾ ചെലവാക്കപ്പെടുന്ന ധനം നല്ലധനമായിരിക്കണം.

ആരുടെ കയ്യിലുണ്ട് നല്ലധനം? എല്ലാവരുടെ കയ്യിലും ധനമുണ്ട്. ചൂതാടിയ ധനം, പലിശയായിക്കിട്ടിയ ധനം, അവിഹിതമാർഗ്ഗത്തിൽ പിടിച്ചെടുത്ത ധനം, വ്യഭിചാരശാലകൾ നടത്തി സമ്പാദിച്ച ധനം- ഈ ധനം നല്ലധനമാകുന്നില്ല. ദൈവമാർഗ്ഗത്തിൽ ഇത് ചെലവാക്കാനൊക്കുകയുമില്ല. ചെലവാക്കിയാൽ ദൈവം അത് സ്വീകരിക്കുകയില്ല. നല്ലതല്ലെന്നറിയാമായിരുന്നിട്ടും നല്ലതെന്ന ബോദ്ധ്യത്തോടെ മുറുകെപ്പിടിച്ച ധനം ചെലവാക്കാൻ കൊള്ളാവുന്നതല്ലെന്ന പൊള്ളുന്ന യാഥാർത്ഥ്യം ഖുറൈശികൾ ഇവിടെ തിരിച്ചറിയുകയാണ് ചെയ്തത്.

അവർ ഇച്ഛാഭംഗത്തോടെ ശിരസ്സ് കുനിച്ചു. പോംവഴി ചിന്തിച്ചു. അവസാനം നല്ലധനം കണ്ടെത്താനുള്ള ഭഗീരഥയത്നം നടത്തി. അവർക്ക് ശേഖരിക്കാൻ കഴിഞ്ഞത് വളരെക്കുറച്ച് ധനം മാത്രമായിരുന്നു. കഅബയുടെ പുനർനിർമ്മാണം അതുകൊണ്ട് സാധ്യമാവുകയില്ലെന്ന് അവർക്കുറപ്പായപ്പോൾ അവർ കഅബയുടെ കുറച്ചുഭാഗം ഒഴിവാക്കി, അതായത് കഅബ ചെറുതാക്കിപ്പണിതു.

നല്ല മനുഷ്യനെ കണ്ടെത്താൻ കഴിയാഞ്ഞതുപോലെ നല്ലധനവും കണ്ടെത്താൻ കഴിഞ്ഞില്ല. പഴയകാല ചരിത്രരേഖകൾ. ഇന്നോ?

മുക്കിന് മുക്കിന് പള്ളികൾ. ഉയരങ്ങളെത്തേടുന്ന പള്ളികൾ. എടുപ്പിലും കിടപ്പിലും മറ്റെടുപ്പുകളെ പിന്നിലാക്കുന്ന പള്ളി. ലക്ഷങ്ങളും കോടികളും ദീനാറുകളും ദിർഹവും ഡോളറും സ്റ്റർലിങ്ങും. പ്രളയമായും പ്രവാഹമായും പള്ളിനിർമ്മാണത്തിന്നൊഴുകുന്നു. ഒഴുക്ക് തടുത്തുനിർത്തി പള്ളിനിർമ്മിക്കുന്ന മനുഷ്യർ ഇത് നല്ലധനമാണോ എന്നറിയുന്നില്ല, ആരായുന്നില്ല. അതറിയുവാനും, അതാരായുവാനുമുള്ള ശക്തി പോലും ഇന്ന് മനുഷ്യർക്ക് നഷ്ടപ്പെട്ടുപോയിരിക്കുന്നു.

നിങ്ങളുടെ ധനം നല്ലതാണോ എന്ന് ചോദിച്ചാൽ എന്റെ ധനം നല്ലതാണ്, ശുദ്ധമാണ്, തനിമയാർന്നതാണ്, സത്യമായതാണ്, സൗന്ദര്യമായതാണ് എന്ന് ഉറച്ചു പറയാൻ ഇന്നെത്ര പേർക്ക് കഴിയും. കാടും നാടും വെട്ടിപ്പിടിക്കുന്ന- കോഴ വാങ്ങിയും കോഴ കൊടുത്തും കീശ വീർപ്പിക്കുന്ന മനുഷ്യർ ബാലിശമായ ഒരു ചോദ്യമാണിതെന്ന് പറയും. ചോദ്യം ബാലിശമല്ല. തീർത്തും ഗൗരവമുള്ള ഒരു ചോദ്യമാണിത്.

'എന്റെ സമയം, എന്റെ മാനം, എന്റെ ധനം- ഒക്കെ ദൈവത്തിനുവേണ്ടി ചെലവഴിക്കുന്നു' അത് നമ്മുടെ മുദ്രാവാക്യമാണ്. പക്ഷെ, എന്റെ സമയം എനിക്ക് മാത്രമായി ഞാൻ ചെലവഴിക്കുന്നു. എന്റെ മാനം- അതെന്തൊരു മാനം. മാനത്തെക്കാൾ വലിയമാനം. അതാണ് ഏറ്റവും വലിയ മാനം എന്ന് ഞാൻ അഹങ്കരിക്കുന്നു. എന്റെ ധനമോ. അത് ഞാൻ ആരും കാണാതെ ആഴത്തിൽ പൂഴ്ത്തിവെക്കുന്നു. 'ധനം ശേഖരിക്കുകയും എന്നിട്ട് അത് പാത്രത്തിലിട്ട് സൂക്ഷിക്കുകയും ചെയ്യുന്നു'. (*വി.ഖു. 70:19*)

അതാണ് നേര്. അവിഹിതമായ മാർഗ്ഗത്തിലാണ് ധനം ശേഖരിക്കുന്നത്. പുറത്തത് കാണിക്കാൻ നിവൃത്തിയില്ല. വളരെ ഗുപ്തമായി അതൊളിപ്പിക്കുന്നു. പാത്രത്തിലിട്ട് സൂക്ഷിക്കുന്നു. ഇതാണ് കറുത്തപണം, അഥവാ നല്ലതല്ലാത്ത ധനം.

മനുഷ്യർ അഴിമതിയിൽ മൂടിനിൽക്കുന്നു. സ്വജനപക്ഷപാതം കാണിക്കുന്നു. കോഴ വാങ്ങുന്നു; കോഴ കൊടുക്കുന്നു. ആയിരം നുണകൾ പറയുന്നു. പറഞ്ഞു പറഞ്ഞ് നുണയേത് സത്യമേത് എന്നറിയാൻ പാടില്ലാത്തവിധം സത്യത്തിൽനിന്നും ധർമ്മപഥത്തിൽ നിന്നും അകന്നുപോയിരിക്കുന്നു.

അതുകൊണ്ടുതന്നെ ഇതാ ശുദ്ധമായ ധനം എന്ന് പറയാൻ ആർക്കും കഴിയാതെ വന്നിരിക്കുന്നു. വിശുദ്ധഖുർആൻ നല്ലധനം ചെലവാക്കുക എന്ന് പറയുമ്പോൾ പൊള്ളുന്ന ഈ സത്യമാണ് മനുഷ്യരെ ഓർമ്മപ്പെടുത്തുന്നത്. ഇതുൾക്കൊള്ളാൻ മനുഷ്യർക്ക് കഴിഞ്ഞെങ്കിൽ! ●

ചരിത്രം

# ഒരു മസ്ജിദ് ഉയരട്ടെ

ടി. രായു, പ്രസിഡണ്ട്, മുറിയക്കണ്ണി

ഒറ്റപ്പെട്ട അഹ്മദികൾ പാത്തും പതുങ്ങിയും വിശ്വാസ സന്ദേശം കൈമാറിവന്ന കാലത്താണ് അലനെല്ലൂരിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പിറവിയെടുത്തത്. അഹ്മദിയ്യത്തിന്റെ സന്ദേശം തങ്ങളുടെ ബന്ധുമിത്രാദികളേയും നാട്ടുകാരേയും അറിയിക്കുന്നതിനുവേണ്ടി അക്കാലത്തെ ദക്ഷിണേന്ത്യയിലെ മുബല്ലിഗായിരുന്ന മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ ഒരു തബ്‌ലീഗ് പ്രസംഗം 1954-ൽ കൊന്നാരം സുന്നി മഹല്ലിന്റെ ഹൃദയഭാഗമായ തിരുവാഴാംകുന്നിൽ സംഘടിപ്പിച്ചു. അതേ മഹല്ലിൽപ്പെട്ട ഒരു അനഹ്മദീ സഹോദരൻ ജ:പുല്ലാണിക്കുണ്ടൻ കുഞ്ഞമ്മുക്ക തന്റെ വീടും പരിസരവും പ്രസംഗം നടത്തുന്നതിന്നായി അനുവദിച്ചുതന്നു. വിവരം മണത്തറിഞ്ഞ പള്ളിക്കാരണവന്മാർക്ക് ഹാലിളകി. അവർ കുഞ്ഞമ്മുക്കായെ ഭീഷണിപ്പെടുത്തി. അനുവാദം പിൻവലിക്കണമെന്ന് കല്പിച്ചു. ഇല്ലെങ്കിലുണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ എണ്ണിപ്പറഞ്ഞ് താക്കീതും ചെയ്തു. കുഞ്ഞമ്മുക്ക വഴങ്ങിയില്ല. പറഞ്ഞത് മാറ്റിപ്പറയുന്നവനല്ല കുഞ്ഞമ്മു; നിങ്ങൾക്ക് എന്തുമാവാം" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

നിശ്ചയപ്രകാരം നിശ്ചിത തിയ്യതിക്കുതന്നെ പ്രസംഗത്തിനുള്ള ഒരുക്കങ്ങളായി. മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച്.എയും മൗലാനാ അബുൽവഫാ സാഹിബും അഹ്മദീ സഹോദരങ്ങളും കുഞ്ഞമ്മുക്കാന്റെ വീട്ടിന്റെ പൂമുഖത്ത് ഇരിക്കുന്നു. പ്രസംഗം ആരംഭിക്കുന്നതിന് ഏതാനും നിമിഷങ്ങൾക്ക് മുമ്പ് മുറിയക്കണ്ണിയിലെ ഇന്നത്തെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രസിഡണ്ടിന്റെ പിതാവും കൊന്നാരം സുന്നീ മഹല്ലിലെ കാരണവന്മാരിൽ ഒരാളും നാട്ടുമൂപ്പനുമായിരുന്ന ജ: മമ്മദ്ക്കാക്ക അവരുടെ മഹല്ലിന്റെ വിധി "ഇവിടെ തിരുവാഴാംകുന്നിൽ നിങ്ങളെ, ഖാദിയാനികളെ പ്രസംഗിക്കാൻ അനുവദിക്കുകയില്ല, പ്രസംഗിക്കാതിരിക്കുന്നതാണ് നിങ്ങൾക്ക് നല്ലത് പ്രസംഗിക്കുന്നപക്ഷം അത് ബലമായി തടയുന്നതിന് ഏർപ്പാട് ചെയ്തിട്ടുണ്ട്" എന്ന് അറിയിച്ചു. പ്രസംഗം ശ്രവിക്കാനായി എത്തിക്കൊണ്ടിരുന്ന ചില അഹ്മദീ സഹോദരീ സഹോദരന്മാർ ശത്രുക്കളുടെ സന്നാഹങ്ങൾ കാണാനും ഭീഷണിക്കിരയാകാനും ഇടയായി.

എന്ത് ത്യാഗം സഹിച്ചും പ്രസംഗം നടത്തണമെന്ന അഭിപ്രായം ചില അഹ്മദീ സഹോദരങ്ങൾക്കുണ്ടായിരുന്നു. പക്ഷെ, മൗലാനാ അബ്ദുല്ലാഹ് സാഹിബ് (റഹ്) പ്രസംഗം കേൾക്കേണ്ടവർക്ക് കേൾക്കണമെന്നില്ലാത്തതുകൊണ്ടും പ്രസംഗം നടത്തിയാൽ കുഴപ്പം ഉണ്ടാകുമെന്നുള്ളതുകൊണ്ടും പരിപാടി നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഉച്ചഭാഷിണിയിലൂടെ പ്രസംഗം നടത്തുന്നില്ലെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. അങ്ങനെ വലിയൊരു സംഘർഷാവസ്ഥ ഒഴിവായി.

നിസ്സഹായരും നിരാലംബരുമായ അഹ്മദികൾ നിരാശയോടെ നിറഞ്ഞ ക്ഷമയോടെ കുഞ്ഞമ്മുകാക്കയുടെ വീട്ടിന്റെ പടിയിറങ്ങി.

വാടകക്കെടുത്ത മൈക്കും ബാറ്ററിയും 14 കി.മീ. ദൂരത്തുള്ള മണ്ണാർക്കാട് തിരിച്ചെത്തിക്കണം. വാഹന സൗകര്യമില്ല. തലയിലേറ്റി നടന്നുതന്നെ പോകണം. വഴിക്കുവെച്ച് ബാറ്ററി തലയിൽനിന്ന് വീണുപൊട്ടി. ബാറ്ററി തലയിലേറ്റിയ ജ:കോരത്ത് അബ്ദുസാഹിബ് അതിന്റെ വില കൊടുക്കേണ്ടി വരുമല്ലോ, അതിന് വകയില്ലാത്ത താൻ ഇനി എന്ത് ചെയ്യും എന്നോർത്ത് അന്തംവിട്ട് നിന്നുപോയി. ബാറ്ററിയുടെ വില 45 രൂപ. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന എം.കെ. മുഹമ്മദ് സാഹിബ് (മണ്ണാർക്കാട്) കൊടുക്കാമെന്നേൽക്കുകയും അത് പിന്നീട് അദ്ദേഹം തവണകളായി കൊടുത്തുവീട്ടുകയും ചെയ്തു. പൊട്ടിയ ബാറ്ററി രണ്ടാമത് തലയിലേറ്റിയ ചെട്ടിയംതൊടി അബ്ദുസാഹിബിന്റെ ഷർട്ടും മുണ്ടും കണ്ടം തുണ്ടമായിപ്പോയി.

കാലചക്രം കറങ്ങിക്കൊണ്ടിരുന്നു. അഹ്മദിയ്യാ ജമാഅത്തിന് നാൾക്കുനാൾ പുരോഗതി ലഭിച്ചുകൊണ്ടിരുന്നു. അലനല്ലൂർ ജമാഅത്തിന് പള്ളിയും ഖബർസ്ഥാനും ഉണ്ടായി. മുറിയക്കണ്ണിയിൽ ജമാഅത്ത് സ്ഥാപിച്ചു. പള്ളിയും ഖബർസ്ഥാനും ഉണ്ടായി. ശത്രുമൂപ്പന്മാരുടെ മക്കളും മരുമക്കളും അനുജന്മാരും അളിയന്മാരും അഹ്മദികളായി.

മൗലാനാ അബ്ദുല്ലാഹ് സാഹിബ്(റഹ്)നേയും മൗലാനാ അബുൽവഫാ സാഹിബിനേയും ഇറക്കിവിട്ട സ്ഥലം ഇന്ന് അഹ്മദിയ്യാ ജമാഅത്തിന് വിലക്ക് വാങ്ങാനും പ്രസംഗവേദിയായിരുന്ന വീടിന്റെ പഴയ തറക്കു മുകളിൽതന്നെ ജമാഅത്തിന്റെ ഒരു തബ്‌ലീഗ് കേന്ദ്രം സ്ഥാപിക്കാനും അല്ലാഹു അവസരം ഒരുക്കിതന്നിരിക്കുന്നു. *അൽഹംദുലില്ലാഹ്.*

തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ (സത്യത്തെ) ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. എന്നാൽ സത്യനിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്. അഞ്ചുനേരവും തൗഹീദിന്റെ നാദമുയരുന്ന അല്ലാഹുവിന്റെ ഒരു ഭവനം ഇവിടെ ഉയർന്നുകാണാനുള്ള ഇവിടത്തെ അഹ്മദികളുടെ അഭിലാഷം പൂവണിയാൻ എല്ലാവരും ദുആ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

യാത്രാവിവരണം

# ജൽസാസാലാനാ എന്റെ ഓർമ്മകളിൽ

ഡോ. ഇ.കെ. മുഹമ്മദ്, കോഴിക്കോട്

ഒരു നീണ്ട തീവണ്ടിയാത്രയ്ക്കു ശേഷമാണ് ഖാദിയാനിൽ എത്തിയത്. ദിവസങ്ങൾ നീണ്ട യാത്ര. ക്ലേശകരമാണെങ്കിലും കൂട്ടുയാത്രക്കാരുമായി, ഖാദിയാനേയും, വാഗ്ദത്ത മസീഹ്(അ)നേയും, അദ്ദേഹത്തിന് നേരിടേണ്ടിവന്ന വെല്ലുവിളികളേയും, പകരം അല്ലാഹു അദ്ദേഹത്തിന് നൽകിയ ദൃഷ്ടാന്തങ്ങളേയും കുറിച്ച് പരസ്പരം അനുഭവങ്ങൾ കൈമാറി മുന്നോട്ടുപോയ ദിവസങ്ങൾ ആഹ്ലാദകരവും, വിജ്ഞാനപ്രദവുമായിരുന്നു. അന്ന് ജൽസയിൽ പങ്കെടുക്കാൻ നമ്മുടെ ബഹുമാന്യനായ ഡോ. മൻസൂർ അഹ്മദ് സാഹിബും ഉണ്ടായിരുന്നു. അദ്ദേഹം പല കാര്യങ്ങളും സംസാരിച്ചു. അദ്ദേഹത്തിന് ഉണ്ടായ പല അനുഭവങ്ങളും വിവരിച്ച് തന്നു. അവസാനമായി അദ്ദേഹം പറഞ്ഞത് കൂടാളിയിലെ ഫസ്ലെ ഉമർ സ്കൂളിന് ലഭിച്ച ഗവർമ്മെന്റിന്റെ അംഗീകാരമാണ്. ഇന്ന് അദ്ദേഹം നമ്മോടൊപ്പമില്ല. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും, മഗ്ഫിറത്തും നൽകുമാറാകട്ടെ. (ആമീൻ)

ഡൽഹിയിൽനിന്നും ഗോൾഡൻ ടെമ്പിൾ എക്സ്പ്രസ്സിൽ അമൃതസറിലെത്തി; അവിടെനിന്നും ലോക്കൽ ട്രെയിനിൽ ഖാദിയാനിലേക്കും.

ആ പുണ്യപുമാന്റെ ഓർമ്മകൾ മനസ്സിൽ തുടിക്കുകയായിരുന്നു. എവിടെയാണ് എത്തിപ്പെട്ടിരിക്കുന്നത്. മഹാനായ പ്രവാചകൻ(സ)ന്റെ പ്രവചന പൂർത്തീകരണമെന്നോണം അല്ലാഹുവിന്റെ അരുളപ്പാടിനാൽ അനുഗൃഹീതനായ മസീഹ് മൗഊദ്(അ) ന്റെ നാട്ടിൽ. ആ മഹാപുരുഷന്റെ പാദസ്പർശം ഏറ്റ മണ്ണിൽ. ആ പുണ്യപുമാൻ ഒരുപാട് ത്യാഗങ്ങളും, വേദനകളും ഏറ്റുവാങ്ങിയ നാട്. ഒടുവിൽ എല്ലാവിധ ദൃഷ്ടാന്തങ്ങളാലും, അല്ലാഹു വിജയം നൽകി അനുഗ്രഹിച്ച നാട്. ഇവിടെയാണ് ഞാൻ എത്തിപ്പെട്ടിരിക്കുന്നത്. ദാറുൽ അമാൻ അഥവാ സമാധാനഗേഹത്തിൽ. മനസ്സ് നിറയെ സന്തോഷം. റസൂൽ തിരുമേനി(സ)യുടെ സലാം മസീഹ്(അ)ന് എത്തിക്കണം. എല്ലാ മുസ്ലിംകൾക്കും ബാധകമായ ഒരു വസിയ്യത്ത്. ഈ വസീയ്യത്ത് അവഗണിക്കാൻ എനിക്കായില്ല. താമസിച്ച് പോയെങ്കിലും എനിക്കും അതിന് അവസരം വന്നിരിക്കുകയാണ്. (***അൽഹംദുലില്ലാഹ്***) ഇന്നും, അവിടെ പുരോഗതി കൈവന്നിട്ടില്ല. അല്പം ചില കെട്ടിടങ്ങളും, സ്ഥാപനങ്ങളും ഒഴിച്ചാൽ അവിടെ നൂറു വർഷങ്ങൾക്ക് മുമ്പുള്ള ചിത്രങ്ങൾതന്നെ. ഇന്ന് ലോകം മുഴുവൻ ചർച്ച ചെയ്യപ്പെടുന്ന ഈ മഹാത്മാവ് ഈ മണ്ണിലാണോ ജന്മംകൊണ്ടതെന്ന് സംശയിച്ചുപോകും. "നിന്റെ ശബ്ദം ലോകത്തിന്റെ കോണുകളോളം എത്തിക്കുമെന്ന്" വാഗ്ദാനം ചെയ്യുകയും, ആ വാഗ്ദാനം പൂർത്തിയാക്കുകയും, ചെയ്ത അല്ലാഹുവിന് ആയിരമായിരം സ്തുതികൾ. ബട്ടാല സ്റ്റേഷനിൽ എത്തിയപ്പോൾ വാഗ്ദത്ത മസീഹിന്റെ സഹപാഠിയും, പിന്നീട് കഠിനശത്രുവുമായിതീർന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെക്കുറിച്ച് ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. അന്നത്തെ സമൂഹത്തിൽ അറിയപ്പെടുന്ന പണ്ഡിതനായിരുന്നു അദ്ദേഹം; അബുൽഹിക്കം അബുജഹൽ ആയതുപോലെ. പ്രശസ്തിയുടെ ഉന്നതിയിൽ

---

*32-ാം പേജിൽ നിന്ന്*

ത്തിൽ ആത്മാർത്ഥതയുടെ നിലവാരം വളരെ ഉയർന്നതാണ്. അമീർ പുഞ്ചിരിയോടെ ഓരോ അഹ്മദിയേയും കാണുകയാണെങ്കിൽ വിചാരിച്ച കാര്യം നടന്നാലും ഇല്ലെങ്കിലും ആ പുഞ്ചിരിയിൽതന്നെ അവർ സന്തോഷിക്കുന്നതാണ്.

**ജമാഅത്തംഗങ്ങളുടെ ഉത്തരവാദിത്വം**

ഖലീഫയെ പരിപൂർണ്ണമായും അനുസരിക്കുന്നുവെന്ന് ആളുകൾ പറയാറുണ്ട്. എല്ലാ കല്പനകളും അംഗീകരിക്കാൻ തയ്യാറാണെന്നും പറയാറുണ്ട്. പക്ഷെ, ഇന്ന ഭാരവാഹിക്ക്, അമീറിന് ഇന്ന ന്യൂനതയുള്ളതുകൊണ്ട് അവരെ അനുസരിക്കാൻ പറ്റില്ലെന്നും പറയുന്നു. വ്യവസ്ഥിതിയിലെ എല്ലാ ഭാരവാഹികളേയും അനുസരിക്കുമ്പോഴാണ് വാസ്തവത്തിൽ ഖലീഫയെ അനുസരിക്കുന്നത്. അപ്പോൾ മാത്രമേ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവരായിത്തീരുകയുള്ളൂ.

**ക്ഷമിക്കൽ എങ്ങനെ?**

നബി(സ.അ) പറഞ്ഞു. "ആരെങ്കിലും തന്റെ അമീറിൽനിന്ന് വല്ലതും വെറുക്കേണ്ടതായി വന്നാൽ അവൻ ക്ഷമ കൈകൊള്ളട്ടെ. ഭരണമേധാവിയോടുള്ള അനുസരണത്തിൽനിന്ന് ഒരുചാൺ പുറത്തുപോയാൽ അനിസ്ലാമിക സ്വഭാവത്തോടെയാണ് മരണപ്പെട്ടുപോവുക."

ക്ഷമിക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അമീറിന്റെ എന്തെങ്കിലും ദോഷകരമായ കാര്യം കണ്ടാൽ മുഴുവൻ വ്യവസ്ഥിതിയേയും ധിക്കരിക്കുക എന്നതല്ല. നിസാമുമായി ചേർന്നുനിൽക്കണം. അക്കാര്യം പിന്നീട് ബന്ധപ്പെട്ടവരെ അറിയിക്കുക. അതിനുശേഷം ക്ഷമിക്കുക, ജമാഅത്തിൽനിന്ന് ബന്ധം വിച്ഛേദിക്കരുത്. ജമാഅത്തിൽനിന്നും ബന്ധം വിച്ഛേദിച്ചാൽ അത് ജഹാലത്തിന്റെ അഥവാ അവിശ്വാസത്തിന്റെ മരണമായിത്തീരും.

സഹിക്കാൻ കഴിയുകയില്ല അതുകൊണ്ടാണ് ഞങ്ങൾ ഒരുഭാഗത്ത് നീങ്ങിനിന്നതെന്നും നമസ്കാരത്തിനും ജുമുആയ്ക്കുതന്നെയും വരാത്തതെന്നും ആരാണോ പറയുന്നത് അവർ അവിശ്വാസത്തിന്റെ പ്രവർത്തനമാണ് നടത്തുന്നത്.

(*ഖുത്വുബ, 31.12.2004*) ●

കഴിഞ്ഞിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാല വിയുടെ ഖബറിടംപോലും ഇന്ന് കാണാനില്ല. അത് ബട്ടാല മുൻസിപ്പാലിറ്റിയുടെ ഓവുചാലുകളിൽ ഒന്നിൽ ഇല്ലാതായി. അന്ന് അദ്ദേഹം പറഞ്ഞ വാക്കുകൾ ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല; 'ഞാനാണ് നിന്നെ ഉയർത്തിയത്. ഞാൻ തന്നെ നിന്നെ താഴ്ത്തുകയും ചെയ്യും.' പക്ഷെ, എല്ലാം നോക്കിപാർത്തിരിക്കുന്ന റബ്ബ് ഇതിന് തക്കമറുപടി നൽകി. വളരെ അപമാനക രമായ വിധത്തിലാണ് പിന്നീട് അദ്ദേഹത്തിന്റെ ജീവി തവും, മരണവും സംഭവിച്ചത്. അല്ലാഹുവിന്റെ കലാ മിനെ ഉയർത്തിക്കാണിക്കുന്നവനായ ദാസനെ അല്ലാഹു ഒരിക്കലും നിന്ദിക്കുകയില്ല.

പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. “അല്ലാഹു മനുഷ്യരോട് ഒരു ദ്രോഹവും ചെയ്യുന്നില്ല തന്നെ. എന്നാൽ മനുഷ്യർതന്നെയാണ് തങ്ങളുടെ ആത്മാക്കളോട് ദ്രോഹം ചെയ്യുന്നത്.” (*അദ്ധ്യായം 11:45*) വീണ്ടും പറയുന്നു: അവർ നിന്നെ നിരാകരിക്കുന്ന പക്ഷം പറയുക. എനിക്ക് എന്റെ കർമ്മഫലമുണ്ട്. നിങ്ങൾക്ക് നിങ്ങളുടെ കർമ്മഫലവും. ഞാൻ പ്രവർ ത്തിക്കുന്നതിന് നിങ്ങൾ നിരുത്തരവാദികളാണ്. നിങ്ങൾ പ്രവർത്തിക്കുന്നതിന് ഞാനും നിരുത്തരവാ ദിയാണ്. (*11:42*) മനുഷ്യരിൽ അധികപേരും അനന്ത രഫലത്തെക്കുറിച്ച് ആലോചിക്കാതെ കേൾക്കുന്ന മാത്രയിൽ എല്ലാം തള്ളിക്കളയുന്നവരാണ്. പിന്നീട് അതിന്റെ ഫലം അവർ അനുഭവിക്കുകതന്നെ ചെയ്യു ന്നു. ഇവിടെ മുഹമ്മദ് ഹുസൈൻ ബട്ടാലവിയ്ക്കും സംഭവിച്ചത് അതുതന്നെയാണ്. ഇങ്ങനെ നേതാക്ക ന്മാരും മൂപ്പന്മാരുമായി ചമഞ്ഞ എത്രയെത്ര ആളുക ളാണ് കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് അപമാനി തരും, അപഹാസ്യരുമായി ലോകത്തിന്റെ മുമ്പിൽ സാക്ഷികളായത്. അല്ലാഹുവിന്റെ പദ്ധതികളെ പരാ ജയപ്പെടുത്തുന്നവർ ആരുണ്ട് ഈ ഭൂമിയിൽ. എന്നാൽ ഖാദിയാൻ ഇന്നും, അതിന്റെ പ്രതാപത്തോടെ നില കൊള്ളുന്നു. ആയിരക്കണക്കായ വിശ്വാസികൾ, സ്വർഗ്ഗീയ മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്ന മസീഹിന്നരികെ നിന്നുകൊണ്ട് ആ മഹാത്മാവിന് സലാം എത്തിക്കുകയും, ആ മഹാത്മാവിനും അദ്ദേഹത്തിന്റെ ഖലീഫമാർക്കും, കുടുംബാംഗങ്ങൾക്കും, വിശ്വാസി കൾക്കും വേണ്ടി ദുആ തേടുകയും ചെയ്യുന്നു. സലാം എത്തിക്കുക എന്നത് സാധാരണ നിലയിൽ സലാം പറയുക എന്നർത്ഥത്തിലല്ല. ഇവിടെ പൂർണ്ണമായ അനുസരണം ആണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇമാം മഹ്ദി വെളിപ്പെട്ടാൽ ഹിമത്തിൽകൂടി മുട്ടിന്മേൽ ഇഴഞ്ഞ് നീങ്ങേണ്ടിവന്നാലും അദ്ദേഹത്തിന് എന്റെ സലാം എത്തിക്കണമെന്നും ആർ എന്നെ അനുസരി ക്കുന്നുവോ, അയാൾ അല്ലാഹുവിനെ അനുസരിക്കു ന്നുവെന്നും ആർ എന്നെ ധിക്കരിക്കുന്നുവോ അയാൾ അല്ലാഹുവിനെ ധിക്കരിക്കുന്നുവെന്നും ഹദീസിൽ വന്നിരിക്കുന്നു.

മഞ്ഞുപ്രദേശം തന്നെയാണ് ഖാദിയാൻ. 1400 വർഷങ്ങൾക്കു മുമ്പ് തിരുനബി(സ) ചെയ്ത പ്രവ ചനം എത്രമാത്രം സത്യമാണെന്ന് അവിടെ സന്ദർശിക്കു ന്നവർക്ക് ബോധ്യമാകും. ചിലപ്പോൾ പരസ്പരം കാണാത്തവിധം മഞ്ഞ് മൂടിയിരിക്കും. കാലിന്റെ പെരു വിരൽ മുതൽ തണുത്ത് വിറങ്ങലിച്ച് പോകുന്ന മഞ്ഞി ലും, മനസ്സിന് ദൃഢവിശ്വാസത്തിന്റെ തീക്ഷ്ണത നൽകുന്ന റസൂൽ (സ)യുടെ പ്രവചനം നമ്മെ കോരി ത്തരിപ്പിക്കുന്നു. യാ റസൂലല്ലാ, അങ്ങയെ സ്വീകരി ക്കുകയും ആദരിക്കുകയും ചെയ്യുന്നുവെന്ന് അവകാശപ്പെടുന്നവർ അങ്ങയുടെ വസിയ്യത്തിനെ ധിക്കരിക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. എന്നാൽ ഹസ്റത്ത് അഹ്മദ്(അ)ന് ബയ്അത്ത് ചെയ്ത അഹ്മദികൾ ഓരോരുത്തരും സൂര്യനെ പ്പോലെ ഉദിച്ചുയരുന്ന അങ്ങയുടെ പ്രകാശത്തെയാണ് ഇവിടെ ദർശിക്കുന്നത്. അതിന് ഭാഗ്യമുള്ളവരാണ് അഹ്മദികൾ. (അൽഹംദുലില്ലാഹ്)

ഖാദിയാനിൽ എത്തുന്ന ആർക്കും ബോധ്യപ്പെടുന്ന കാര്യമാണ് അവിടെത്തെ ഒരുമയും, ഐക്യവും, സേവന സന്നദ്ധതയും. ഈ പ്രത്യേകതകൾ കാരണം മറ്റെല്ലാ അസൗകര്യങ്ങളും അവിടെ എത്തുന്നവർക്ക് പ്രശ്നമല്ലാതാകും. മനുഷ്യന്റെ എല്ലാ അഹങ്കാര ങ്ങളും അവിടെ അഴിച്ചുവയ്ക്കപ്പെടുന്നു. പരസ്പരം തുറന്നനിലയിലുള്ള സമീപനം. ആരും ആരോടും അധികാരഭാവത്തോടെ നിർദ്ദേശിക്കാറില്ല, നിർബന്ധി ക്കാറുമില്ല. ഓരോരുത്തരും കണ്ടറിഞ്ഞ് കാര്യങ്ങൾ ചെയ്യുന്നു. ഐക്യത്തോടെ വർത്തിക്കുന്നു. ജൽസ യിലേക്ക് പതിനായിരക്കണക്കിന് ആളുകളാണ് നാടിന് അകത്തുനിന്നും, പുറത്തുനിന്നും ഖാദിയാനിലേക്ക് വരുന്നത്. ഇവരെല്ലാം ദിവസങ്ങളോളം അവിടെ താമ സിക്കാനും ജൽസയിൽ പങ്കെടുക്കാനും എത്തുന്ന വരാണ്. ഇത്രയും പേർക്ക് താമസസൗകര്യം ഏർപ്പെ ടുത്തുക എളുപ്പമുള്ള കാര്യമല്ല. എങ്കിലും ആർക്കും പരാതിയോ പരിഭവമോ ഇല്ലാത്തതരത്തിൽ എല്ലാം നിർവഹിക്കപ്പെടുന്നു. അവിടെ താമസത്തിനായി വിവിധ ബ്ലോക്കുകളിലായി നൂറുകണക്കിന് മുറികൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ അധികവും, വിദ്യാർത്ഥിക ളുടെ താമസസൗകര്യത്തിന് ഏർപ്പാട് ചെയ്തതാണ്. ഇവയെല്ലാം ജൽസയ്ക്ക് വരുന്നവർക്ക് താമസിക്കാൻ വിട്ടുകൊടുക്കുന്നു. നൂറുകണക്കിന് ടെന്റുകളും തയ്യാ റാക്കാറുണ്ട്. ഞാൻ ഓർക്കുകയാണ്, അതിഥികൾക്ക് ഒരു നേരത്തെ ഭക്ഷണം കൊടുക്കാൻ മസീഹ് മൗഊ ദ്(അ)ന് അമ്മാജാന്റെ ആഭരണം പണയം വെക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇന്ന് ആയിരക്കണക്കിന്നാളുക ളാണ് മൂന്നുനേരവും അവിടെനിന്ന് സുഭിക്ഷമായി ഭക്ഷണം കഴുക്കുന്നത്. ഇത് അല്ലാഹുവിന്റെ ഖുദ്റത്ത് തന്നെയാണ്. യാതൊരു സംശയവുമില്ല. ലക്ഷക്കണ ക്കിന് രൂപയാണ് ഇതിനുവേണ്ടി ചെലവഴിക്കുന്നത്. ഇതെങ്ങനെ സാധിക്കുന്നു. അല്ലാഹുവിന്റെ ഖജാന കാലിയല്ല. അത് ഈ പ്രപഞ്ചത്തോളം അല്ലെങ്കിൽ അതിനെക്കാളേറെ സമ്പന്നമാണ്. ഓരോ അഹ്മദിയു ടെയും ജീവരക്തമാണ് ഇവിടെ ചിലവഴിക്കപ്പെടുന്ന ത്. വിശ്വാസങ്ങളിൽ നിന്നും അകന്നുപോകുന്ന മനു ഷ്യരെ അതിലേക്ക് ആകർഷിച്ച് കൊണ്ടുവരാനും അവരെ മൂല്യബോധമുള്ളവരും, മനുഷ്യത്വം ഉള്ള

# വഖ്ഫെ ജദീദ്: നവവത്സരവിളംബരം

സ്പെയിൻ: അമീറുൽമുഅ്മിനീൻ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു) 7.1.2005 -ന് സ്പെയിനിലെ ബശാറത്ത് മസ്ജിദിൽവെച്ച് ചെയ്ത ഖുത്ബയിൽ വഖ്ഫെ ജദീദിന്റെ നവവത്സര വിളംബരം നടത്തുകയുണ്ടായി.

സൂറത്തുൽ ബഖ്റയിലെ 266-ാം വചനം പാരായണം ചെയ്തുകൊണ്ട് സാമ്പത്തികത്യാഗങ്ങളെകൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ച് ഹുസൂർ വിശദീകരിക്കുകയുണ്ടായി. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ചെയ്യുന്ന ത്യാഗങ്ങൾ ഒരിക്കലും നിഷ്ഫലമായിപ്പോകുന്നതല്ല. തിരുനബി(സ) സാമ്പത്തികത്യാഗത്തിനുവേണ്ടി ആഹ്വാനം നടത്തുമ്പോൾ ദരിദ്രരായ സഹാബത്ത് അങ്ങാടിയിൽപോയി ജോലി ചെയ്ത് വേതനമായി കിട്ടുന്ന ധാന്യങ്ങളും മറ്റും ദൈവമാർഗ്ഗത്തിൽ നൽകിയിരുന്നു. അതിന്റെ ഫലമായി അവരിൽ ചിലർ ലക്ഷപ്രഭുക്കളായാണ് മരിച്ചത്.

ജമാഅത്തിൽ സമ്പന്നരാഷ്ട്രങ്ങളിൽ ഉള്ളവർ മാത്രമല്ല ദരിദ്രരാഷ്ട്രങ്ങളിൽ ഉള്ളവരും സാമ്പത്തികത്യാഗത്തിൽ ഏറെ മുന്നിൽതന്നെയാണ്. സ്ത്രീകളുടെ ത്യാഗമനസ്ഥിതി വിവരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു. സ്ത്രീകൾ സ്വന്തം ഇഷ്ടപ്പെട്ട് പറഞ്ഞുണ്ടാക്കുന്ന വിലപിടിച്ച ആഭരണങ്ങൾ നൽകുക എന്നത് വളരെ വിഷമമുള്ള കാര്യം തന്നെയാണ്. എന്നാൽ അഹ്മദിയ്യ സ്ത്രീകൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആഭരണങ്ങൾപോലും നൽകുന്ന ഉദാത്തമാതൃകയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

വഖ്ഫെ ജദീദിൽ തങ്ങളുടെ മക്കളേയും ഉൾപ്പെടുത്താൻ ശ്രമിക്കണമെന്ന് ഉമ്മമാരോട് ഹുസൂർ അപേക്ഷിക്കുകയുണ്ടായി. കുട്ടികളെ ചെറുപ്പത്തിൽതന്നെ ചന്ദ കൊടുക്കുന്നവരാക്കിത്തീർത്താൽ ആ ശീലം അവസാനംവരെ നിലനിൽക്കുന്നതാണെന്ന് മാത്രമല്ല ഇത് മാതാപിതാക്കളുടെ സദഖജാരിയ കൂടിയായിരിക്കും. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയസഹാബത്ത് ചെയ്ത സാമ്പത്തികത്യഗത്തിന്റെ മറക്കാനാവാത്ത ത്യാഗസ്മരണകൾ കേൾപ്പിച്ചുകൊണ്ട് ഹുസൂർ വഖ്ഫെജദീദിന്റെ പുതിയ വർഷത്തിന് തുടക്കം കുറിച്ചു. ഹുസൂർ പറഞ്ഞു: "വഖ്ഫെ ജദീദിന്റെ 47-ാം വർഷം ഡിസംബർ 31-ന് അവസാനിക്കുകയും ജനുവരി 1-ന് 48-ാം വർഷം ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

ഈ വർഷം മൊത്തം പിരിഞ്ഞുകിട്ടിയ തുക 19,76,000 പൗണ്ടാണ്. പിരിഞ്ഞുകിട്ടിയ തുകയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം അമേരിക്കയ്ക്കാണ്. (2) പാക്കിസ്ഥാൻ (3) ബ്രിട്ടൻ (4) ജർമ്മനി (5) കാനഡ (6) ഇന്ത്യ (7) ഇന്തോനേഷ്യ (8) ബെൽജിയം (9) സ്വിറ്റ്സർലാന്റ് (10) ആസ്ട്രിയ

2005-ലെ ഈ ആദ്യത്തെ ഖുത്ബയിൽ ഹുസൂർ ഈ പുതുവർഷം എല്ലാ രാഷ്ട്രങ്ങളിലേയും ജനങ്ങൾക്ക് എല്ലാ രീതിയിലും അനുഗ്രഹീതമാകട്ടെ എന്നാശംസിക്കുകയും ചെയ്തു. ●

---

വരുമാക്കി മാറ്റാനും ഖാദിയാൻ ഇന്ന് നമ്മെ സഹായിക്കുന്നു. ഖാദിയാനിലെ അഹ്മദിയ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും രോഗചികിത്സാ സംവിധാനങ്ങളും എന്നെ ആശ്ചര്യപ്പെടുത്തി. ഹോമിയോപ്പതി, അലോപ്പതി, ആയുർവേദം എല്ലാം ഇവിടെ വിലമതിക്കപ്പെടുന്നു.

സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങൾക്കും, ജാതിഭേദമന്യ മറ്റെല്ലാവർക്കും അവിടെ ലഭിക്കുന്ന ശ്രദ്ധയും, കാര്യക്ഷമമായ സേവനവും എടുത്തുപറയത്തക്കതാണ്. തികച്ചും സൗജന്യമാണ് ചികിത്സ. തകർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയ്ക്ക് മാതൃകാപരമായ വഴികാട്ടിയാണ് അഹ്മദിയ്യത്തിന്റെ സേവനം. മനുഷ്യസമൂഹത്തെ ഉദ്ധരിക്കാനാണ് അഹ്മദിയ്യാ ജമാഅത്ത് ആഗ്രഹിക്കുന്നത്. അനൈക്യത്തിന്റെയും, വിഘടനവാദത്തിന്റെയും മതമാത്സര്യത്തിന്റെയും ഇന്നത്തെ അന്തരീക്ഷത്തിൽ അവിടെ കൂടിയ ലോകത്തിന്റെ എല്ലാ കോണിലുമുള്ള ജനങ്ങളുടെ കണ്ഠങ്ങളിൽനിന്നും ലോകശാന്തിക്കായി ഒരേ സമയത്ത് ഇസ്ലാമിന്റെ ശാന്തിമന്ത്രം ഉയരുന്നത് വർത്തമാനകാലത്തിന്റെ പുണ്യമായി കാണേണ്ടിയിരിക്കുന്നു.

ഇവിടെ മൂന്നുദിവസം നീണ്ടുനിൽക്കുന്ന പരിപാടിയിൽ ഇന്ത്യയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമായി അനേകായിരം പേർ പങ്കെടുക്കുന്നു. അതിൽ നാനാജാതി മതസ്ഥർ, നേതാക്കന്മാർ, പണ്ഡിതന്മാർ, മന്ത്രിമാർ, രാജാക്കന്മാർ എന്നിവരും ഉൾപ്പെടുന്നു. എല്ലാവരും ഐക്യത്തോടെ അഹ്മദിയ്യത്തിന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കുന്നു. കഴിഞ്ഞ ജൽസയിൽ വി.എച്ച്.പിയുടെ സമുന്നതനായ ഒരു അഖിലേന്ത്യാ നേതാവ് പറഞ്ഞ വാക്കുകൾ എന്നെ ആശ്ചര്യപ്പെടുത്തി; 'ഇതാണ് ഇസ്ലാമെങ്കിൽ, ഞങ്ങൾ ഹിന്ദുക്കൾ ഈ ഇസ്ലാമിനെ രണ്ടു കൈയും നീട്ടി സ്വാഗതം ചെയ്യുന്നു.' ഇതിൽ ഒരുനിമിഷം ചിന്തിക്കേണ്ടതാണ്. ഇതാ ഇവിടെ അഹ്മദികൾ ഇസ്ലാമിക സേവനത്തിൽ രാപകൽ വ്യാപൃതരായി മുന്നോട്ടുമുന്നോട്ടു നീങ്ങുകയാണ്. അല്ലാഹു അവരിലൂടെ ഇസ്ലാമിന്റെ യശസ്സ് ഉയർത്തിയിരിക്കുന്നു.

●

## ദീനീ പരീക്ഷ 2005

**ജ:** സദർ സാഹിബ് മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് അയച്ച സർക്കുലർ പ്രകാരം മജ്‌ലിസ് അൻസാറുല്ലായുടെ 2005-ലെ ദീനീ പരീക്ഷ 17.7.2005-ന് നടത്തുന്നതാണ്. അതിന്റെ സിലബസ് ചുവടെ ചേർക്കുന്നു.

(1) വിശുദ്ധഖുർആൻ അർത്ഥസഹിതം സൂറത്തുൽ അൻആം 102-ാം ആയത്ത് മുതൽ അവസാനം വരെ (50 മാർക്ക്)

(2) അൽവസിയ്യത്ത് എന്ന ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥം പൂർണ്ണമായും (25 മാർക്ക്)

(3) ദീനീ മഅ്‌ലൂമാത്ത് കാ ബുൻയാദീ നിസാബ് എന്ന ഗ്രന്ഥത്തിന്റെ 104 മുതൽ 154 പേജുകൾവരെ. (25 മാർക്ക്)

എല്ലാ സഇൗമുമാരും ഈ സിലബസ്സനുസരിച്ച് പഠിപ്പിക്കാൻ മജ്‌ലിസുകളിൽ സംവിധാനം ഉണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു. ഈ വർഷത്തെ പരീക്ഷയിൽ എല്ലാവരേയും പങ്കെടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

*- നാസിം അൻസാറുല്ലാഹ് കേരള*

## ഗ്രന്ഥപാരായണം

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ഓരോ മാസവും പാരായണം ചെയ്യേണ്ടതാണ്. ഈ വർഷം പാരായണം ചെയ്യേണ്ട ഗ്രന്ഥങ്ങൾ ചുവടെ ചേർക്കുന്നു.

2005 ജനുവരി, ഫിബ്രവരി- ഇസ്‌ലാംമത തത്വജ്ഞാനം ആദ്യപകുതി;

മാർച്ച്, ഏപ്രിൽ- ഇസ്‌ലാംമത തത്വജ്ഞാനം അവസാനപകുതി;

മെയ്, ജൂൺ- യേശുമിശിഹ ഇന്ത്യയിൽ;

ജൂലായ്, ആഗസ്റ്റ്- അൽവസിയ്യത്ത്;

സപ്തംബർ, ഒക്ടോബർ- ഫത്ഹെ ഇസ്‌ലാം;

നവംബർ, ഡിസംബർ- പരമകാരുണികന്റെ വരദാനം.

## പ്രബന്ധമത്സരം

ഭാരതത്തിലെ അൻസാർ സഹോദരന്മാർക്കിടയിൽ എഴുത്തുകാരെ വാർത്തെടുക്കുന്നതിനായി കഴിഞ്ഞ വർഷം മുതൽ പ്രബന്ധമത്സരം നടത്തിവരുന്നുണ്ട്. ഈ വർഷം പ്രബന്ധമത്സരത്തിന്നായി തിരഞ്ഞെടുത്തിട്ടുള്ള വിഷയം "അൽവസിയ്യത്ത് പദ്ധതിയും നമ്മുടെ ഉത്തരവാദിത്വങ്ങളും" എന്നതാണ്. 5000 വാക്കുകളിൽ കുറയാതെ ഈ വിഷയത്തെക്കുറിച്ച് പ്രബന്ധം എഴുതി 2005 ആഗസ്റ്റ് 31-നുള്ളിൽ ഭാരത അൻസാറുല്ലാഹ് ഓഫീസിലേക്ക് അയച്ചിരിക്കേണ്ടതാണ്.

ഒന്നാം സമ്മാനം 1000/- രൂപ, രണ്ടാം സമ്മാനം 700/-രൂപ, മൂന്നാം സമ്മാനം- 500/-രൂപ.

ഈ പ്രബന്ധമത്സരത്തിൽ കഴിവുള്ള അൻസാർ അംഗങ്ങളെ പങ്കെടുപ്പിക്കണമെന്ന് സഇൗമുമാരോട് അപേക്ഷിക്കുന്നു.

*- പി.പി. നാസിറുദ്ദീൻ, സംസ്ഥാന നാസിം കേരള*

## പ്രവർത്തന രൂപരേഖയിൽ മാറ്റം

ബഹുമാന്യ സദർ സാഹിബ് മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് അയച്ച സർക്കുലറിൽ പറയുന്നു.

ഓരോ വർഷവും ഖാദിയാനിൽ നടക്കുന്ന വാർഷിക ഇജ്തിമാഅ് വേളയിൽ മികച്ച മജ്‌ലിസുകളെ തെരഞ്ഞെടുത്ത് അവർക്ക് സമ്മാനം നൽകാറുണ്ട്. ഈ തെരഞ്ഞെടുപ്പിന് ചില മാനദണ്ഡങ്ങൾ നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. 2005 മുതൽ അതിൽ ചില മാറ്റങ്ങൾ വരുത്തിയതായി അറിയിക്കുന്നു. ഓരോ പ്രവർത്തനത്തിനും കിട്ടുന്ന മാർക്ക് ഇതോടൊപ്പം കൊടുത്തിട്ടുണ്ട്. പ്രത്യേക സമ്മാനമായ 'മഹ്മൂദ് ട്രോഫി' നേടാൻ ഇതിന്റെ അടിസ്ഥാനത്തിൽ മജ്‌ലിസുകൾ പ്രവർത്തിക്കേണ്ടതാണ്. സഇൗമുമാർ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും റിപ്പോർട്ട് അയക്കുകയും ചെയ്യുക.

*- പി.പി. നാസിറുദ്ദീൻ, സംസ്ഥാന നാസിം കേരള*

മജ്‌ലിസ് അൻസാറുല്ലാ ഭാരത് 2005ലെ മജ്‌ലിസുകളുടെ സ്ഥാനനിർണ്ണയ കാര്യത്തിൽ വരുത്തിയ ചില മാറ്റങ്ങൾ, മാർക്ക് (ബ്രാക്കറ്റിൽ)

1. നടപ്പുവർഷം ചുരുങ്ങിയത് മജ്‌ലിസ് ആമിലയുടെ പത്ത് യോഗങ്ങൾ കൂടിയിരിക്കണം. (15);

2. വർഷത്തിൽ ചുരുങ്ങിയത് 9 മാസത്തെ പ്രവർത്തനറിപ്പോർട്ടെങ്കിലും ലഭിച്ചിരിക്കണം. അതിൽ ഏഴെണ്ണം കൃത്യസമയത്ത് അതായത് എല്ലാ മാസവും 10-ാം തിയ്യതിക്കുള്ളിൽ ഓഫീസിൽ ലഭിച്ചിരിക്കണം. (2004 നവംബർ, ഡിസംബർ അടക്കം) (20);

3. വാർഷികറിപ്പോർട്ട് ആഗസ്റ്റ് 25-നുള്ളിൽ ലഭിച്ചിരിക്കണം (10);

4. തജ്നീദ് ഫോറം, ബജറ്റ് ഫോറം എന്നിവ പൂരിപ്പിച്ച് ജനുവരി 31-നുള്ളിൽ ലഭിക്കത്തക്കവിധം അയക്കേണ്ടതാണ് (10);

5. മജ്‌ലിസിന്റെ ചന്ദ 100% പിരിഞ്ഞിരിക്കണം (10);

6. മജ്‌ലിസ് അൻസാറുല്ലാ ഓഫീസ് നിർമ്മാണകാര്യത്തിൽ നല്കപ്പെട്ട ടാർഗറ്റനുസരിച്ച് 100% പിരിഞ്ഞിരിക്കണം. (20);

7. 50% അൻസാറുകൾ പങ്കെടുത്തിട്ടുള്ള പത്ത് തർബിയ്യത്ത് യോഗങ്ങൾ നടന്നിരിക്കണം (10);

8. ചുരുങ്ങിയത് 40% മെമ്പർമാരെങ്കിലും ദാഇൗ ഇലല്ലാ ആയിരിക്കണം. ഒരോരുത്തരും ഒരാളെയെങ്കിലും തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കണം.(10);

9. വർഷത്തിൽ രണ്ട് തർബിയ്യത്ത് വാരം നടത്തിയിരിക്കണം (20);

10. മജ്‌ലിസിലെ 50% മെമ്പർമാരെങ്കിലും ദീനിപരീക്ഷയിൽ പങ്കെടുത്തിരിക്കണം (10);

11. മജ്‌ലിസിലെ 90% മെമ്പർമാരും തഹ്‌രീക് ജദീദിൽ അംഗങ്ങളാവണം (10);

12. മജ്‌ലിസിലെ 90% മെമ്പർമാർ വഖ്ഫെജദീദിൽ അംഗങ്ങളാവണം (10);

13. നടപ്പുവർഷം ചുരുങ്ങിയത് രണ്ട് പ്രാവശ്യം തബ്‌ലീഗ് ദിനം ആചരിക്കണം (10);

14. തബ്‌ലീഗ് കാസറ്റുകളോ, എം.ടി.എ പരിപാടികളോ അനഹ്മദി സഹോദരന്മാർക്ക് ചുരുങ്ങിയത് ആറുപ്രാവശ്യം കേൾപ്പിച്ചിരിക്കണം (10);

15. നടപ്പുവർഷം ചുരുങ്ങിയത് രണ്ട് സാമ്പത്തിക വാരം ആചരിക്കണം (ആദ്യവാരത്തിൽ ശറഹ് അനുസരിച്ച് ബജറ്റ് തയ്യാറാക്കുകയും, പിരിപ്പിക്കുകയും ചെയ്യുക. രണ്ടാംവാരത്തിൽ 100% പിരിപ്പിക്കുക) (20);

16. ഖുർആൻ നോക്കിഓതാൻ അറിയാത്ത അൻസാറുകളിൽ- 10% പേർക്കെങ്കിലും ഖുർആൻ പഠിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. (പ്രസ്തുത അൻസാറുകളുടെ പേര് വാർഷികറിപ്പോർട്ടിൽ ചേർത്തിരിക്കണം) (10);

17. വസിയ്യത്ത്ചെയ്യാത്ത അൻസാറുകളിൽ 10% പേരെയെങ്കിലും വസിയ്യത്തിൽ പങ്കാളികളാക്കുക. (അത്തരം അൻസാറുകളുടെ പേര് വാർഷിക റിപ്പോർട്ടിൽ ചേർത്തിരിക്കണം (10)

18. ***മറ്റുകാര്യങ്ങൾ*** (35)

1. അൻസാറുല്ലാ പ്രതിനിധി, ഇൻസ്പെക്ടർ ഇവരുമായി ചന്ദ പിരിപ്പിക്കുന്ന കാര്യത്തിൽ സഹകരിക്കുക. (2) പ്രാദേശിക പത്രങ്ങളിൽ മാനുഷിക മൂല്യങ്ങളെക്കുറിച്ചും, ഇസ്‌ലാമിക അദ്ധ്യാപനത്തെക്കുറിച്ചും ചുരുങ്ങിയത് നാല് ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക. (ലേഖനങ്ങളുടെ കോപ്പി സഹിതം അയച്ചിരിക്കണം) (3) നടപ്പുവർഷം തങ്ങളുടെ കഴിവനുസരിച്ച് ഒരു പുസ്തകമോ, ഫോൾഡറോ പ്രാദേശിക മജ്‌ലിസിന്റെ വകയായി പ്രസിദ്ധീകരിച്ചിരിക്കണം. പ്രസ്തുത പ്രസിദ്ധീകരണം വാർഷികറിപ്പോർട്ടിനോടൊപ്പം അയച്ചിരിക്കണം) (4) മജ്‌ലിസിലെ ആറുശതമാനമെങ്കിലും അൻസാർ വഖ്ഫെ ആർസി പദ്ധതിയിൽ ഭാഗവാക്കായിരിക്കണം. (5) വാർഷിക ഇജ്തിമായിൽ ചുരുങ്ങിയത് ഒരു നവഅഹ്മദിയെയെങ്കിലും കൊണ്ടുവന്നിരിക്കണം (6) പ്രാദേശിക മജ്‌ലിസിന്റെ വാർഷിക ഓഡിറ്റ് റിപ്പോർട്ട് കേന്ദ്രത്തിൽ അയച്ചിരിക്കണം. (7) 50 ശതമാനം അൻസാർ സ്ഥിരം നടക്കാൻ പോകുന്നവരായിരിക്കണം.

## അറിയിപ്പ്

കേരള സംസ്ഥാന മജ്‌ലിസ് അൻസാറുല്ലാ വർക്കിങ്ങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 2005 ജനുവരി മുതൽ സത്യമിത്രം ഇനി ദ്വൈമാസികയായി പ്രസിദ്ധീകരിക്കുന്നതാണ്. വാർഷിക വരിസംഖ്യ 60/- രൂപ. ഒറ്റപ്രതിക്ക് 10 രൂപ.

ജമാഅത്തുകളിലും, മജ്‌ലിസുകളിലും നടക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സത്യമിത്രത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. അതിനാൽ പ്രസിദ്ധീകരണയോഗ്യമായ റിപ്പോർട്ടുകൾ സത്യമിത്രത്തിലേക്ക് അയച്ചുതരുവാൻ താല്പര്യം. റിപ്പോർട്ടുകൾ ആധികാരികമായിരിക്കണം.

*- പി.പി. നാസിറുദ്ദീൻ സംസ്ഥാന നാസിം, കേരള*

## ഭൗതികവിദ്യാഭ്യാസത്തിന് ആത്മീയമായ ഊന്നൽനൽകുക

വിദ്യാഭ്യാസം എന്നത് കേവലം ഭൗതികതലത്തിൽ മാത്രമൊതുങ്ങാതെ ആത്മീയ, സാമൂഹിക മേഖലകളിൽകൂടി വ്യാപിക്കുന്ന ഒന്നാണെന്ന് സദറുദ്ദീൻ മാസ്റ്റർ (പഴയങ്ങാടി) അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ പൂർണ്ണത വിദ്യാർത്ഥിയിൽ മാത്രമൊതുങ്ങുന്നില്ല. രക്ഷിതാവിനും, അദ്ധ്യാപകനും അവരുടേതായ പങ്കുവഹിക്കാനുണ്ട്. വിദ്യാഭ്യാസം സൃഷ്ടിപരമായ പുനർനിർമ്മിതിയെയാണ് ഉന്നംവയ്ക്കേണ്ടത്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം വിദ്യാർത്ഥിയുടെ മനോഭാവം, താല്പര്യം, ശ്രദ്ധ എന്നീ ഘടകങ്ങളാണ്. ഈ ഘടകങ്ങളെ ത്വരിതപ്പെടുത്തുമ്പോഴാണ് വിദ്യാഭ്യാസത്തിന് അർത്ഥം നീതീകരിക്കപ്പെടുന്നത്. കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നടത്തിയ 'ആധുനിക വിദ്യാഭ്യാസം അഹ്മദിയ്യാ വീക്ഷണത്തിൽ' എന്ന സെമിനാറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിന്റെ അപചയത്തിന് പല കാരണങ്ങളുണ്ട്. വായനാശീലത്തിന്റെ കുറവ് അതിൽ പ്രധാനപ്പെട്ടതാണ്. മൂന്നാം ലോകരാജ്യങ്ങളിൽ തീപോലെ പടരുന്ന ക്രിക്കറ്റ് ജ്വരം വിദ്യാർത്ഥികളിലും വിപരീതമായ ഫലങ്ങൾ സൃഷ്ടിക്കുന്നു. അദ്ദേഹം തുടർന്നു പറഞ്ഞു. വിദ്യാർത്ഥിയുടെ പൂർണ്ണമായ സ്വഭാവസംസ്കരണത്തിനാണ് ഊന്നൽ നല്കേണ്ടതെന്ന് സെമിനാറിൽ തുടർന്ന് സംസാരിച്ച പ്രൊ. മുസഫർ അഹ്മദ് അഭിപ്രായപ്പെട്ടു. ആധുനിക സങ്കേതങ്ങൾ ശരിയായ രീതിയിൽ, ദൈവത്തിനും ധർമ്മത്തിനും നിരക്കുന്ന രീതിയിൽ ഉപയോഗിക്കുക എന്നത് കാലത്തിന്റെ കടമയാണ്. സെമിനാറിൽ കണ്ണൂർ ടൗൺ മജ്‌ലിസ് ഖായിദ് പി. ഉമർ അദ്ധ്യക്ഷത വഹിച്ചു. ടി. ഷാജിർ സ്വാഗതവും സി. റഫീഖ് നന്ദിയും പറഞ്ഞു.

*- സി.ആർ അഹ്മദ്*

# മനുഷ്യാവകാശങ്ങളും ജമാഅത്തെ ഇസ്‌ലാമിയും

**ക**ള്ളനെ പിടിക്കാൻ ഓടുന്നവരുടെ കൂട്ടത്തിൽ യഥാർത്ഥ കള്ളനും ഓടുന്ന അവസ്ഥയാണ്, ജമാഅത്തെ ഇസ്‌ലാമിയുടെ മനുഷ്യാവകാശ കാമ്പയിൻ അനുസ്മരിപ്പിച്ചത്. ഒരുവേള ആചാര്യവചസുകൾ മറക്കാനായിരിക്കും ജമാഅത്തെ ഇസ്‌ലാമി (ജ.ഇ.ഹി) കക്ഷിയുടെ കേരള ഘടകം ആഗ്രഹിച്ചിട്ടുണ്ടാവുക. മനുഷ്യനെ, മനുഷ്യനായി കാണാനുള്ള കണ്ണില്ലാത്തവർ, മനുഷ്യന് കിട്ടേണ്ട, വിശിഷ്യാ ന്യൂനപക്ഷങ്ങൾക്ക് കിട്ടേണ്ട അവകാശങ്ങളെക്കുറിച്ച് വിലപിക്കുകയാണ്. മുതലക്കണ്ണീരിന്റെ വകഭേദങ്ങൾ! ഈ സന്ദർഭത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകാചാര്യൻ മൗലവി അബുൽ അഅ്‌ലാ മൗദൂദിയുടെ വാക്കുകൾ ഒന്ന് അയവിറക്കാം.

### പൗരാവകാശങ്ങൾ നിഷേധിക്കണം

മുസ്‌ലിം രാജ്യത്ത് അമുസ്‌ലിമായി മാറുന്ന ആൾക്ക് ജീവിതംതന്നെ അനുവദനീയമല്ലെന്ന് മൗലവി മൗദൂദി സാഹിബ് പറയുന്നു. തന്റെ 'മുർത്തദ് കി സസാ ഇസ്‌ലാമീ ഖാനൂൻ മേം' എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു.

'അയാളെ തന്റെ എല്ലാ പൗരാവകാശങ്ങളും നഷ്ടപ്പെട്ട നിലയിൽ ജീവിക്കാൻ വിടുക. അല്ലെങ്കിൽ അയാളുടെ ജീവിതംതന്നെ അവസാനിപ്പിക്കുക. ഒന്നാമത്തെ രൂപം രണ്ടാമത്തെ രൂപത്തേക്കാളും കഠിനമായ ശിക്ഷയാണ്. എന്തെന്നാൽ അയാൾ '***ലായമൂത്തു ഫീഹാ വലാ യഹ്‌യാ***' (അതിൽ മരിക്കുകയുമില്ല, ജീവിക്കുകയുമില്ല) എന്ന അവസ്ഥയിൽ അകപ്പെടുകയെന്നതാണിതിന്നർത്ഥം. ആകയാൽ അയാളെ കൊലശിക്ഷയ്ക്ക് ഇരയാക്കി, അയാളുടേയും സൊസൈറ്റിയുടേയും മുന്നിലുള്ള വിപത്തിനെ തക്കസമയത്ത് ഇല്ലാതാക്കുകയായിരിക്കും നല്ലത്." (*പേജ്:51*)

ഇതുതന്നെയാണ് ഹിറ്റ്ലറും അനുവർത്തിച്ചത് എന്നുകൂടി ചേർത്ത്‌വായിച്ചാൽ ഉദാഹരണം കണ്ടെത്താനും പ്രയാസപ്പെടേണ്ടിവരില്ല.

### മതപ്രചാരണം തടയുക

മൗദൂദിയൻ വിഭാവനയിലുള്ള രാജ്യത്ത് മതപ്രചാരണം അനുവദനീയമല്ല. ഈ ചിന്താഗതിയുടെ ബലത്തിലാണ് 1952-ൽ മൗദൂദി സാഹിബ് അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം ആരംഭിച്ചത്. അദ്ദേഹം എഴുതുന്നു:

"ദാറുൽ ഇസ്‌ലാമിന്റെ അതിർത്തികൾക്കുള്ളിൽ ഇസ്‌ലാമിന്നെതിരെ മറ്റേതെങ്കിലും ആശയഘോഷണം ഉയരുന്നതും പരക്കുന്നതും പൊറുപ്പിക്കാവതല്ല. ഇസ്‌ലാം അതിന്റെ അധികാരാതിർത്തിക്കുള്ളിൽ കുഫ്‌റിന്റെ പ്രചാരണത്തിന് നേരെ സഹിഷ്ണുവായിരിക്കുന്നില്ല. (*മുർത്തദ് കി സസാ ഇസ്‌ലാമീ ഖാനൂൻ മേം, പേജ്:32*)

മൗദൂദിയൻ വീക്ഷണമുള്ള സ്റ്റാലിനും, ഹിറ്റ്ലറും അനുവർത്തിച്ചതും മറ്റൊന്നല്ലല്ലോ.

### ആശയപ്രചാരണം അനുവദനീയമല്ല

അമുസ്‌ലിംകൾക്ക് അമുസ്‌ലിംകൾക്കിടയിൽ പോലും ആശയപ്രചാരണം നടത്തുന്നത് മൗദൂദി സാഹിബിന് സഹിക്കാവുന്നതിലും അപ്പുറമാണ്. അദ്ദേഹത്തിന്റെ വാക്കുകൾതന്നെ ഉദ്ധരിക്കാം. "അസത്യത്തിലേക്ക് വിളിക്കുന്നവർ സ്വയം ചെല്ലുന്നത് ഏതൊരു തീയിലേക്കാണോ അതിലേക്ക് മറ്റുള്ളവരേയും പിടിച്ചുവലിക്കുന്നതിനുള്ള തുറന്ന ലൈസൻസ് അനുവദിക്കാൻ സാധിക്കുന്നതല്ല. (*മുർത്തദ് കി സസാ ഇസ്‌ലാമീ ഖാനൂൻ മേം, പേജ്:32*)

ആശയപ്രചാരണത്തെ സമർത്ഥമായി ആശയങ്ങൾ വെച്ച് നേരിടാൻ കഴിയാതെ വരുമ്പോൾ ഉയർത്തുന്ന ആക്രോശമെന്ന് മാത്രമേ ഇതിനെക്കുറിച്ച് പറയാൻ നിവൃത്തിയുള്ളൂ.

### ദൈവദൂഷകർക്കെതിരെ ജിഹാദ്

അമുസ്‌ലിം ഭരണാധിപന്മാരുടെ കയ്യിൽനിന്ന് ഭരണം പിടിച്ചടക്കണമെന്നതും മൗദൂദിയൻ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഉണ്ട്. ആചാര്യൻ പറയുന്നു: "മുന്നോട്ട് കുതിക്കുവിൻ, യുദ്ധം ചെയ്ത് ദൈവദൂഷകരുടെ കയ്യിൽനിന്ന് ഭരണാധികാരം പിടിച്ചുപറ്റുവിൻ. (*ഹഖീഖത്തെ ജിഹാദ്*)

### അയൽരാജ്യങ്ങളെ ആക്രമിക്കണം

മൗദൂദിയൻ രാഷ്ട്രം അയൽരാജ്യങ്ങളെ ആക്രമിക്കണമെന്നും മൗദൂദി സാഹിബ് അനുശാസിക്കുന്നു. "ആ ഭരണക്രമത്തെ നാനാഭാഗത്തും വികസിപ്പിക്കാൻ കഴിയുന്നവിധത്തിലെല്ലാം ശ്രമിക്കണം. ശക്തിയുണ്ടെങ്കിൽ യുദ്ധം ചെയ്ത് അമുസ്‌ലിം ഭരണങ്ങളെ നശിപ്പിച്ച് തൽസ്ഥാനത്ത് ഇസ്‌ലാമികഭരണം സ്ഥാപിക്കുകയും വേണ്ടതാണ്. (*ഹഖീഖത്തെ ജിഹാദ്, പേജ്:64*)

### അധികാരത്തിനുവേണ്ടി സായുധവിപ്ലവം

ഭൂരിപക്ഷം കൂടെ കിട്ടുമെന്ന് കണ്ടാൽ സായുധ വിപ്ലവം നടത്തി ഭരണകൂടത്തെ അട്ടമറിക്കാനും ആചാര്യവചനങ്ങൾ അനുയായികളോട് ഉദ്ഘോഷിക്കുന്നു. "പ്രായോഗികശ്രമം തുടങ്ങിയാൽ ഭൂരിപക്ഷം അവരോട് ചേരുമെന്ന വിശ്വാസം ഉണ്ടായിരിക്കുകയും ചെയ്യുന്നപക്ഷം തങ്ങളുടെ ശക്തി സംഘടിപ്പിച്ച് നാട്ടിൽ സായുധവിപ്ലവം നടത്തുകയും അധികാരം പിടിച്ചെടുക്കുകയും ചെയ്യാൻ സ്വാലിഹീങ്ങൾ അഥവാ സാത്വികരുടെ ജമാഅത്തിന് അവകാശമുണ്ടെന്ന് മാത്രമല്ല അങ്ങനെ ചെയ്യേണ്ടത് അവരുടെ മതപരമായ കടമ കൂടിയാകുന്നു." (*ഇസ്‌ലാമി റിയാസത്ത്, പേജ്:42*)

ഇത്രമാത്രം മനുഷ്യാവകാശങ്ങളെ നോക്കി കൊഞ്ഞനം കുത്തുന്ന ആചാര്യവചനാമൃതം മുന്നിൽ വെച്ചുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി മനുഷ്യാവകാശത്തിനുവേണ്ടി കോമരം തുള്ളുന്നതെന്ന യാഥാർത്ഥ്യം അണികളെങ്കിലും അധികം വൈകാതെ മനസ്സിലാക്കുമെന്ന് പ്രത്യാശിക്കാം.

●

## മജ്‌ലിസ് അൻസാറുല്ലാഹ്
## സംസ്ഥാന സമിതി
പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

**തിരുനബിയുടെ തിരുസന്നിധിയിൽ**

**ഭാവിയുടെ പുഞ്ചിരി**
*കവിതാസമാഹാരം*

*കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക:*

**മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതി**
**അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഫോർട്ട് റോഡ്, കണ്ണൂർ – 1**

മൗലാനാ മുനീർ അഹ്‌മദ് സാഹിബ് ഖാദീം
(എഡിറ്റർ, ബദ്ർ വീക്കിലി, സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)
എഴുതിയ
**'ഇന്ത്യയുടെ സ്വാതന്ത്ര്യവും അഹ്‌മദിയ്യാ ജമാഅത്തും'**
എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ ഖണ്ഡശഃയായി
'സത്യമിത്ര'ത്തിൽ പ്രതീക്ഷിക്കുക

## വിശ്വാസവും ജീവിതവും

# വിശുദ്ധഖുർആനിൽ

log on to www.therealholyquran.com

## വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളെ വിശദീകരിക്കുന്ന ഉത്തമ ഗ്രന്ഥം

വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രാഷ്ട്രീയ നേതാക്കന്മാർ, മതപണ്ഡിതന്മാർ തുടങ്ങി, ജീവിതത്തിന്റെ വിവിധ തുറകളിലുള്ള എല്ലാവർക്കും വേണ്ടിയുള്ള ഗ്രന്ഥം. മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഗ്രന്ഥം. മതവിദ്വേഷത്തിന്റെ അഗ്നിജ്വാലയിൽ നിന്നും വിമുക്തി നൽകുന്ന ഗ്രന്ഥം. എല്ലാ അദ്ധ്യായങ്ങളും യുക്തിസഹജമായ രീതിയിൽ ശാസ്ത്രീയബോധത്തോടെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ ലളിതമായ ഭാഷയിൽ വിശുദ്ധഖുർആൻ മൂലവാക്യങ്ങൾ സഹിതം തയ്യാറാക്കപ്പെട്ട ഗ്രന്ഥം.

**ആദ്യഭാഗം ഇരുപത് അദ്ധ്യായങ്ങൾ**
**435 പേജുകൾ**
**വില 75 രൂപ**


*പുസ്തകം തപാലിൽ ലഭിക്കുവാൻ ബന്ധപ്പെടുക :*

**Islam International Publications**
**Ahmadiyya Muslim State Committee**
**G.H. Road, Kozhikode- 1**

**വായിക്കുക പ്രചരിപ്പിക്കുക**
*കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:*
**email: webmaster@therealquran.com**